# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്




THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII As. 2 No. 235

13th March 1950

സിനിമാപംക്തി

# എം. വി. രാജമ്മ

കന്നടം, തെലുങ്ക്, തമിഴ് എന്നീ ഭിന്ന ഭാഷകളിലെ ചലച്ചിത്രങ്ങളിലെ അഭിനയങ്ങളിൽക്കൂടി സിനിമാപ്രേമികൾക്ക സുവിദിതയായിത്തീർന്നിട്ടുള്ള ഒരു പ്രശസ്തതാരമത്രെ ശ്രീമതി എം. വി. രാജമ്മ. ഈയിടെ റിലീസായ ബാലാജി പിക്ചേഴ്സിൻെറ "ലൈലാമജ്നു" വിലെ അഭിനയം രാജമ്മയുടെ വിജയത്തിനു മുടിചൂടിക്കുകയും ചെയ്തിട്ടുണ്ട്. ആകർഷണീയമായ ആകാരസൌഷ്ഠവം, ഭിന്നഭാവങ്ങളോടുകൂടിയ കഥാപാത്രങ്ങളെ തന്മയത്വമായി പ്രതിനിധീകരിക്കുന്നതിനുള്ള അന്യാദൃശമായ ശ്രുണി, സംഗീതമാധുരി എന്നിവയത്രെ അവരുടെ അത്ഭുതകരമായ വിജയത്തിൻെറ നിഗൂഢരഹസ്യങ്ങൾ. നിരവധി ചലച്ചിത്രങ്ങളിൽ അഭിനയിച്ച് പ്രേക്ഷകരുടെ അഭിനന്ദനവും പ്രശംസയും സമ്പാദിച്ചിട്ടുള്ള അവരുടെ കലാജീവിതത്തിലേക്ക ഒന്ന തിരിഞ്ഞുനോക്കുന്നതു രസാവഹമായിരിക്കും.

൧൯൨൦-മാർച്ചുമാസത്തിൽ മൈസൂരിൽ ഒരു ദരിദ്രകുടുംബത്തിൽ നഞ്ചപ്പാ എന്ന സാധുകർഷകൻെറ പുത്രിയായി രാജമ്മ ജനിച്ചു. രാജമ്മയുടെ ജനനത്തിനുശേഷം ആ കൃഷീവലകുടുംബം ബാംഗളൂരിലേക്ക താമസം മാററി. വിദ്യാഭ്യാസം നിർവഹിച്ചുകൊണ്ടിരുന്നപ്പോൾത്തന്നെ രാജമ്മ സ്കൂളിലെ നാടകാഭിനയങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നു. സംഗീതത്തിൽ അസാധാരണമായ അഭിരുചി പ്രദർശിപ്പിച്ചിരുന്നതിനാൽ അവരുടെ അദ്ധ്യാപകനായിരുന്ന സുബ്ബറാവു സ്വന്തം ശിഷ്യയ്ക്കുവേണ്ട ശിക്ഷണം നൽകി. സാമ്പത്തികമായി വലിയ സൗകര്യങ്ങളില്ലാത്തതിനാൽ തേഡ്ഫാറം ജയിച്ചതിനുശേഷം രാജമ്മ പഠിത്തം ഉപേക്ഷിച്ചു. പതിനാലാമത്തെ വയസ്സിൽ അവർ വിവാഹിതയായിത്തീരുകയും ചെയ്തു. മൈസൂരിൽ ശ്രീ ശകുന്തള നാടകമണ്ഡലിയിൽ ഒരു നടനായിരുന്ന വീരപ്പായായിരുന്നു അവരുടെ ഭർത്താവായിത്തീർന്നതു്. വിവാഹത്തിനു ശേഷമുണ്ടായ ഗാർഹികകലഹത്താൽ ആ ദമ്പതികൾ മദ്രാസിലേക്ക താമസം മാററി. അക്കാലത്താണ് "ദേവീ ഫിലിം" കമ്പനിക്കാർ "സംസാരനൌക" എന്ന ചലച്ചിത്രം നിർമ്മിക്കുവാൻ ആരംഭിച്ചതു്. ആ ചിത്രത്തിലെ നായികയുടെ ഭാഗം അഭിനയിക്കുന്നതിനു തെരഞ്ഞെടുത്തതു് രാജമ്മയെയായിരുന്നു. പ്രഥമചിത്രത്തിൽതന്നെ ആ നടി സ്തുത്യർഹമായവിധം അഭിനയിച്ചു. രാജമ്മയുടെ കലാപരമായ കഴിവുകൾ ബോദ്ധ്യമായതോടുകൂടി മുഹമ്മദുബീർ എന്നൊരു നാടകക്കമ്പനി മാനേജർ അയാളുടെ കമ്പനിയിൽ രാജമ്മയെ പ്രതിമാസം ൨൦൦ രൂപാ ശമ്പളത്തിൽ ഒരു സ്ഥിരം നടിയായി സ്വീകരിച്ചു. "ഗൗതമബുദ്ധൻ" "ഷാജഹാൻ" "സദാരം", "പ്രേമലീല" ശാകുന്തളം തുടങ്ങിയ അനവധി നാടകങ്ങളിൽ രാജമ്മ അഭിനയിച്ചു പേരും പെരുമയും ആർജിച്ചു. ൧൯൩൬-ൽ ജയാഫിലിംസ് കമ്പനിക്കാരുടെ "കൃഷ്ണാജരാസന്ധാ" എന്ന തെലുങ്കുചിത്രത്തിൽ "രുഗ്മിണി"യോടുകൂടി രാജമ്മ അഭിനയിച്ചു. തുടർന്ന "യയാതി" എന്ന തമിഴ് ചിത്രത്തിൽ പ്രത്യക്ഷപ്പെട്ടു. പി. യു. ചിന്നപ്പായായിരുന്നു ആ ചിത്രത്തിൽ നായകൻെറ ഭാഗം അഭിനയിച്ചിരുന്നതു്. യയാതിക്കുശേഷം ഉത്തമപുത്രൻ, ഗൃഹസ്ഥാവിൻപെൺ, തുടങ്ങിയ ചിത്രങ്ങളിലെ അഭിനയത്തോടുകൂടി തെൻഇന്ത്യൻനടികളിൽ ഒട്ടും അപ്രധാനമല്ലാത്ത നിലയിൽ എത്തിച്ചേരുന്നതിനു രാജമ്മയ്ക്കു കഴിഞ്ഞു. അതിനുശേഷമത്രെ "അനന്തശയനം" "മദനകാമരാജൻ" പ്രഹ്ലാദ (കന്നട) തുടങ്ങിയ ചിത്രങ്ങളിൽ അവർ അഭിനയിച്ചതു്. ൧൯൪൩-ൽ ശ്രീ വിജയഫിലിംസ് എന്നൊരു സ്വന്തകമ്പനിതന്നെ ആരംഭിച്ച് "രാധാരമണ" എന്നൊരു ചിത്രം അവർ നിർമ്മിച്ചു. കന്നടനാട്ടിൽ ഈ ചിത്രത്തിന് വൻപിച്ച സ്വീകരണമാണ് ലഭിച്ചതു്. ചിത്രത്തിൻെറ അഭൂതപൂർവമായ വിജയത്തോടുകൂടി രാജമ്മയ്ക്കു നിരവധി പ്രശംസാപത്രങ്ങളും അനുമോദനസന്ദേശങ്ങളും ലഭിച്ചു. സാമ്പത്തികമായി അവരുടെ നിലയും ഉയർന്നു. തുടർന്ന് "മായാലോകം" "യോഗിവേമന" "അർദ്ധനാരി" "ജ്ഞാനസൌന്ദരി" "ഭോജ" "കലാവതി" "വേലക്കാരി" തുടങ്ങിയ അനവധി ചിത്രങ്ങളിൽ വിജയകരമായി അഭിനയിച്ചു. "കരികാലൻ" "പാരിജാതം" തുടങ്ങിയ ഏതാനും പുതിയ ചിത്രങ്ങളിൽ രാജമ്മ ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നു.

രാജമ്മയുടെ സ്വകാര്യജീവിതത്തിലേക്ക കടന്നാൽ ഇതരസിനിമാനടികളുടെ സ്വഭാവത്തിനു വിപരീതമായ പല വൈശിഷ്ട്യങ്ങളും ദർശിക്കുവാൻ കഴിയും. ഏററവും നിർദ്ധനാവസ്ഥയിൽനിന്നാണ് ഇന്നത്തെ നിലയിലേക്ക് ഉയർന്നുവന്നിട്ടുള്ളതെന്ന യാഥാർത്ഥ്യം അവർ വിസ്മരിച്ചിട്ടില്ല. ആരോടും അഹങ്കാരിയായിട്ടോ ഗർവോടുകൂടിയോ സംസാരിക്കാറുമില്ല. തൻെറ സന്ദർശകരുടെ വലിപ്പച്ചെറുപ്പം നോക്കാതെ അവരെ ഹാർദ്ദമായി സ്വീകരിക്കുകയും ഉപചരിക്കുകയും ചെയ്യാറുണ്ട്. സാധാരണ താരങ്ങളിൽ കാണാറുള്ള വൈകല്യങ്ങളിൽനിന്ന് അവർ തികച്ചും സ്വാതന്ത്ര്യയുമാണ്. കലാപരമായ ജീവിതത്തിൽ രാജമ്മയ്ക്കു് അനുക്രമമായ അഭിവൃദ്ധിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നതു്. അവരുടെ അഭിനയകുശലതയ്ക്കു് കാലചക്രത്തിൻെറ തിരിച്ചിലിൽപെട്ട് വാട്ടമോ കോട്ടമോ തട്ടിയിട്ടുമില്ല. മുപ്പതുവയസ്സ് പ്രായമായെങ്കിലും സർവസൗഭാഗ്യയായ ഈ അനുഗൃഹീത കലാകർത്രിയിൽനിന്ന് ദക്ഷിണേന്ത്യൻ ചലച്ചിത്രലോകത്തിന് വിലയേറിയ പല സൌകര്യങ്ങളും ഇനിയും പ്രതീക്ഷിക്കാവുന്നതാണ്.

—o—

## വാർത്തകൾ

—o—

നല്ലതങ്കനിർമ്മിച്ച കെ. ആൻഡ് കെ. പ്രൊഡക്ഷൻസ്സുകാർ മലയാളത്തിൽ ഒരു സാമൂഹ്യചിത്രം അടുത്തതായി നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ട്.

* * * *

സിററാഡൽഫിലിം കോർപ്പറേഷൻ ഒരു മലയാളചലച്ചിത്രം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തു കഴിഞ്ഞിരിക്കുന്നു.

* * * *

ഗോപാലകൃഷ്ണാഫിലിംസ്സുകാർ "വേലക്കാരൻ" "വിജയകുമാർ" എന്നു രണ്ടു മലയാളചിത്രങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചിരിക്കുന്നു. ഈ ചിത്രങ്ങളുടെ തമിഴ് പതിപ്പുകളും അവർ തയ്യാറാക്കുന്നതാണ്.

* * * *

ജയഭാരത് പിക്ചേഴ്സും രേവതി പിക്ചേഴ്സും കൂടിച്ചേർന്ന "കേരളകേസരി" എന്നൊരു മലയാളചലച്ചിത്രത്തിൻെറ സംവിധാനം ആരംഭിച്ചിരിക്കുന്നു.

* * * *

തിക്കുറിശ്ശി സുകുമാരൻനായർ, വൈക്കം മണി, ഓമല്ലൂർ ചെല്ലമ്മ തുടങ്ങിയവർ അഭിനയിച്ചിട്ടുള്ള "സ്ത്രീ"യുടെ പ്രദർശനം ഉടനെ ആരംഭിക്കുന്നതാണ്

* * * *

പ്രശസ്തനർത്തകികളായ ലളിതയും പത്മിനിയും മൈലാപ്പൂരിൽ ഒരു മനോഹരസൌധം നിർമ്മിച്ച് അതിൽ താമസം തുടങ്ങിയിരിക്കുന്നു.

* * * *

ഹൈദ്രബാദ്, പഞ്ചാബ്, മദ്ധ്യപ്രദേശം എന്നീസ്ഥലങ്ങളിലെ ഗവമെൻറുകൾ സിനിമാശാലകളിൽ പുകവലി നിരോധിച്ചുകൊണ്ട് നിയമങ്ങൾ പാസ്സാക്കിയിരിക്കുന്നു.

* * *

മലേതിപിക്ചേഴ്സ്, ൨൨൦൦൦-രൂപായുടെ നഷ്ടപരിഹാരം കെട്ടണമെന്നുകാണിച്ച് പ്രസിദ്ധ സിനിമാനടിയായ ഭാനുമതിയുടെപേരിൽ മദ്രാസ്കോടതിയിൽ ഫയൽചെയ്തിരുന്ന കേസ് രാജിയായിരിക്കുന്നു.

* * *

വി. എൻ. ജാനകി, എം. ജി. രാമചന്ദ്രൻ ചക്രപാണി, പുളിമൂട്ടു രാമസ്വാമി തുടങ്ങിയ പ്രബലനക്ഷത്രങ്ങൾ അഭിനയിച്ചിട്ടുള്ള "മരുതനാട്ട് ഇളവരശി" എന്ന തമിഴ്ചിത്രം സെൻസർചെയ്തുകഴിഞ്ഞിരിക്കുന്നു.

* * *

അയ്യർ പ്രൊഡക്ഷൻസിൻെറ "പ്രേമ" എന്ന ചിത്രത്തിൻെറ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. പെരിയനായകി, മംഗളം, രാജകാന്തം എന്നിവരാണ് ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നതു്.

* * *

മുസ്ലീംനൃത്യകല അഭ്യസിക്കുന്നതിന് അസൂരി എന്ന പ്രസിദ്ധ നർത്തകി പാക്കിസ്ഥാനിലേയ്ക്കുപോയിരിക്കുന്നു.

* * *

പ്രസിദ്ധ ഹിന്ദി ചലച്ചിത്രനടിയായ മധുബാല സ്വന്തമായി ചലച്ചിത്രങ്ങൾ നിർമ്മിക്കാൻ തുടങ്ങിയിരിക്കുന്നു. "വർദേശ്" "കിസാൻകിഗാ്യ്" എന്നിവയായിരിക്കും അവർ ആദ്യം നിർമ്മിക്കുന്ന ചിത്രങ്ങൾ.

* * *

"അനസ്യാറീല്യ" എന്നൊരു നവീനചിത്രത്തിൽ അഭിനയിക്കുന്നതിന് കാനൻദേവി കരാർ ചെയ്തുകഴിഞ്ഞു.

* * *

ഡയറക്ടർ കിഷോർശർമ്മ നിർമ്മിച്ചുകൊണ്ടിരിക്കുന്ന "ബീബി" എന്ന ചിത്രം മിക്കവാറും പൂർത്തിയായിട്ടുണ്ട്. വീണയും അൽനസീറുമാണ് ഈ ചിത്രത്തിൽ പ്രധാനഭാഗങ്ങളിൽ അഭിനയിക്കുന്നതു്.

* * *

പ്രസിദ്ധഗായികയായിരുന്ന സൈഗാളിൻെറ ജീവിതത്തെ ആസ്പദമാക്കി ഒരു ചിത്രം നിർമ്മിക്കുന്നതിന് ബോംബെയിലെ രഞ്ജിററ് സ്റ്റുഡിയോക്കാർ തീരുമാനിച്ചിരിക്കുന്നു.

* * *

ഡയറക്ടർ മെഹ്ബൂബും നർഗ്ഗീസുമായുണ്ടായ അഭിപ്രായവൈരുദ്ധ്യങ്ങളാൽ "അനിൽ" എന്ന ഹിന്ദിച്ചിത്രത്തിലെ അഭിനയത്തിൽനിന്നു നർഗ്ഗീസ് വിരമിച്ചിരിക്കുന്നു.

* * *

സുപ്രസിദ്ധ ഫ്രഞ്ച് സിനിമാനടിയായ "കോറിൻ" ൨൮-ാമത്തെവയസ്സിൽ പാരീസിൽ വെച്ച് മരണമടഞ്ഞിരിക്കുന്നു.

—o—

ചലച്ചിത്രനിരൂപണം:

## ലൈലാമജ്നു

—o—

ടി. ആർ. മഹാലിംഗം, എം. വി. രാജമ്മ, വി. എൻ. ജാനകി, ലളിതാ പത്മിനി, സഹസ്രനാമം, കൃഷ്ണൻ മധുരം, കെ. പി. കാമാക്ഷി, ആർ. ബാലസുബ്രഹ്മണ്യം തുടങ്ങിയ തെൻഇന്ത്യൻ ചലച്ചിത്രവിഹായസ്സിലെ തെളിമയേറിയ താരങ്ങൾ ഒന്നുചേർന്ന് അഭിനയിച്ചിട്ടുള്ളതും ഡയറക്ടർ നാഗൂർസംവിധാനം ചെയ്തതുമായ ബാലാജിപിക്ചേഴ്സിൻെറ "ലൈലാമജ്നു" അത്ഭുതപൂർവമായ ഒരു വിജയം തന്നെയാണ്. കഥാംശത്തിൻെറ ആകർഷണീയത, നടീനടന്മാരുടെ വികാരപ്രധാനമായ അഭിനയം, ഡയറക്ടരുടെ ബുദ്ധിപൂർവമായ സംവിധാനം എന്നിവയത്രെ ഈ ചിത്രത്തിൻെറ വിജയത്തിന് വഴിതെളിയിച്ചിട്ടുള്ളതും. ബാലാജിയുടെ ലൈലാമജ്നുവിന് സിനിമാപ്രേമികൾ ഹൃദ്യമായ സ്വീകരണം നൽകുമെന്നുള്ളതിന് സംശയമില്ല.

ഉർദ്ദുസാഹിത്യത്തിലെ പ്രഖ്യാതിനേടിയിട്ടുള്ള ഒരു പ്രേമകാവ്യമത്രെ ലൈലാമജ്നു. സുന്ദരിയും സർദാറിൻെറ വാത്സല്യഭാജനവുമായിരുന്ന ലൈല അമീർ അമ്രിയുടെ പുത്രനും കോമളകളേബരനുമായ കയസ്സിനെ (മജ്നു) നിഷ്കളങ്കം സ്നേഹിക്കുന്നു. ലൈലയുടെ പിതാവ് മകളുടെ പ്രേമത്തിന് ഒരു വിലങ്ങുതടിയായിത്തീരുന്നു. പിതാവിൻെറ ഹൃദയശൂന്യതകൊണ്ട് അവർ സ്വന്തം കമുകനുമായി വേർപിരിയേണ്ടിവരുന്നു. മണലാരണ്യത്തനു് അപ്പുറം വിദൂരമായ ഇറാക്കിലെ ഒരു അന്തപുരത്തിനുള്ളിൽ അവൾ കാമുകദർശനം ലഭിക്കാതെ നാരകീയജീവിതം നയിക്കുന്നു. ലൈലയുടെ ദർശനം പോലും നിഷേധിക്കപ്പെട്ടതിനെ തുടർന്ന് മജ്നു ഒരു ഉന്മത്തനായി ഭവിക്കുന്നു. ഭയങ്കരമായ ദുരിതങ്ങളെ അവഗണിച്ചും മജ്നു ലൈലയെ ദർശിക്കുന്നതിന് സാഹസങ്ങൾ പ്രവർത്തിക്കുന്നു. അഭിലാഷങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന ആ യുവമിഥുനങ്ങൾ അന്ത്യനിമിഷത്തിൽ ഒന്നുചേരുന്നു. മരണം അവരുടെ ശരീരങ്ങളെ വേർപിരിക്കുന്നെങ്കിലും അവരുടെ ആത്മാവ് പിരിക്കപ്പെടാത്ത അനശ്വരവും ദിവ്യവുമായ പ്രേമബന്ധത്തിൽ വിലയം പ്രാപിക്കുന്നു. അങ്ങിനെ നൈരാശ്യത്തിലും പരാജയത്തിലും മാത്രം അനുഭവങ്ങളുള്ള അവരുടെ ജീവിതം മരണത്തിൽമാത്രം തങ്ങളുടെ ലക്ഷ്യം കണ്ടെത്തുന്നു. ഇതാത്ര കഥയുടെ രത്നച്ചുരുക്കം.

ശ്രീമതി എം. വി. രാജമ്മയും ടി. ആർ. മഹാലിംഗവും യഥാക്രമം, ലൈല, കയസ്സ് (മജ്നു) എന്നീഭാഗങ്ങളിൽ ഹൃദയസ്പൃക്കായവിധം അഭിനയിച്ചിട്ടുണ്ട്. ശോകമധുരമായ ഗാനങ്ങൾ ശ്രുതിമധുരമായി രാജമ്മ ആലപിക്കുമ്പോൾമനുഷ്യരായിട്ടുള്ളവരുടെഹൃദയം അതുകേട്ടാൽ ചലിക്കാതിരിക്കുകയില്ല. തൻെറ ഹൃദയേശ്വരൻ പിച്ചച്ചുട്ടിയുംമന്തി പ്രേമഭിക്ഷയാചിക്കുന്നസന്ദർഭത്തിലും അയാൾ കുസൃതിക്കുട്ടകളായ ആളുകളുടെ കല്ലേറുകൊണ്ട് തലപൊട്ടി തെരുവിൽ അലയുന്നതുകാണുമ്പോഴും സ്വന്തം ഭർത്താവായിത്തീർന്ന പേർഷ്യൻരാജാവിനോട് അവൾ അയാളെ സ്നേഹിക്കുന്നില്ലെന്നു തുറന്നു പറയുന്ന രംഗത്തിലും രാജമ്മ പ്രകടിപ്പിക്കുന്ന അഭിനയവൈദഗ്ദ്ധ്യം അത്ഭുതാവഹമായിട്ടുണ്ട്. സ്തോഭപ്രകടനങ്ങളും ഭാവഹാവങ്ങളും ഹൃദയത്തിൻെറ തേങ്ങലുകളും സജീവമായി ആവിഷ്കരിക്കുന്നതിനു ആ നടിക്കുള്ള കഴിവ് ഒന്നു വേറെതന്നെയാണ്. അന്ത്യനിമിഷത്തിൽ തൻെറ കാമുകനെ വിദൂരതയിൽ ദർശിക്കുമ്പോൾ അവർ അഭിനയിക്കുന്ന രംഗം കാണികളുടെ കരൾ അലിയിപ്പിക്കുകയും കണ്ണുനീർ ചൊരിയിപ്പിക്കുകയും ചെയ്യും. അഭിനയവിദഗ്ദ്ധനായ ടി. ആർ. മഹാലിംഗത്തെക്കുറിച്ച് വിശേഷാൽ പ്രസ്താവിക്കേണ്ട ആവശ്യമില്ല. പ്രാണേശ്വരിയുടെവിയോഗവ്യഥ ദുർവഹമായിത്തീർന്നതോടുകൂടി ഭ്രാന്തനായിതീർന്ന മജ്നു "ലൈലാ! ലൈലാ!" എന്നു വിളിച്ചുകൊണ്ടു തെരുവിൽ അലഞ്ഞുതിരിയുമ്പോഴും മജ്നുവും സർദാറുമായി ലൈലയുടെ വിവാഹത്തെക്കുറിച്ചു ചർച്ചചെയ്യുന്ന രംഗത്തിലും ഒടുവിൽ മണലാരണ്യത്തിൽവച്ച് കാമുകിയുടെപ്രേതത്തെ തഴുകിതാലോലിച്ചിട്ടു ആത്മനിർവൃതി അടയുന്ന രംഗത്തിലും മഹാലിംഗം ഏററവും വികാരോത്തേജകമായവിധം അഭിനയിച്ച് വിജയം വരിച്ചിട്ടുണ്ട്. സർദാറിൻെറ ഭാഗം അഭിനയിച്ചിരിക്കുന്ന ആർ. ബാലസുബ്രഹ്മണ്യം കഥാപാത്രത്തിൻെറ സ്വഭാവത്തിനു അനുയോജ്യമായവിധം അഭിനയിച്ചിട്ടുണ്ട്.

അൻവർ എൻ. എസ്. കൃഷ്ണൻ) മൌലവി സാഹിബ് (കെ. പി. കാമാക്ഷി) ജരീന (വി. എൻ. ജാനകി) നൂർജഹാൻ (ടി. എ. മധുരം) എന്നീ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന നടീനടന്മാരും അവരവരുടെ ഭാഗങ്ങൾ സ്തുത്യർഹമായി അഭിനയിച്ചിട്ടുണ്ട്. ചിത്രത്തിൽ ഉൾപ്പെടുത്തിക്കാണുന്ന ലളിതാപത്മിനിമാരുടെ നൃത്യരംഗങ്ങൾ ആകർഷണീയമായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. സാധാരണ തമിഴ് ചിത്രങ്ങളിൽ കാണുന്ന രീതിയിലുള്ള ഹാസ്യരംഗങ്ങളൊന്നും ഈ ചിത്രത്തിൽ കടന്നുകൂടിയിട്ടില്ല. പക്ഷെ അസ്ഥാനത്തു് ചിലയവസരങ്ങളിൽ ഗാനങ്ങൾ തിരുകിച്ചേർക്കാതിരുന്നെങ്കിൽ അതു കൂടുതൽ അഭിലഷണീയമായിത്തീരുമായിരുന്നു. അർദ്ധരാത്രി സമയത്തു ലൈലാ സൗഗൃഹത്തിൽനിന്നു വെളിയിൽവന്ന് കാമുകനെ രഹസ്യമായി സന്ദർശിക്കുമ്പോൾ പാടുന്നതു എത്ര അനുചിതമാണ? അതുപോലെതന്നെ അന്തഃപുരത്തിനകത്തിരുന്നുകൊണ്ട പ്രണയവിരഹത്തിൻെറ വേദനയെക്കുറിച്ചു വിലപിക്കുന്ന ഗാനങ്ങളും അസ്ഥാനസ്ഥിതങ്ങളാണ്. ലൈലയും മജ്നുവും തമ്മിൽ സമാഗമമുണ്ടാകുമ്പോൾ കാമുകൻ കാമുകിയുടെ സാരി ബലമായി വലിച്ചിഴച്ചിട്ട് മാറിലെ കുചങ്ങളെ വിജൃംഭിപ്പിച്ചു കാണിപ്പിക്കുന്ന രംഗവും ഉപേക്ഷിക്കാമായിരുന്നു.

ശോകപൂർണ്ണമായ പശ്ചാത്തലത്തിൽ ചുരുക്കം ചില വാക്കുകൾകൊണ്ടും സൂചനകൊണ്ടും സംഭവങ്ങൾ ചിത്രീകരിക്കുന്നതിൽ ഡയറക്ടർ നാഗൂർ വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിട്ടുണ്ട്. കണ്ണും കരളും കവർന്നുകൊണ്ട കഥാഗതി നീങ്ങുന്നതു് നാമറിയാത്ത രീതിയിലാണ്. ചിത്രത്തിൻെറ സംവിധാനം നിർവഹിച്ചിരിക്കുന്നതും ഫോട്ടോഗ്രഫി, സൌണ്ട റിക്കാർഡിങ്ങ് പശ്ചാത്തലസംഗീതം, സീനറി മേക്കപ്പ്, ഇവയെല്ലാം തൃപ്തികരമായ രീതിയിൽ നിർവഹിക്കപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ സാങ്കേതികവും കലാപരവുമായ എല്ലാ ശാഖകളിലും ഈ ചിത്രം സ്തുത്യർഹമായവിധം വിജയംവരിച്ചിട്ടുണ്ടെന്ന് നിഷ്പക്ഷബുദ്ധികൾ അഭിപ്രായപ്പെടുക തന്നെചെയ്യും. ഇപ്രകാരമുള്ള ഒരു ഉൽകൃഷ്ടചിത്രം ആയിരക്കണക്കിന് പ്രേക്ഷകരെ ആകർഷിക്കുന്നതിലും അത്ഭുതത്തിന് അവകാശമില്ല.

—o—

## അറിയിപ്പ്

പ്രസിദ്ധീകരണത്തിനയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, ചിത്രങ്ങൾ മുതലായവയും അഭിപ്രായത്തിനുള്ള പുസ്തകങ്ങളും പത്രാധിപർ, മലയാളരാജ്യം ആഴ്ചപ്പതിപ്പ്, കൊല്ലം എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്. ആഫീസുദ്യോഗസ്ഥന്മാരുടെ സ്വകാര്യമേൽവിലാസത്തിൽ അയയ്ക്കുന്ന ലേഖനങ്ങൾ തുടങ്ങിയവ ഗൗനിക്കപ്പെടാതിരിക്കാനിടയുണ്ട്. പണസംബന്ധമായുംമററുമുള്ള കത്തുകൾ മാനേജരുടെ മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്. ലേഖനങ്ങൾ കടലാസിൻെറ ഒരുഭാഗത്തുമാത്രം വ്യക്തമായി മഷിയിൽ എഴുതേണ്ടതാകുന്നു, ലേഖനങ്ങൾ തിരിച്ചു ആവശ്യമുള്ളവർ അതിലേക്കുള്ള സ്റ്റാമ്പുംകൂടി അയച്ചിരിക്കണം.

മാനേജർ,
മലയാളരാജ്യം, കൊല്ലം.

## വിഷയവിവരം


| | | പേജ്. |
|---|---|---|
| 1. | സിനിമാപംക്തി | 2 |
| 2. | ശരത്ബാബു — ജി. എസ്. ഭാർഗ്ഗവ | 3 |
| 3. | ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി കെ. രാമവാര്യർ | 4 |
| 4. | മരച്ചീനിക്കൃഷി — എൻ. പത്മനാഭപിള്ള | ,, |
| 5. | വിനോദപംക്തി | ,, |
| 6. | തോററിരുന്നാൽ (ചെറുകഥ) — സരസ്വതി | 5 |
| 7. | സാഹിത്യവിദ്യ നിരൂപണം — എം. ജി. | 6 |
| 8. | കൊച്ചമ്മചമയൽ — പി. കെ. രാജരാജവർമ്മ | 7 |
| 9. | ചിത്രങ്ങൾ — ഫോർട്ട് സെൻറ് ജാർജ്ജ്മ്യൂസിയം — കെ. ആർ. വിജയരാഘവൻ | 8 9 |
| 10. | ബാലസാഹിത്യം — മേക്കുന്നത്ത് കുഞ്ഞികൃഷ്ണൻനായർ | 10 |
| 11. | "ഹൈഡ്രജൻബോംബും അതിൻെറ പ്രവർത്തനവും" (ശാസ്ത്രപംക്തി) — വി. ഗോപാലസ്വാമി ബി. എസ്സ്സി. | 11 |
| 12. | പൂക്കൾ (സസ്യവിഹാരം) — ആർ. മാധവൻനായർ | 12 |
| 13. | മനോരമ — മിസ്സിസ് ചെല്ലം പി. നായർ | 13 |
| 14. | ഇൻഡോചൈനയിലെ സമരം — കേണൽ ആർ. നരേന്ദ്രനാഥ് | 14 |
| 15. | കഴിഞ്ഞിട്ടില്ല (കവിത) — ഡി. ശ്രീമാൻ നമ്പൂതിരി | ,, |
| 16. | നവഭാവന (കവിത) — ടി. എൻ. ആർ. വർമ്മ, ബനാറീസ് | ,, |
| 17. | ഗ്രന്ഥവിചാരം | 15 |
| 18. | ഹിന്ദുസ്ഥാനിലേയും പാകിസ്ഥാനിലേയും വ്യവസായനില — മംഗലം ചക്രപാണി | 16 |
| 19. | കാലിവാർത്ത—പി. ഡി. കരുണാകരൻ | ,, |

മുഖചിത്രം—മദ്രാസ് കടപ്പുറം.

# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ കുംഭം ൩൦-ാംനു- തിങ്കളാഴ്ച | 13th March 1950. | ലക്കം ൨൩൫


# ശരത്ബാബു

ജി. എസ്. ഭാർഗ്ഗവ

"ക്വിററ് ഇന്ത്യ" പ്രക്ഷോഭണത്തിനുശേഷം ആദ്യമായി കൂടിയ എ. ഐ. സി. സി. യിൽ സംബന്ധിക്കുന്നതിനായി ൧൯൪൫ സെപ്തംബറിൽ ശരത്ബാബു ബോംബെയിൽ വന്നു. പത്രപ്രതിനിധികളുടെ ഒരു സമ്മേളനത്തിൽവച്ച് റായിട്ടർ വാർത്താവിതരണഏജൻസിയുടെ പ്രധാനിയായ മി. കോം "സുഭാഷിന്റെ ജ്യേഷ്ഠൻ" എന്നാണ് അദ്ദേഹത്തെ പരിചയപ്പെടുത്തിയതു്. മരിക്കുന്നതുവരെ ശരത്ബാബു "സുഭാഷിന്റെ ജ്യേഷ്ഠ"നായിതന്നെ വർത്തിച്ചു. സംഭവബഹുലവും, ധീരവും ആയിരുന്ന തന്റെ ജീവിതത്തിന്റെ ശോകാത്മകത്വത്തിനു കാരണവും അതുതന്നെയായിരുന്നു. "സുഭാഷിന്റെ ജ്യേഷ്ഠ"നായിമാത്രം കഴിയാതെ, സ്വന്തമായ പ്രാമാണ്യം നേടുന്നതിനു മുമ്പായി ഒരു വീരൻ നമ്മുടെ കൂട്ടത്തിൽനിന്ന് അപഹരിക്കപ്പെട്ടല്ലോ എന്നോർത്താണ്, അദ്ദേഹത്തിന്റെ ചരമത്തിൽ നാം ദുഃഖിക്കേണ്ടതു. സുഭാഷിന്റെ പ്രാമാണ്യത്തെയും, ഗാംഭീര്യത്തെയും അതിലംഘിക്കുക ക്ഷിപ്രസാദ്ധ്യമല്ല; അദ്ദേഹത്തിന്റെ 'ജ്യേഷ്ഠൻ'പോലും അതെളുപ്പമല്ല. എങ്കിലും പത്തുവർഷംകൂടി അദ്ദേഹത്തിനു ലഭിച്ചിരുന്നെങ്കിൽ, പരിവർത്തനാത്മകമായ അടുത്ത പത്തുവർഷംകൂടി അദ്ദേഹത്തിനു ലഭിച്ചിരുന്നെങ്കിൽ, അദ്ദേഹം തീർച്ചയായും സ്വന്തമായ ഒരു ആസ്തിത്വം കരസ്ഥമാക്കുമായിരുന്നു.

കട്ടക്കിലെ പ്രശസ്തഅഭിഭാഷകനായിരുന്ന ജാനകീനാഥബോസിന്റെ ആറുപുത്രന്മാരിൽ മൂന്നാമനായി ൧൮൮൯-ൽ ജനിച്ച ശരത് (സുഭാഷ് ഇദ്ദേഹത്തിന്റെ നേരെ ഇളയ അനുജനായിരുന്നു) കട്ടക്കിലും, കൽക്കട്ടയിലും, ലണ്ടനിലും പ്രശസ്തമായ വിദ്യാഭ്യാസജീവിതമാണു നയിച്ചതു്; നല്ല ധനസ്ഥിതിയുണ്ടായിരുന്ന ഒരു കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിനു ഒരിക്കലും ജീവിതക്ലേശം അനുഭവിക്കേണ്ടിവന്നിട്ടില്ല. കൽക്കട്ട യൂണിവേഴ്സിററിയിൽനിന്നു എം. എ. ഡിഗ്രിയും നിയമബിരുദം സമ്പാദിച്ചശേഷം അദ്ദേഹം ഒരു വർഷത്തോളം കട്ടക്കിൽ അഭിഭാഷകവൃത്തിയിലേർപ്പെട്ടുകഴിഞ്ഞു. തുടർന്നു അദ്ദേഹം ബാരിസ്റ്റർപരീക്ഷയ്ക്കു പഠിക്കുവാനായി ഇംഗ്ലണ്ടിലേക്കു പോയി. ഇരുപത്തിനാലാമത്തെ വയസ്സിൽ അദ്ദേഹം ബാരിസ്റ്റർ ആകുകയും കൽക്കട്ടയിൽ പ്രാക്ടീസ് തുടങ്ങുകയുംചെയ്തു. വളരെ വേഗത്തിൽ അദ്ദേഹത്തിന്റെ പ്രാക്ടീസ് വർദ്ധിക്കുകയും കൽക്കട്ടയിലെ അഭിഭാഷകപ്രമാണികളിൽ ഒരാളായി തീരുകയുംചെയ്തു.

കേംബ്രിഡ്ജിൽനിന്നുവന്നപാടെ രാഷ്ട്രീയപ്രവർത്തനങ്ങളിലേയ്ക്കു് സുഭാഷ്ബോസ്, തകൃതിയായി കടന്നുകൊണ്ടിരുന്നപ്പോഴും, ശരത്ബോസ്സാകട്ടെ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കാതെ, ധാരാളം പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. അന്നത്തെ ഈ പ്രവർത്തനമായിരിക്കണം, പ്രശ്നങ്ങളെ നേരിടുന്നതിനുള്ള പരിചയം അദ്ദേഹത്തിനു നേടിക്കൊടുത്തതു്. ൧൯൨൪-ൽ സി. ആർ. ദാസ് കൽക്കട്ടയിലെ മേയറായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, ശരത് ആൾഡർമാനായിത്തീർന്നു. ഇടയ്ക്കു് നിരന്തരമായി തടവിൽ പോകേണ്ടിവന്നെങ്കിലും, ഈ സ്ഥാനം അദ്ദേഹം എട്ടുകൊല്ലം തുടർച്ചയായി വഹിച്ചു. ൧൯൨൮-ൽ കൽക്കട്ടയിൽവച്ചു നടന്ന കാൺഗ്രസ് സ്വീകരണസംഘത്തിന്റെ ഖജാൻജി ശരത്ചന്ദ്രനും, വാളണ്ടിയർസംഘത്തിന്റെ ജി. ഓ. സി. യുവാവായ സുഭാഷും ആയിരുന്നു.

അക്കാലത്തു് പ്രാമാണ്യത്തിലിരുന്ന സ്വരാജ്പാർട്ടിയുടെ പരിപാടി അനുസരിച്ചു് ൧൯൨൬-ലെ തെരഞ്ഞെടുപ്പിൽ ശരത്ചന്ദ്രബോസ് മത്സരിക്കുകയും, വൻപിച്ച ഭൂരിപക്ഷത്തോടെ പ്രവിശ്യാ അസംബ്ലിയിലേയ്ക്കു് അദ്ദേഹം തെരഞ്ഞെടുക്കപ്പെടുകയുംചെയ്തു. ൧൯൩൦-ൽ നടന്ന സിവിലാജ്ഞാലംഘനകാലത്തു് ശരത്ബോസിനെ ബന്ധിക്കുകയുണ്ടായില്ല. സുഭാഷിനെ ഇതുസംബന്ധിച്ചു് ജയിലിലടച്ചു. പുറമെയ്ക്കുമാത്രമാണെങ്കിലും, ശരത്ബോസ് പ്രസ്ഥാനത്തിൽനിന്നു് ഒഴിഞ്ഞുനിന്നു. അധികാരിവർഗ്ഗമാകട്ടെ, അദ്ദേഹത്തെ തടവിൽവയ്ക്കുവാൻ ഒഴിവുകഴിവുപ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. "ശരത്" തീക്ഷ്ണബുദ്ധിയായ അഭിഭാഷകനാണെന്നും, അവസരം നോക്കിപ്രവർത്തിക്കുകയാണ് ചെയ്യുന്നതെന്നും അവർക്കറിയാമായിരുന്നു. അതിനാൽ, ൧൮൧൮-ലെ മൂന്നാംറഗുലേഷൻപ്രകാരം അധികാരികൾ ൧൯൩൨-ൽ ശരത്ബാബുവിനെ പെട്ടെന്ന് തടങ്കലിൽവച്ചു. മററുനിയമങ്ങളനുസരിച്ച് അദ്ദേഹത്തെ പിടികൂടുവാൻ അവർക്ക് നിവൃത്തിയില്ലായിരുന്നു. അന്ന് ബംഗാളിൽ പ്രചാരത്തിലിരുന്ന ഭീകരപ്രസ്ഥാനത്തിൽ, അദ്ദേഹത്തിന് പങ്കുണ്ടെന്നായിരുന്നു അധികാരികൾ കാരണം പറഞ്ഞിരുന്നതു്. അധികാരികളുടെ അഭിമാനത്തിനു സംഭവിച്ച വ്രണമാണ് യഥാർത്ഥ കാരണം. സി. ആർ. ദാസ് ആരംഭിച്ച "ഫാർവേഡ്" എന്ന ഇംഗ്ലീഷ്പത്രത്തിന്റെ മാനേജിംഗ്ഡയറക്ടരായിരുന്നു ശരത്. സുഭാഷായിരുന്നു മാനേജർ. ൧൯൨൬-ൽ ഈസ്റ്റിന്ത്യൻറെയിൽവേയിൽ ഉണ്ടായ ഒരു "അപകട"ത്തിന്റെ ഫലമായി വളരെപ്പേർ മരിച്ചു. ഈ "അപകട"ത്തിന്റെ ഉള്ളുകള്ളികൾ വെളിപ്പെടുത്തിക്കൊണ്ടുള്ള ഒരു റിപ്പോർട്ട് ശരത്ബാബുവിന്റെ ഫാർവേർഡ് പ്രസിദ്ധപ്പെടുത്തി. റെയിൽവേയിലെ അധികാരികളുടെ സംയമത്തെ ഇതു് ശുണ്ഠിപിടിപ്പിച്ചു. ഫാർവേർഡിൽനിന്ന് രണ്ടുലക്ഷം രൂപാ നഷ്ടം കിട്ടണമെന്നുകാണിച്ച് അവർ അന്യായം കൊടുക്കുകയും, ഒടുവിൽ കേസ് അവർ ജയിക്കുകയും ചെയ്തു. എന്നാൽ ഒററരാത്രികൊണ്ട് ഫാർവേർഡിന്റെയും, പ്രസ്തുത പത്രത്തിന്റെ അന്യരാജ്യങ്ങളിലുള്ള ആഫീസുകളുടെയും പേര് ന്യൂഫാർവേർഡ് എന്നു മാററപ്പെട്ടു. പത്രം പഴയതുതന്നെയാണെന്നും, അതിന്റെ പേരിൽ അല്പംമാററം വരുത്തുകമാത്രമേ ചെയ്തിട്ടുള്ളുവെന്നും പണം കൊടുക്കാതെ കഴിക്കാൻവേണ്ടിയാണ് അപ്രകാരം ചെയ്തിട്ടുള്ളതെന്നും റെയിൽവേ കമ്പനി വാദിച്ചതിന്റെ ഫലമായി ന്യൂഫാർവേർഡിന്റെ പേരിൽനിന്ന് തുക ഈടാക്കുവാനുള്ള ഒരു പുതിയവിധി അവർക്കു ലഭിച്ചു. എന്നാൽ അത്രപെട്ടെന്ന് തോല്പിക്കപ്പെടുവാൻ കഴിയുന്ന ഒരാളായിരുന്നില്ല ശരത്. ന്യൂഫാർവേർഡിന്റെപേര് ലിബർട്ടി എന്നു മാററപ്പെട്ടു. റെയിൽവേകമ്പനി നിസ്സഹായരായിത്തീർന്നു. ഈ പ്രാവശ്യം ഒന്നുംചെയ്യുവാൻ അവർക്കു കഴിഞ്ഞില്ല. തൽഫലമായി ൧൮൧൮-ലെ ബംഗാൾ റഗുലേഷനനുസരിച്ച് ശരത്ബാബു തടങ്കൽപുള്ളിയായി. മൂന്നരക്കൊല്ലം അദ്ദേഹം ജയിലിലായിരുന്നു. ൧൯൩൫ ഒടുവിലാണ് അദ്ദേഹത്തെ മോചിപ്പിച്ചതു്.



൧൯൩൪-ൽ കാൺഗ്രസ്സ് വീണ്ടും പാർലമെന്ററിപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ തയ്യാറായി. കൽക്കട്ട പൊതുനിയോജകമണ്ഡലത്തിൽനിന്ന് കേന്ദ്രഅസ്സംബ്ളിയിലേയ്ക്കുള്ള സ്ഥാനാർത്ഥിയായി കാൺഗ്രസ്സ്, ശരത്ബോസിനെ നിർത്തി. തടങ്കലിലായിരുന്നെങ്കിലും, വലിയ ഭൂരിപക്ഷത്തോടെ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ അധികാരികൾ അദ്ദേഹത്തെ മോചിപ്പിക്കുവാൻ വിസമ്മതിച്ചു. അദ്ദേഹത്തെ തടങ്കലിൽതന്നെ പാർപ്പിക്കുകയും, അസ്സംബ്ളിയോഗങ്ങളിൽ പങ്കെടുക്കുവാൻ അനുവദിക്കാതിരിക്കുകയുംചെയ്തു. അന്നു്, മുസ്ലിംലീഗ്പാർട്ടിയുടെ നേതാവ് മി. ജിന്നയായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട ഒരാളിനെ സഭാനടപടികളിൽ പങ്കെടുക്കുവാൻ അനുവദിക്കാത്തതിനെ അദ്ദേഹംപോലും ശക്തിയായി അധിക്ഷേപിക്കുകയുണ്ടായി.

കാൺഗ്രസ്സ് പങ്കെടുത്ത ൧൯൩൭-ലെ ഇന്ത്യാആക്ട് പ്രകാരമുള്ള തെരഞ്ഞെടുപ്പിന് നിശ്ചിതക്കവിധം ൧൯൩൭-ൽ ശരത്തിനെ മോചിപ്പിച്ചു. പ്രവിശ്യയിലെ അസ്സംബ്ളിയിൽ, അദ്ദേഹം പ്രതിപക്ഷനേതാവായിരുന്നു. ഫസ്ലുൽഹക്ക്മന്ത്രിസഭയ്ക്കു് അദ്ദേഹം ഒരു കീറാമുട്ടിയായിരുന്നു. ഇതിനിടയിൽ കാൺഗ്രസ്സ് നേതൃത്വവുമായി അഭിപ്രായവ്യത്യാസം ഉണ്ടാകുകയും, ൧൯൩൯-ൽ ത്രിപുരികാൺഗ്രസ്സിനുശേഷം അദ്ദേഹം സുഭാഷിന്റെയും മററും ഒപ്പം കാൺഗ്രസ് വിടുകയുംചെയ്തു. തുടർന്നു ഫാർവേഡ്ബ്ളോക്ക് സ്ഥാപിതമാകുകയും ശരത് അതിൽ ചേരുകയുംചെയ്തു.

എന്നാൽ ബംഗാളിൽ സ്ഥാപിതമാകുവാൻ പോകുന്ന സംയുക്തമന്ത്രിസഭയിലെ പ്രധാനമന്ത്രിയായി ശരത്ബോസ് വരുമെന്നു ലോകം പ്രതീക്ഷിച്ചുകൊണ്ടിരിക്കെ, ൧൯൪൧-ൽ അദ്ദേഹത്തെ തടങ്കലിൽവെച്ചതു്, ശരത്തിന്റെ ജീവിതത്തിലെ അത്യന്തം നാടകീയമായ ഒരു സംഭവമാകുന്നു. തെററിനില്ക്കുന്ന കാൺഗ്രസ് കക്ഷിയുടെ നായകനെന്നനിലയിൽ, വെറുക്കപ്പെട്ട ൯൩-ാംവകുപ്പുഭരണം അവസാനിപ്പിച്ചു ഒരു അഖിലകക്ഷിഭരണം സ്ഥാപിക്കുന്നതിനുവേണ്ടി മുസ്ലിംലീഗ്, ഹിന്ദുമഹാസഭ, മററുപാർട്ടികൾ എന്നിവയുമായി ശരത് കൂടിയാലോചനകൾ നടത്തിവരികയായിരുന്നു. അദ്ദേഹത്തിന്റെ ശ്രമങ്ങൾ വിജയിച്ചുവരികയായിരുന്നു. ശരത്തിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ നടപ്പിൽവരികയുംചെയ്യുമായിരുന്നു. എന്നാൽ ഗവമെന്റ് അദ്ദേഹത്തെ പെട്ടെന്ന് അറസ്റ്റ് ചെയ്യുകയും, ജപ്പാൻകാരുമായി സമ്പർക്കത്തിലേർപ്പെട്ടിട്ടുണ്ടെന്ന "സംശയ"ത്തിന്മേൽ അദ്ദേഹത്തെ തെക്കെഇൻഡ്യയിൽ കൊണ്ടുപോയി തടങ്കലിൽവയ്ക്കുകയുംചെയ്തു. ൧൯൪൨-ലും ൧൯൪൩-ലും അദ്ദേഹത്തെ ൧൮൧൮-ലെ മൂന്നാംറഗുലേഷനനുസരിച്ചാണു തടങ്കലിൽവച്ചതെന്നും, ഒരു കോടതിയും അദ്ദേഹത്തിന്റെപേരിലുള്ള ചാർജ്ജുകൾ തെളിയിക്കുകയുണ്ടായില്ലെന്നുമുള്ളതു് അർത്ഥവത്താണ്.

൧൯൪൫-ൽ കാൺഗ്രസ്നേതൃത്വവും ശരത്തും തമ്മിലുള്ള പുനഃസമാഗമം നടന്നു. ൧൯൪൫-ൽ ബോംബെയിൽനടന്ന എ. ഐ. സി. സി. സമ്മേളനത്തിൽവച്ചു സഭാവേദിയിൽനിന്നുകൊണ്ടു സർദാർ പട്ടേലും ശരത്ബാബുവും ആലിംഗനംചെയ്തു. കുട്ടി തിരിച്ചുവന്നുവെന്നും, പോററിത്തടിപ്പിച്ച കിടാവിനെ കൊല്ലുകയേവേണ്ടുവെന്നും കാണികൾ അഭിപ്രായപ്പെട്ടു. ഉത്സവസ്ഥിതിചെയ്തിരുന്നതു് ഇവിടെയാണെന്നു തോന്നും.

ആ വർഷം രൂപീകരിച്ച ഇടക്കാലമന്ത്രിസഭയിൽ ശരത്തുമുണ്ടായിരുന്നു. എന്നാൽ ഭരണകാര്യങ്ങളിൽ പങ്കുകൊള്ളുവാൻ തയ്യാറായ മുസ്ലിംലീഗിനുവേണ്ടി അദ്ദേഹത്തിനു മാറിക്കൊടുക്കേണ്ടിവന്നു; ഇതോടെ കാൺഗ്രസ്സുമായുള്ള സകല ബന്ധങ്ങളും അദ്ദേഹം കൈവെടിഞ്ഞു.

കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കകം ശരത്ബാബുവിന്റെ ജീവിതത്തിൽ പെട്ടെന്നുള്ള മാററങ്ങൾ പലതും സംഭവിച്ചിട്ടുള്ളതുകൊണ്ട്, എല്ലാത്തിനെയുംകൂടി കൂട്ടിയോജിപ്പിക്കുന്ന ഒരുതന്തുകണ്ടുപിടിക്കുവാൻ പ്രയാസമാണ്. ൧൯൪൬-ൽ അല്പകാലത്തേക്കു പ്രസിഡന്റുസ്ഥാനംവഹിച്ച നെഹ്റു ശരത്തിനെ കാൺഗ്രസ്പ്രവർത്തകസമിതിയിൽ ഉൾപ്പെടുത്തി. അക്കാലത്തു ശരത്ബാബു നെഹ്റുവിനെ കഠിനമായി വിമർശിക്കുന്നവനും, സർദ്ദാറിനെ ബലമായി പിൻതാങ്ങുന്നവനും ആയിരുന്നു. കാൺഗ്രസിൽനിന്നു വിട്ടുപോന്നതിനുശേഷവും അദ്ദേഹം ഈ നില തുടർന്നുപോന്നു. ഒരു ഇടതുപക്ഷക്കാരനു മനസ്സിലാക്കാൻ വിഷമമുള്ള ഒരു സംഗതി ഇതാണ്.

തന്റെ രാഷ്ട്രീയമായ സത്ത കണക്കാക്കാതെ നോക്കുകയാണെങ്കിൽതന്നെ മരിക്കുന്നതുവരെ ശരത്ബാബു തത്വങ്ങൾ വേണ്ടത്രയില്ലാത്ത ഒരു വ്യക്തിയായിരുന്നുവെന്നുകാണാം. ഇല്ലാത്ത ഈ തത്വങ്ങൾ സമ്പാദിക്കുന്നതിനുവേണ്ടി പ്രശസ്തനായ ആ വ്യക്തി നിരന്തരം നടത്തിയ ഒരു സമരമാണ് ശരത്ബാബുവിന്റെ പൊതുക്കാര്യജീവിതമെന്നു ചുരുക്കിപ്പറയാം. മററുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലെന്നു വന്നിരിക്കാം. എന്നാൽ അവരെ തന്നിൽ ബന്ധിച്ചുനിർത്തുന്നതിന് അദ്ദേഹത്തിനു കഴിയുമായിരുന്നു. നിർബ്ബന്ധപ്രേരണ ചെലുത്തുവാൻകഴിയുന്ന ആ വ്യക്തി തിരോഭവിച്ചിരിക്കുന്നു ഇന്ന്, എളുപ്പം നികത്തുവാൻ സാദ്ധ്യമല്ലാത്ത ഒരു വിടവു സംഭവിച്ചിരിക്കുന്നല്ലോ എന്നോർത്തു അദ്ദേഹത്തിന്റെ അനുയായികൾ വിഷമിക്കുകയാണ്.

(എൻ. പി. എസ്സ്.)

# ഈ ആഴ്ചയിലെ നക്ഷത്രഫലം

തകഴി കെ. രാമവാര്യർ

30-7-125-മുതൽ 6-8-125
13-3-1950 " 19-3-1950

അശ്വതി—നിത്യനൈമിത്തികങ്ങളായ കാര്യങ്ങൾക്കു് അലസതയും അഭാവവുംനിമിത്തം അസുഖം ഉണ്ടാകയും മനഃക്ലേശകരങ്ങളായ ചില സംഭവങ്ങൾ വന്നുചേരുകയും യാത്രാക്ലേശങ്ങൾ കൂടിയിരിക്കയും ചെയ്യുമെന്നിരുന്നാലും സുഹൃത്തുക്കളുടെ സ്വീകരണാദിയും വൈദേശീയവ്യാപാരങ്ങളിൽ ലാഭവും ലഭിക്കും.

ഭരണി—സ്വാഭിപ്രായപ്രവർത്തനപെരുമാറ്റങ്ങളിൽ വൈരത്വം വർദ്ധിക്കുന്നതിനും ശത്രുക്കൾ വളരുന്നതിനും ഇടയാക്കും. കുടുംബകാര്യങ്ങൾ ഒരുവിധം തകരാറുകൂടാതെ കൊണ്ടുപോകും. സഹോദരങ്ങളുടെ സങ്കടങ്ങൾക്കു് നിവാരണം ഉണ്ടാകും. കാർഷികമായ ഗുണങ്ങൾ ആശിച്ചിരുന്നതുപോലെ ഭവിക്കയില്ല.

കാർത്തിക—സൽകാര്യത്തിനും സല്ക്കാരത്തിനുംവേണ്ടി പണം ചെലവഴിക്കും. ആശ്രിതരുടെ അനന്തരങ്ങൾക്കുവേണ്ടി ഏതു ത്യാഗവും സഹിക്കേണ്ടിവരും. പ്രവൃത്തിക്കുതക്ക പ്രയോജനം ലഭിക്കും. സ്ഥാനോന്നതികിട്ടും.

രോഹിണി—പൊതുജനആവശ്യത്തിനു് പണം പാരിതോഷികമായി നൽകും. വ്യവസായപരമായി ഉയർച്ച കാണും. പ്രതീക്ഷപോലെ കാര്യങ്ങൾ ഭംഗിയിൽ കലാശിക്കയില്ല. സഹപ്രവർത്തകർ അപവാദങ്ങൾ പറഞ്ഞുപരത്തും. പക്ഷാശയത്തിൽ ചില അസുഖങ്ങൾ ഉണ്ടാകും.

മകയിരം—വ്യവസ്ഥാപിതപ്രവർത്തനത്തിൽ പ്രവർത്തിച്ചാൽ പ്രയോജനം ലഭിക്കും. ഉല്ലിഷ്ടകാര്യങ്ങൾക്കായി അനവരതം ഉദ്യമിച്ചുകൊണ്ടിരിക്കും. സ്വജനങ്ങളുടെ സഹകരണ സംഭാവനകൾ സ്വീകരിക്കുന്നതിനിടയാകും.

തിരുവാതിര—സാമ്പത്തികമായ വിഷമത വലയംചെയ്യും. ഗൃഹത്തിൽ പലവിധ ദുരിതാനുഭവങ്ങൾ വരും. സുഹൃത്തുക്കളുടെ സഹകരണസഹായം മാത്രമേ സമാശ്വാസം നൽകയുള്ളു. ആപത്തുകളിൽ അക്ഷോഭ്യത പാലിക്കും.

പുണർതം—കർത്തവ്യങ്ങൾ കാര്യക്ഷമമായി നിർവഹിക്കും. പ്രവൃത്തികൾ വിജയപ്രദവും ലാഭകരവുമായിരിക്കും ബന്ധുക്കളുമായി അന്യോന്യസഹായം ഉണ്ടാകും. ദൈവവിശ്വാസം വളരും. കഴിയുന്നത്ര സകല കർമ്മത്തിലും അടക്കവും ഒതുക്കവും സ്വീകരിക്കും.

പൂയം—പ്രയത്നത്തിനു തക്ക പ്രയോജനം കാണാത്തതിനാൽ സന്തോഷം കുറഞ്ഞിരിക്കും. മദമാത്സര്യാദിയാൽ മനസ്സുഖം ലഭിക്കയില്ലെന്നു തന്നെയല്ല മിത്രങ്ങൾ അമിത്രങ്ങളായി പരിണമിക്കും. ബുദ്ധിപൂർവ്വകമല്ലാത്ത പ്രവൃത്തിമൂലം അധികാരിവർഗ്ഗങ്ങളുടെ അപ്രീതിയുണ്ടാകും.

ആയില്യം—പുതിയ സ്നേഹിതന്മാരും സുഹൃത്തുക്കളും വന്നുചേരും, വിജയപൂർവ്വം ഗൃഹകാര്യം നിറവേറും. അന്യസഹായങ്ങൾ ലഭിക്കും ലളിതകലാതൽപരതാ വർദ്ധിക്കും ചില വേർപാടുനിമിത്തമുള്ള ക്ലേശം ഉണ്ടാകും സജ്ജനസഹവാസത്തിനിടയാകും.

മകം—സഹായികളുടെ സഹായസൌകര്യങ്ങൾ ലഭിക്കുന്നതുമൂലം വിഷമമേറിയ വിഷമതകൾ തരണംചെയ്യും. വ്യവസായം വർദ്ധമാനമായിത്തീരും. അതിൽ ഉന്മേഷവും ലാഭവും ലഭിക്കും. പക്ഷെ ചെലവുകൾ കൂടിവരും. സന്താനസംരക്ഷണത്തിനു പണം ലോഭംകൂടാതെ ചെലവഴിക്കും.

പൂരം—ഗാർഹികാവശ്യങ്ങൾക്കു് വളരെ ക്ലേശം അനുഭവിക്കും ഔദാര്യത്തിലും പിൻമാറുകയില്ല പുരോഗമനമായി പലതുംപ്രവർത്തിക്കും; ഒന്നും പൂർത്തിയാക്കുക ഇല്ലെന്നുമാത്രം. സ്വജനങ്ങൾ ശത്രുക്കളാകുന്നതിനുള്ള സാഹചര്യങ്ങൾ വന്നുകൂടും.

ഉത്രം—ആദ്യം ഒന്നുരണ്ടുദിവസങ്ങൾ അത്ര ഗുണപ്രദമല്ല. ഗ്രാമീണവും ഗാർഹികവുമായ കാര്യങ്ങൾ കുഴപ്പംകൂടാതെ വിജയകരമായി നടത്തും. സന്താനങ്ങളുടെ ആവശ്യത്തിനു് അവിചാരിതമായി ധനംവേണ്ടിവരും. അതിഥിസൽക്കാരത്തിനും പണം ചെലവാകും. മംഗളകരമായ കാര്യങ്ങൾ ആലോചിച്ചു് തീർച്ചപ്പെടുത്തും.

അത്തം—സാമ്പത്തികമായ അവശതകൾ വലയംചെയ്യും കുടുംബത്തിൽ പലവിധ ക്ലേശങ്ങൾ സംഭവിക്കും. പൊതുജനസേവനങ്ങളിൽ ഏർപ്പെടും. ക്ഷതമോ വാഹനാദികളാൽ താപത്തിനോ സംഗതിയാകും.

ചിത്തിര—പ്രതിബന്ധങ്ങളെ പാടെ വിപാടനംചെയ്തു പ്രവൃത്തിപദ്ധതിയിൽ വിജയം വരിക്കും. ഗൃഹാവശ്യങ്ങൾ മുട്ടുകൂടാതെ നടത്തിക്കൊണ്ടുപോകും. അന്യചുമതലകൾ വഹിക്കേണ്ടിവരും. ആരോഗ്യവിഷയത്തിൽ പ്രത്യേകം സൂക്ഷിച്ചുകൊണ്ടിരിക്കണം. ജ്ഞാനസമ്പാദനത്തിനു് കൂടുതൽ ശ്രദ്ധ പതിക്കും.

ചോതി—കർമ്മങ്ങളിൽ അലസതയും അവിശ്വാസവും ജനിക്കും. മനഃസുഖം കുറഞ്ഞിരിക്കും. വാതാമയങ്ങൾ ഉണ്ടാകും. ശീതോഷ്ണസ്ഥിതി അസുഖങ്ങൾക്കിടവരുത്തും. സംഘടനാപരമായ കാര്യങ്ങളിൽ കൂടുതലായ ആസക്തി പ്രകടമാക്കും. കളത്രവിഷയമായി ധനവ്യയം ഉണ്ടാകും.

വിശാഖം—പുതിയതും പഴയതുമായ സുഹൃത്തുക്കളുടെ സമ്മേളനം ഗൃഹത്തിൽവച്ചു നടക്കും. വൈവാഹിക ജീവിതചർച്ചകൾ നടത്തും. അലങ്കാരാഭരണങ്ങൾക്കു് ധനവ്യയം ഉണ്ടാകും. ഉദരപീഡവരും.

അനിഴം—നല്ലകാര്യങ്ങളിൽ ഇടപെട്ടാമെങ്കിലും സ്വന്തകാര്യങ്ങൾ ശരിക്കു പാലിക്കുവാൻ വിഷമിക്കും. ഉന്നതന്മാരുമായുള്ള സംസർഗ്ഗം അസംതൃപ്തിക്കിടയാക്കും. അടക്കാൻ വയ്യാത്ത കോപംഉണ്ടാകും. ചില ചതിവുകൾ സംഭവിക്കും. സന്താനങ്ങൾ സാമ്പത്തികമായ വിഷയങ്ങളിൽ വിഷമിപ്പിക്കും.

കേട്ട—ഔദ്യോഗിക കാര്യങ്ങളിൽ അഭിവൃദ്ധിയും ചലനഭയവുംഉണ്ടാകും. സതീർത്ഥ്യരിൽനിന്നോ സഹായാനുയായികളിൽനിന്നോ അവിശ്വാസത്തിനു് പാത്രമാകും, ഗൃഹാവശ്യങ്ങൾക്കുവേണ്ടത്ര പണം ചെലവാക്കുകയില്ല. പ്രബലവ്യക്തികളുമായി മല്ലടിക്കും.

മൂലം—ചില വഞ്ചനകൾപറ്റും. അന്യരുടെ കാര്യങ്ങൾ പറഞ്ഞു ഒതുക്കുവാൻ ഇടയാകും. വ്യാപാരാദിയിൽ പരിവർത്തനത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങും. മൈത്രീബന്ധം പുലർത്തും. വിദ്യാഭ്യാസസമുന്നതിക്കായി കൂടുതൽ ക്ലേശങ്ങൾ സഹിക്കും. പ്രതീക്ഷകൾ പലതും അസ്ഥാനത്തിൽ എത്തും.

പൂരാടം—കൂടുതൽ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ പ്രവേശിക്കും. സർക്കാർകാര്യങ്ങളിൽ പല വൈഷമ്യതകളും മനഃപീഡയും ഉണ്ടാകും. ബന്ധുക്കളും സുഹൃത്തുക്കളും ഗൃഹത്തിൽ വന്നുകൊണ്ടിരിക്കും. ധനവിഷയത്തിൽ മറിപ്പും തിരിപ്പും നടത്തി കാര്യാദികൾ ശരിപ്പെടുത്തും

ഉത്രാടം അന്യമായും സ്വന്തമായും പണം കൈവശംവരും. വയറുക്ഷോഭവും കഫമിളക്കവുംവരും. അഭ്യുദയത്തിനായുള്ള പുതിയ പരിപാടികൾ സൃഷ്ടിക്കും. വൈവാഹികകാര്യങ്ങളെപ്പറ്റി ചിന്തിക്കും. പ്രയോജനകരമായ യാത്രകൾ നടത്തും.

തിരുവോണം—കാര്യനഷ്ടത്തിനും അപവാദത്തിനും സംഗതികൾ വന്നുകൂടും. വ്യാവസായികമായ ഉയർച്ച ലഭ്യമല്ല. ആശ്രിതരുമായി അസുഖത്തിലേപ്പെടും. ചിത്തശല്യങ്ങൾ വലയംചെയ്യും. സുഹൃത്തുക്കളുടെ അധഃപതനം കേൾക്കുന്നതിനിടവരും. അപഹാസ്യതയിൽ ഉത്സാഹംകൂടും.

അവിട്ടം—അധികാരിവർഗ്ഗങ്ങളുടെ സ്നേഹവും തൻമൂലം അഭീഷ്ടസിദ്ധിയും സുഖവും ധനാഗമവുമുണ്ടാകും. എങ്കിലും വിരഹദുഃഖത്താലും ഗാർഹികമായ കലഹത്താലും മനസ്സുഖം കുറഞ്ഞുകുറഞ്ഞുകൊണ്ടിരിക്കും.

ചതയം—നവീകരണത്തിലും ശുചീകരണത്തിലും ആഗ്രഹം ജനിക്കും. ഗൃഹത്തിൽ അന്തഃഛിദ്രങ്ങൾ തലപൊക്കും. കഴിഞ്ഞുപോയ കാര്യങ്ങളെപ്പറ്റിപശ്ചാത്താപം ചെയ്യും, പലരുടേയും വിമർശനങ്ങൾക്കു വിഷയമായിത്തീരും. സന്താനപീഡകൾ നിമിത്തമുള്ള ക്ലേശങ്ങൾ സഹിക്കേണ്ടതായി വരും. ഈശ്വരാനുഗ്രഹവും സഹായികളുടെ ആനുകൂല്യവും ലഭിക്കും.

പൂരുരുട്ടാതി—സഹപ്രവർത്തകരുടെ നീരസത്തിനിടവരും. അയുക്തപെരുമാറ്റങ്ങൾ അസ്വസ്ഥത ഉളവാക്കും. പറയുന്നതുപോലെ പ്രവർത്തിക്കയില്ല. പാർശ്വവർത്തികളുടെ അഭിപ്രായത്തിനു് പ്രാബല്യംനൽകും: വാഹനാദിയിൽനിന്നും അപകടംവരാതെ സൂക്ഷിക്കണം.

ഉത്തൃട്ടാതി—ഉല്ലാസമായി കഴിഞ്ഞുകൂടും. പ്രവർത്തിയിൽ അഭിനന്ദനങ്ങൾ ലഭിക്കും. ബന്ധുക്കളുടെ വിപത്തുകളെ തരണംചെയ്യുവാൻ പല ത്യാഗങ്ങളും സഹിക്കും. സമഭാവനാലക്ഷ്യത്തിനും ഏകീകരണത്തിനുംവേണ്ടി ശ്രമം നടത്തും.

രേവതി—എല്ലാ കാര്യങ്ങളും പുരോഗമനപരമായിരിക്കുന്നതിനു ശ്രമിക്കയും സമഭാവന ആഗ്രഹിക്കയും സുഹൃത്തുക്കളെ സഹായിപ്പാൻ ധനനഷ്ടംകൂടി സഹിക്കയും സത്തുക്കളേയും വിദ്വാന്മാരെയും നിന്ദിക്കയും സംഘടനകളിൽ വെറുപ്പും വൈരാഗ്യവും വരുകയും കാർഷികോല്പന്നങ്ങളിൽ നഷ്ടവും വ്യയവും കൂടുതലായി ശേഷിക്കയുംചെയ്യും. എന്നാലും വലിയ തട്ടുകൾ ഒന്നും കൂടാതെ കാര്യങ്ങൾ നിറവേറുന്നതിനായി ലുബ്ധനായി വർത്തിക്കയും ഫലം.

—o—

# മരച്ചീനിക്കൃഷി

എൻ പത്മനാഭപിള്ള (അഗ്രിക്കൾച്ചറൽ മെഡലിസ്റ്റ് ചിതറ)

ഭക്ഷ്യക്ഷാമപരിഹാരത്തിനു മരച്ചീനിക്കുള്ള സാദ്ധ്യത സർവ്വസമ്മതമത്രെ. സ്റ്റേറ്റിലെ തീരപ്രദേശം ഒഴിച്ചുള്ള എല്ലാ ഭൂമികളിലും വിവിധമാർഗ്ഗങ്ങളിൽ ചീനി കൃഷിചെയ്തു് നല്ലവിളവെടുക്കാം. ചരൽചേർന്ന പശിമരാശിമണ്ണാണു് കൃഷിക്കു ഉത്തമം. വളംകുറഞ്ഞ മണ്ണിലും കൃഷിനാശം വരാത്ത വിളവുകിട്ടുന്നതിനാൽ ധാരാളം സ്ഥലമുള്ളവർ, വിളഭൂമിയുടെ അധഃപതനത്തെപ്പോലും ഗൗനിക്കാതെ അശാസ്ത്രീയമായി അലക്ഷ്യമായി കൃഷിചെയ്യുന്നതിൽ പരിതപിക്കാതെ തരമില്ല. ഈ തരം കൃഷിയുടെ ശരാശരി വിളവു ഏക്കറിനു ൩ വണ്ടിക്കിഴങ്ങു് അല്ലെങ്കിൽ ൬൦൦൦, റാത്തൽ മാത്രമാണു്. നാടൻവളങ്ങളും സാധാരണ ശാസ്ത്രീയമാർഗ്ഗങ്ങളും അവലംബിച്ചാൽ, ചെറുകൃഷിക്കാർക്കു ഇതിന്റെ മൂന്നുമടങ്ങു് വിളവു എടുക്കാനും തന്റെ കൃഷിസ്ഥലത്തിന്റെ ഫലപുഷ്ടിയെ വർദ്ധിപ്പിക്കാനും കഴിയുമെന്നു അല്പമൊന്നു പരിശോധിച്ചാൽ ബോധ്യപ്പെടും.

## ഏക്കറിനു് ൧൦ വണ്ടിക്കിഴങ്ങു്!

നാടൻവളങ്ങൾ—മരച്ചീനി ശരിയായി വളരാൻ മണ്ണിൽ ഒട്ടുവളരെ പാക്യജനകവും പൊട്ടാഷും ആവശ്യമത്രെ! കന്നുകാലിവളം, അല്ലെങ്കിൽ-പച്ചിലവളം, അഥവാ കംപോസ്റ്റു് പൊടി ഇവയിൽ ഒന്നുപയോഗിച്ചു് പാക്യജനകത്തിന്റെ കുറവു നികത്തുക. ചാരത്തിൽനിന്നു് പൊട്ടാഷുകിട്ടും. കൃഷിക്കാരൻ ഈ രണ്ടു വളങ്ങളും സുരക്ഷിതമായി കരുതിയിരിക്കേണ്ടതു് അത്യന്തം ആവശ്യമാണു്.

ആണ്ടിൽ മൂന്നുപരുവത്തിൽ ആണു് മരച്ചീനിക്കൃഷി നടത്തുക. കുംഭച്ചീനി, കർക്കടകച്ചീനി, തുലാച്ചീനി എന്നാണു സാധാരണപറയുന്നതു്. ഈ മൂന്നു സീസനിലും മൂന്നുവിധമാണു് കൃഷിസമ്പ്രദായം. വേനൽ അവസാനിക്കുന്നതിനുമുൻപു് കമ്പുനട്ടു് ഇടവപ്പാതിക്കുമുൻപു് ചീനിച്ചെടിയെ കിഴങ്ങുപിടിക്കേണ്ട പ്രായത്തിൽ എത്തിക്കുന്നതാണു് കുംഭച്ചീനിക്കൃഷി.

ഈ കൃഷിക്കു് തുലാമാസത്തോടുകൂടി ഒന്നു്—ഒന്നേകാൽഅടി താഴ്ത്തിക്കിളച്ചു് ഭൂമിയുടെ കിടപ്പു് അനുസരിച്ചു തട്ടുകളായി തിരിച്ചു് വരമ്പുകൾ ഉറപ്പിക്കണം. പത്തുസെൻറു വിസ്തീർണ്ണമുള്ള തട്ടുകളായാൽ ഓരോ വണ്ടിക്കിഴങ്ങിനുള്ള സ്ഥലമായി. കിളച്ചിട്ട തട്ടുകൾ ധനുമദ്ധ്യത്തോടുകൂടി ഇനംകാലംതന്നെ ഉഴുതോ ചിക്കിയോ മണ്ണിളക്കി ഇടണം. മണ്ണിൽ നല്ലവണ്ണം ചൂടും വായുസഞ്ചാരവും ഏല്പിക്കുന്നതു് എല്ലാ കൃഷികൾക്കും ഗുണകരമാണു്. കെട്ടിടങ്ങളും ഫലവൃക്ഷങ്ങളും ബ്ലാക്കിനു സമീപമില്ലെങ്കിൽ പാഴ്ചവറുകൾ നിരത്തിയിട്ടു കുഴിച്ചുടുന്നതു് ഗുണകരമാണു്. ഫലപുഷ്ടിയുള്ള മണ്ണാണെങ്കിൽ ചൂടു് ആവശ്യമില്ല. പാഴ്മണ്ണിൽ വളമില്ലാത്ത മാർദ്ദവംകുറഞ്ഞമണ്ണിൽ, മഴയ്ക്കുമുമ്പു ഒന്നരയടി വിസ്താരമുള്ള താഴ്ച കുറഞ്ഞ തടങ്ങൾ വെട്ടി (ചെറുകുഴികൾ) എല്ലാററിലും ചവർ നിറച്ചിട്ടു ചുട്ടു്, തീയ് ആറുമ്പോൾ ചാരം കാററിലാകാതെ തടം ഇളക്കിയിടണം. കുംഭത്തിലോ മീനത്തിലോ രണ്ടു നല്ലമഴകഴിഞ്ഞാൽ മൂന്നാമത്തെ മഴയോടുകൂടി നടലിനു കാലമായി മുൻപറഞ്ഞപോലെ ഒന്നരയടി വ്യാസമുള്ള കുഴികൾ, കുഴിച്ചു മൂന്നിഞ്ചുതാഴ്ച, ഓരോ തടത്തിലും ഇടങ്ങഴിയോളം ചാണകപ്പൊടിയും. ചാണകം മൂന്നു നാലുമാസം പഴക്കമുള്ളതും ഈർപ്പംവിടാത്തതും വളക്കുഴിയിൽനിന്നുകോരി തണലിലിട്ടു പുട്ടിന്റെ മാവുപോലെ തറയിൽ ഉരസി) പൊടിച്ചെടുത്തതുമായിരിക്കണം. തടങ്ങളിൽ പൊടിയിട്ടു നിരത്തി അരയടിമണ്ണിൽ കലത്തുക. അതിനുശേഷം മുട്ടുകൾ അടുപ്പമുള്ള വെള്ളച്ചീനിക്കമ്പുകൾ മുറിച്ചുനടാം. അധികം വണ്ണമുള്ളതും തീരെ ചുള്ളിയും ആയ കമ്പുകൾ നടലിനു നന്നല്ല. വിത്തുകമ്പുകൾ നാലിഞ്ചു നീളത്തിൽ മുറിക്കാം. വേനലിൽ നാലുമുട്ടുകൾ താഴ്ത്തിനടണം. കമ്പു് ഉണങ്ങാതെ കരുതേണ്ടതാണു്. തടത്തിൽ കരിയില നിരത്തിയിട്ടു കമ്പുകൾ മറയ്ക്കാവുന്നതാണു്. പുഷ്ടിയുള്ള മണ്ണിൽ ഒററക്കമ്പു് നട്ടാൽമതി. ചീനിക്കമ്പുകൾ മുളച്ചു് നാലഞ്ചു് ഇലവരുമ്പോൾ തടത്തിൽ ചാരംവിതറി ഇടകിളച്ചു് തടം മൂടി ഇടാം. ൧൦-സെൻറു് തറയ്ക്കു് ൧൫-കൊട്ട കാലിവളവും ഒരുചാക്കു് ചാരവും കൊണ്ടു് വളംചെയ്യാം. രണ്ടടി അകലത്തിൽ ഒരുമൂട്ട ചീനിവീതം ൧൦-സെൻറിൽ ൪൦൦-മൂട്ട കമ്പുകൾ നിൽക്കും. ശരാശരി ഒരു കമ്പിൽനിന്നു ൫-റാത്തൽവീതം ൨൦൦൦-റാത്തൽ ചീനിവരെ, വിളവുകിട്ടും. ഒരു വണ്ടി ൧൫൦൦-റാത്തൽ മാത്രമാണു്.

മോശപ്പെട്ട മണ്ണിൽ ചാണകപ്പൊടിയോടു ൧൫-കുട്ട ഏക്കൽ മൺപൊടിയും അത്രയും കമ്പോസ്റ്റും കലർത്തി ൪൫-കുട്ട (ഒന്നരവണ്ടി) വളമാക്കി ഉപയോഗിക്കാം. മീനം-മേടങ്ങളിൽ കൃഷി ഇറക്കുന്ന വെള്ളച്ചീനി തുലാം-വൃശ്ചികമാസങ്ങളിൽ വിളവു് എടുക്കാം. കൃഷിക്കാർ കാലിവളം സൂക്ഷിക്കാനും കമ്പോസ്റ്റുവളം നിർമ്മിക്കാനും ശ്രദ്ധവച്ചാൽ കൃഷി പൊതുവെ വിജയപ്രദമാകും. അതിനുള്ള കാലം വിദൂരമല്ലെന്നു വിശ്വസിക്കാം.

—o—

# വിനോദപംക്തി

—:o:—

(ഗോപി)

ഒരു സ്ത്രീയുടെ പാട്ടുകേൾക്കാൻ കൂടിയിരുന്നവരുടെ കൂട്ടത്തിൽ ഒരാൾ അടുത്തിരുന്ന ആളിനോടു്.

"കഴുതയുടെ ശബ്ദം ഇതിലും നന്നായിരിക്കും. ഏതാണീ ലജ്ജയില്ലാത്ത സ്ത്രീ?"

രണ്ടാമൻ—അവൾ എന്റെ ഭാര്യയാണു്.

ആദ്യത്തെയാൾ—(പററിയ അബദ്ധത്തെ മറയ്ക്കാൻവേണ്ടി) വാസ്തവത്തിൽ അതു് അവരുടെ കുററമല്ല. ആ പാട്ടിന്റെ ദോഷമാണു്, ഏതു കോന്തനാണോ ആ പാട്ടെഴുതിയതു്?

മറേറയാൾ—പാട്ടു ഞാനെഴുതിക്കൊടുത്തതാണു്.

* * * *

മകൻ—അമ്മേ, ഈ സില്ക്കുതുൽ എങ്ങനെയാണുണ്ടാക്കുന്നതു്?

അമ്മ—ഈ സില്ക്കു നമുക്കുണ്ടാക്കിത്തരുന്നതു് ഒരുജാതി പുഴുവാണു്.

മകൻ—അപ്പനല്ല ഇതുണ്ടാക്കിത്തരുന്നതു്?

* * * *

രാമൻ—നിങ്ങളെന്തിനാണു് വെയിലത്തു നില്ക്കുന്നതു്?

കൃഷ്ണൻ—വിയർപ്പു് ഒന്നു് ഉണങ്ങിക്കൊള്ളട്ടെ എന്നു കരുതിമാത്രം.

* * * *

ബാബു—ഞാൻ കുടയെടുക്കാൻ മറന്നെങ്കിലോ?

രവി—മാനുപോകുമ്പോൾ എന്നോടുപറഞ്ഞാൽ ഞാനോർമ്മിപ്പിക്കാം.

* * * *

അദ്ധ്യാപകൻ—പുരാതനം എന്നതിന്റെ എതിർവാക്കു എന്താണു.

വിദ്യാർത്ഥി—"ഗുരുനാഥനുരചെയ്യാലെതിർവാക്കു പറകൊല്ലാ."

* * * *

തെങ്ങിൽനിന്നും ഉരുണ്ടുവീണ വേലക്കാരനോടു്, കാരണവർ അകത്തുകിടന്നുകൊണ്ടു "ഒന്തുടെ ഇട്ടേരെ."

* * * *

അദ്ധ്യാപകൻ വള്ളത്തോളിന്റെ ഒരു കവിത വിവരിച്ചു കേൾപ്പിക്കയാണു്. "പച്ചയാം വിരിപ്പിട്ട സഹ്യപർവ്വതത്തിൽ തലവച്ചും അറേബ്യൻകടലിന്റെ സ്വച്ഛമായ മണൽതിട്ടയിൽ കാൽവച്ചും കിടക്കുന്ന അമ്മയുടെ പാർശ്വഭാഗങ്ങളെ കന്യാകുമാരിയും ഗോകർണ്ണേശനും കാത്തുരക്ഷിക്കുന്നു.

രവി—സാർ ഇതു പരമാബദ്ധമാണു്. നീളത്തേക്കാൾ മൂന്നുനാലിരട്ടി വണ്ണം ഒരു സ്ത്രീക്കുണ്ടെന്നു പറഞ്ഞാൽ—കവിയായാലുംവേണ്ടേ ഔചിത്യദീക്ഷയൊക്കെ?

* * * *

രാമൻ—അവിടെ എല്ലാസാധനങ്ങൾക്കു് ഇവിടത്തെക്കാൾ വിലക്കുറവാണു്.

ചാണ്ടി—എന്നാലെനിക്കു കുറെ അഞ്ചൽ കവറുകൾ കൊണ്ടുപോരണം.

* * * *

വൃദ്ധൻ—നീയിരുട്ടത്തുതപ്പുന്നതെന്താണു്?

രവി—തീപ്പെട്ടി നോക്കുകയാണു്.

വൃദ്ധൻ—ആ വിളക്കുകത്തിച്ചു നോക്കരുതോ?

—o—

ചെറുകഥ

# തെററുതിരുത്തൽ

സരസ്വതി

ഒടുവിൽ ഒരുദിവസം അതു സംഭവിച്ചു.

അന്നും, അഞ്ചടിക്കാൻ രണ്ടുമിനിട്ടുള്ളപ്പോൾ പതിവുപോലെ പണിക്കർ ഫയലുകൾ കെട്ടി, മേശപൂട്ടി ക്ലോക്കിൽ നോക്കിക്കൊണ്ട് മണിയടിക്കാൻ കാത്തിരുന്നു.

പക്ഷേ, എന്നും അഞ്ചാമത്തെ മണിയടിയൊത്തുടനേ പുറത്തുനിന്നും കേൾക്കാറുള്ള ഹോൺശബ്ദം അന്നു കേട്ടില്ല.

മൂന്നുവർഷമായി മുടങ്ങാത്ത ആ മുറ ഇന്നു തെററിയിരിക്കുന്നു!

തന്റെ ഉള്ളിലൊരു തീനാളം ആളിക്കത്തുന്നതുപോലെ പണിക്കർക്കു തോന്നി. അയാളുടെ ശരീരം തളർന്നു.

മേശമേൽ തല കമഴ്ത്തിവച്ച് അയാൾ ആദ്യം സെക്കന്റുകളെണ്ണി; പിന്നീട് മിനിട്ടുകൾ; അതുകഴിഞ്ഞ് അഞ്ചുമിനിട്ട വീതം.

അയാളുടെ ആ ഇരിപ്പ് സഹജോലിക്കാരെ അത്ഭുതപ്പെടുത്തി. കടന്നുപോകുന്നവഴി ഒന്നു രണ്ടുപേർ അയാളുടെ തോളിൽ തട്ടി ചിരിച്ചുകൊണ്ടുചോദിച്ചു. "ഇന്നെന്തുപററി? അഞ്ചടിച്ചതറിഞ്ഞില്ലേ?"

ഒന്നു രണ്ടു കസേരകളിൽമാത്രം ആളു ശേഷിച്ചപ്പോൾ അയാളെണീററ് അങ്ങോട്ടു മിങ്ങോട്ടും നടക്കാൻ തുടങ്ങി. ആ നിരുദ്ദേശമായ നടത്തം ഏതാണ്ടൊരാശ്വാസം നൽകിക്കൊണ്ടിരുന്നു.

ക്ലോക്കിൽനിന്നും മണിയടിക്കുന്ന ശബ്ദം വീണ്ടും പുറപ്പെട്ടു. അയാൾ നോക്കി. മണി ആറര! ചായ കഴിച്ചുശേഷം വീട്ടിലെ ചാരുകസേരയിൽ കിടന്ന്, കസേരക്കയ്യിലിരിക്കുന്ന ജീവിതസർവസ്വത്തിന്റെ കൊച്ചുകൈകൾ തന്റെ കൈക്കുള്ളിലൊതുക്കി ആനന്ദത്തിൽ ലയിച്ചിരിക്കാറുള്ള സമയം.

പണിക്കർക്ക് പെട്ടെന്നൊരു ധൈര്യംകിട്ടി. അയാൾ വേഗം പുറത്തിറങ്ങി; റോഡിൽ വച്ച് ആദ്യം കിട്ടിയ വാടകമോട്ടോറിൽ കയറി വീട്ടിലേക്കു പാഞ്ഞു.

എന്നും കാറിന്റെ ശബ്ദംകേട്ടാലുടൻ പടിക്കൽ പ്രത്യക്ഷപ്പെടാറുള്ള പ്രേമമധുരമായ മുഖം അന്നു കണ്ടില്ല. പടിക്കലെ ചുമരിൽ ചാരി, ഡ്രൈവർ കേശവൻ വിഷണ്ണഭാവത്തിൽ ഇരിക്കുന്നുണ്ടായിരുന്നു.

ടാക്സിയിൽനിന്നി ഇറങ്ങുന്നതിനുമുമ്പേ പണിക്കർ അക്ഷമനായിട്ടുചോദിച്ചു. "എവിടെ?"

കേശവൻ വായ് നേരെ തുറക്കാതെ പറഞ്ഞു. "പോയി."

എവിടെപ്പോയി എന്നു ചോദിക്കാൻ പണിക്കർക്കു നാവുയർന്നില്ല. അയാൾ തളർന്ന് പുറകോട്ടുചാരിക്കിടന്നു.

കാറിന്റെ വാതിൽ തുറന്നുവച്ച് ടാക്സിക്കാരൻ "ഇറങ്ങണം" എന്ന് മൂന്നാലുപ്രാവശ്യം ഒന്നിനൊന്നുറക്കെപ്പറഞ്ഞപ്പോഴേ അയാൾ ആ തളർച്ചയിൽനിന്നുണർന്നുള്ളു.

വാടകക്കൊടുക്കാൻ പഴ്സ് കേശവനെ ഏല്പിച്ചിട്ട് പണിക്കർ അകത്തേക്കുപോയി ചാരുകസേരയിൽ കണ്ണടച്ചുകിടന്നു.

അൽപംകഴിഞ്ഞ് കേശവൻ, പഴ്സ് മേശപ്പുറത്തുകൊണ്ടുവച്ചിട്ട് പറഞ്ഞു "ചായ വാങ്ങിക്കൊണ്ടുവരട്ടെ?"

പണിക്കർ കണ്ണുതുറക്കാതെ, വേണ്ട എന്ന് തലയാട്ടി അറിയിച്ചു.

കേശവൻ സ്വഗതമെന്നപോലെ പതുക്കെപ്പറഞ്ഞു. "സ്നേഹമില്ലാത്തവരുടെ നഷ്ടത്തിൽ ദുഃഖിക്കുന്നതു മണ്ടത്തരമാണ്. ഓടിപ്പോകാനൊരുങ്ങുന്നവരെ എത്രനാൾ പിടിച്ചുനിർത്താം?"

പണിക്കർ കണ്ണുതുറന്ന് അയാളെ തീക്ഷ്ണമായി നോക്കിക്കൊണ്ടുചോദിച്ചു. "തനിക്കും ഇതിൽ പങ്കുണ്ട്, ഇല്ലേ? അതു ഞാനൂഹിക്കാത്തതല്ല."

"ആ ഊഹശക്തിയുടെ വിശേഷമൊന്നും പറയണ്ട!" അവന്റെ സ്വരത്തിൽ നിശിതമായ പരിഹാസവും കുററപ്പെടുത്തലും ഉണ്ടായിരുന്നു. "അവരെ കാറോടിക്കാൻ പഠിപ്പിക്കരുതെന്ന് ആദ്യമേ വിലക്കിയ എനിക്കാണോ, ഞാൻ പറഞ്ഞിട്ടും കേൾക്കാതെ പഠിപ്പിച്ച ആളിനാണോ പങ്ക്? തന്നത്താൻ വിനവരുത്തിവച്ചു."

തന്റെ ശമ്പളക്കാരന്റെ ആ ശാസന പണിക്കരെ പിന്നെയും അസ്വസ്ഥനാക്കി. അയാൾ അതിദീനഭാവത്തിൽ ചോദിച്ചു. "എവിടെപ്പോയി എന്നാണു താൻ വിചാരിക്കുന്നത്?"

"അവരെപ്പററി ആർക്കുമൊന്നും തീർച്ചപ്പെടുത്താൻ വയ്യ. ഇങ്ങനെയൊരു സ്ത്രീ ലോകത്തുണ്ടോ? എന്തും ചെയ്യും; ആരെക്കൊണ്ടും എന്തും ചെയ്യിക്കും, ഒന്നുകിൽ ഭർത്താവിന്റെടുത്ത് തിരിയെപ്പോയതായിരിക്കും; മററുവല്ലോരുടെയും കൂടെ ഓടിപ്പോയതും ആയിരിക്കാം. രണ്ടായാലും അവരെ കുററപ്പെടുത്തീട്ടു കാര്യമില്ല. അവരുടെ പ്രകൃതം അതാണ്."

തന്റെ പ്രണയിനിയെപ്പററി കേശവന് നല്ല അഭിപ്രായമില്ലെന്നറിയാവുന്ന പണിക്കർ ഒന്നും മിണ്ടിയില്ല. കേശവൻമാത്രമല്ല മററു പലരും—രോഹിണിതന്നെയും—അയാൾക്കു മുന്നറിവു നൽകിയിരുന്നു അവരുടെ ആയുഷ്കാലസഖ്യം ആശങ്കേണ്ടെന്ന്.

പക്ഷേ, രോഹിണി ഭർത്താവിന്റെ അടുത്തു തിരിയെപ്പോകാനിടയില്ലെന്നാണ് പണിക്കർക്കു തോന്നിയത്. ഭാര്യയോട് വല്ലപ്പോഴുമൊരു മധുരവാക്കു പറയുന്നത് ഭർത്താവിന്റെ ആവശ്യമല്ലെങ്കിൽ കടമയെങ്കിലുമാണെന്നറിഞ്ഞുകൂടാത്ത ആ മുരടനായ മനുഷ്യന്റെ അടുത്തേക്ക് എന്തിന്, എങ്ങനെ അവൾ തിരിയെപ്പോവും എന്നയാളതിശയിച്ചു. ഭാര്യയെ വീട്ടുപകരണങ്ങളുടെ കൂട്ടത്തിൽ ഒന്നായി—ഒന്നാമതായി—മാത്രം കണക്കാക്കിയ ഒരുത്തനായിരുന്നു അയാൾ. അയാളുടെ മുരടത്വംകൊണ്ടല്ലെങ്കിൽ, താനും ആ സ്ത്രീയുമായി സംസാരിക്കാൻപോലും ഇടയാവുകില്ലായിരുന്നു. ഉദ്യോഗസംബന്ധമായ കാര്യങ്ങളിൽ മുഴുകിക്കഴിഞ്ഞ ആ മനുഷ്യൻ അറിഞ്ഞതേയില്ല, തന്റെ ഭാര്യയുടെ സ്നേഹം ദാഹിച്ച ഹൃദയത്തെയും ലാളനയാശിച്ച ശരീരത്തെയും മറെറാരാൾ—തന്റെ വിശ്വസ്തനായ ഗുമസ്തൻ—തൃപ്തിപ്പെടുത്തുകയാണെന്ന് അയാൾ സംശയിച്ചില്ല; ആരും സംശയിപ്പിച്ചുമില്ല. തന്നെപ്പോലെ തന്റെ ഭാര്യയും ഒരു യന്ത്രമാണെന്ന് അയാൾ വിചാരിച്ചിരുന്നിരിക്കണം.

ഒരുദിവസം യദൃച്ഛയാ സംഗതികളുടെ കിടപ്പ് അയാളുടെ ദൃഷ്ടിയിൽപെട്ടു. ആ യാന്ത്രികത്വത്തിൽനിന്നും അതയാളെ ഉണർത്തി, ഒരു ബോധക്ഷയത്തിലേക്കു താഴ്ത്തി. ആ അസ്തചേതനാവസ്ഥ നീങ്ങിയപ്പോൾ തന്നെ വിട്ട് ഭാര്യയും കാമുകനും പൊയ്ക്കളഞ്ഞിരിക്കുന്നതായി അയാൾ കണ്ടു.

തങ്ങളുടെ രഹസ്യബന്ധത്തെ പരസ്യമാക്കിയ ഒളിച്ചോട്ടത്തിനുശേഷം ആദ്യം കുറേനാളത്തേക്ക് പണിക്കരും രോഹിണിയും ഏകശരീരമായിട്ടാണു ജീവിച്ചത്. നിയമപ്രകാരം അന്യന്റേതായ അവളെ സന്തോഷിപ്പിക്കാൻ അയാൾ സർവപ്രകാരേണയും ശ്രമിച്ചു. പക്ഷേ അയാളുടെ ഉദ്യോഗത്തിൽനിന്നുള്ള ചെറിയ വരുമാനത്തിനകത്തു തീരെ നില്ക്കാത്ത രീതിയായിരുന്നു അവളുടേത്. രത്നാഭരണങ്ങളും പട്ടുസാരികളും മോട്ടോർകാറും ഒക്കെ അവൾക്കു കൂടിയേതീരൂ. സമ്പന്നമായൊരു കുടുംബത്തിലെ അംഗമായിരുന്നത് പണിക്കർക്കൊരു രക്ഷയായി, തനിക്കു കിട്ടേണ്ട വസ്തുവകകൾ, വീട്ടുകാരോടു പിണങ്ങി സ്വന്തമാക്കി അയാൾ അവൾക്ക് അടിയറവച്ചു. അവളുടെ കയ്യിൽനിന്നും അതെല്ലാം അല്പാല്പമായി അന്യഹസ്തങ്ങളിലെത്താനും തുടങ്ങി.

ക്രമേണ, ആ കാമിനീകാമുകന്മാരുടെ ഏകത്വത്തിന്റെ മദ്ധ്യത്തിൽ ദാരിദ്ര്യം ചെന്നു വീണു. അവർ ഒട്ടൊട്ടായി അകലുന്നതുപോലെ അയാൾക്കു തോന്നി. പക്ഷേ നിസ്സഹായനായി, നീറുന്ന ഹൃദയത്തോടെ അതും നോക്കി നിൽക്കാനേ അയാൾക്കു കഴിഞ്ഞുള്ളു.

ജനനം മുതൽ ധനസമൃദ്ധിയിൽ മാത്രം കഴിഞ്ഞ രോഹിണിക്ക്, എന്തെങ്കിലും ചെറിയ സംഗതി മതി മനസ്സിന്റെ സമനിലതെററാൻ. ദേഷ്യത്താൽമതിമറന്ന് അവൾ അയാളെ തോന്നിയതെല്ലാമങ്ങു വിളിച്ചുപറയും. അയാളാണവളുടെ സർവനാശത്തിനും ഹേതുവെന്നായിരിക്കും ആദ്യം പറയുക. അയാൾനിമിത്തം അവൾ വീടുവിട്ടു; ജാതിവിട്ടു; മാനംകെട്ടു. എന്നിട്ടീകഷ്ടതകളും? കനകക്കുമ്പാരമെന്നു കരുതി കെട്ടിപ്പിടിച്ചതു് കരിക്കട്ടക്കുന്നിനെയോ?

അവൾ എന്തൊക്കെപ്പറഞ്ഞാലും അയാൾ അപൂർവം ചിലപ്പോൾ മാത്രമേ സമാധാനം പറയൂ. എന്നാല്പിന്നെ ലഹള കണക്കില്ലാതെ കൂടുകയായി. അതുകൊണ്ട് ഒന്നും കേൾക്കാത്ത മട്ടിൽ എന്തെങ്കിലും വായിച്ചുകൊണ്ടിരിക്കുകയായിരുന്നു മിക്കവാറും ക്ഷമാമൂർത്തിയായ അയാളുടെ പതിവ്.

അല്ലെങ്കിലും അവളെ അധികം ദേഷ്യം പിടിപ്പിക്കാനയാൾക്കു പേടിയായിരുന്നു. സ്നേഹശൂന്യതനിമിത്തം ഭർത്താവിനെ വേണ്ടെന്നുവച്ചവൾ, ദാരിദ്ര്യംകാരണം തന്നെയും വിട്ടു പൊയ്ക്കളയുമോ എന്നയാൾ എപ്പോഴും ഭയന്നിരുന്നു; അവളങ്ങനെ ഭീഷണിപ്പെടുത്തിക്കൊണ്ടുമിരുന്നു.

ആ ഭീഷണി അവളിന്ന് പ്രവൃത്തിപഥത്തിൽകൊണ്ടെത്തിച്ചിരിക്കുന്നു!

പക്ഷേ, ആരുടെ അടുത്തായിരിക്കും അവൾ പൊയ്ക്കളഞ്ഞതെന്നു മാത്രം, എത്ര ആലോചിച്ചിട്ടും അയാൾക്കു നിശ്ചയിക്കാൻ കഴിഞ്ഞില്ല.

അർദ്ധരാത്രിവരെയോ, അഥവാ പിറേറന്നുപ്രഭാതത്തോളമോ, ഒരുപക്ഷേ അതിലും നീണ്ടോ പണിക്കരങ്ങനെ കിടക്കുമായിരുന്നു. എന്നാൽ, മുറിക്കകത്തുനിന്നും പുറപ്പെട്ട കുഞ്ഞിന്റെ കരച്ചിൽ അയാളെ ഞെട്ടിയെഴുന്നേല്പിച്ചു. "കുഞ്ഞിനെക്കൊണ്ടുപോയില്ലേ?" എന്നു പരിഭ്രമത്തോടെ ചോദിച്ചുകൊണ്ട് അയാൾ അകത്തേക്കോടിപ്പോയി. "അവർക്ക് കുഞ്ഞെന്നുമില്ല, കുട്ടിയെന്നുമില്ല." കേശവൻ നിലത്ത് കാൽനീട്ടിയിരുന്ന് കുറച്ചുറക്കെ മുറുമുറുത്തു. "കാലത്തെ അങ്ങുന്നിനെ ആഫീസിൽ കൊണ്ടുവിട്ടിട്ട് ഞാൻ തിരിച്ചുവന്നപ്പോൾ അവർ വേലക്കാരെയൊക്കെ പറഞ്ഞയയ്ക്കുന്നതാണു കണ്ടത്. തനിയെ വിളമ്പി ഉച്ചയ്ക്കുണ്ണാൻ പോകയാണെന്ന് എന്നോടു പറഞ്ഞു. ഒരു നാലുമണിക്ക് എന്നെ പീടികയിലേക്കു പറഞ്ഞയച്ചു. തിരിച്ചുവന്നപ്പോൾ ആളുമില്ല, കാറുമില്ല. വീട്ടുകാവല്ക്കാരു പടിക്കലിരിക്കയാണ് അപ്പോൾമുതൽ ഞാൻ?

അമ്മയെ വിളിച്ചു കരയുന്ന കുഞ്ഞിന്റെ സ്വരം പണിക്കരുടെ മനോദുഃഖത്തിന്റെ രീതിക്കു മാററമുണ്ടാക്കി. പരുഷദുർവഹമായ ശിശുസംരക്ഷണഭാരത്തെപ്പററിയുള്ള വിഷമംപിടിച്ച ചിന്തയിൽ മധുരദുസ്സഹമായ വിരഹവേദന മുങ്ങിപ്പോയി.

അറിവായകാലംമുതൽ താൻ ജീവിച്ച മായാലോകത്തിലും സുന്ദരസ്വപ്നങ്ങളിലുംനിന്ന്, കർക്കശമായ ജീവിതപാരുഷ്യങ്ങളിലേക്ക് ആ ശിശുവിന്റെ കരച്ചിൽ, തന്നെപ്പിടിച്ചുവലിക്കുന്നതായി അയാൾക്കു തോന്നി. ഇന്നുവരെ ഉത്തരവാദിത്വബോധം എന്തെന്നയാളറിഞ്ഞിട്ടില്ല. ആവശ്യപ്പെടുമ്പോഴെല്ലാം പണംകൊടുത്തും, നിയന്ത്രണമില്ലാതെ ചെന്നുചാടുന്ന ആപത്തുകളിൽനിന്നെല്ലാം രക്ഷപ്പെടുത്തിയും, വീട്ടുകാർ അയാളുടെമേൽ വാത്സല്യം ചൊരിഞ്ഞുകൊണ്ടിരുന്നു. ആ വാത്സല്യധാരയ്ക്കു വിച്ഛിത്തിവരുത്തിയത് രോഹിണിയായിരുന്നു. പരസ്യമായും സ്ഥിരമായും അയാൾ സമുദായത്തെ ധിക്കരിച്ചപ്പോൾ അവർക്കതിഷ്ടമായില്ല. പക്ഷേ, പിന്നീടുള്ള ജീവിതത്തിലും, ദീപാളിത്തത്തിൽക്കൂടെ ദാരിദ്ര്യത്തിലേക്ക് ആനന്ദവിസ്മൃതിയോടെ നീങ്ങിക്കൊണ്ടിരുന്നപ്പോഴും മേൽനോട്ടമെല്ലാം രോഹിണിക്കായിരുന്നു. അതുകൊണ്ട് കുടുംബഭരണത്തിന്റെ ബാദ്ധ്യതകളോ പണമിടപാടിന്റെ പ്രാരാബ്ധങ്ങളോ അപ്പോഴുമയാളറിഞ്ഞില്ല.

അങ്ങനെയുള്ള തന്റെ കർമ്മപ്രവണതയില്ലാത്ത, നിരാലംബമായ, തളർന്ന, കൈകളിലേക്ക് ആ പിഞ്ചുകുഞ്ഞിനെ വലിച്ചെറിഞ്ഞിട്ടു പോകാൻ രോഹിണിക്കെങ്ങനെ മനസ്സുണ്ടായി? കേശവൻ പറഞ്ഞപോലെ, അവളെന്തുചെയ്യുമെന്ന് ആർക്കും ഊഹിക്കവയ്യ. ഭർത്താവിലും കാമുകനിലുമെന്നമാതിരി സ്വന്തം കുഞ്ഞിനോടും ഒരു സ്ത്രീക്കു മടുപ്പുണ്ടാവുമോ? വേണ്ടെന്നുവച്ചവളെ തിരിച്ചുപിടിക്കാനെന്താണു വഴി?

മുറിയിൽ ഇരുട്ടുപരക്കുകയാൽ കേശവൻ വിളക്കിട്ടു. അച്ഛന്റെകഴുത്തിൽക്കൂടെ കൊച്ചുകൈകൾ ചുററി മാറിൽ പററിച്ചേർന്നുകിടന്ന ശിശുവിന്റെ ഉച്ചത്തിലുള്ള കരച്ചിൽ അപ്പോഴേക്കും താണുതാണ് ഏങ്ങലിൽ എത്തിക്കഴിഞ്ഞിരുന്നു.

പണിക്കർ പറഞ്ഞു. "ഈ കുഞ്ഞിനെയും കൊണ്ട് ഞാനെന്താണു ചെയ്ക? എല്ലാരെയും പിണക്കി വാങ്ങിയതെല്ലാം നശിപ്പിച്ചിട്ട് വീട്ടിലിനി പോകാൻ വയ്യ. ചെന്നാൽ കേററുകയുമില്ല. ആയയെവയ്ക്കാമെന്നുവച്ചാൽ ആയയും അരിവെപ്പുകാരനുമൊക്കെക്കൂടെ ശമ്പളത്തിനകത്തടങ്ങുമോ? കിടക്കാനൊരു വീടുപോലുമില്ല. ഈ വീടിന്റെ വാടകക്കുടിശ്ശികതന്നെ വളരെയുണ്ട്. അതൊക്കെക്കണ്ടുതന്നെ രോഹിണി പൊയ്ക്കളഞ്ഞത്. ഞാൻ തനിച്ചാണെങ്കിൽ എങ്ങനെയും കഴിയാം. പക്ഷേ, ഇതിനെയും കൊണ്ട് എങ്ങനെ ജീവിക്കും? എന്തൊരു വിധിയാണിത്? ആ മനുഷ്യന്റെ ശാപമായിരിക്കാം, ഭാര്യയെ പിടിച്ചെടുത്തതിന്. എന്നാലും വിശ്വസിച്ചവനെ വഞ്ചിച്ച പാപം, സ്നേഹിച്ചവളെ സുഖിപ്പിച്ച പുണ്യത്തിൽ നീങ്ങിപ്പോകേണ്ടതല്ലേ?"

"ആകപ്പാടെ ഇതൊരു പുലുമതന്നെ." യജമാനന്റെ ദുസ്ഥിതിയിൽ അനുതാപത്തിനു പകരം ആശ്ചര്യമാണ് കേശവനുതോന്നിയത്. "തന്തയില്ലാത്ത കുഞ്ഞിനെയും പിടിച്ച് ചില നെറികെട്ട പെണ്ണുങ്ങളിങ്ങനെ മേലും കീഴും നോക്കുന്നത് വല്ലടത്തുമെങ്കിലും കാണാം. ഇതിപ്പോൾ മറിച്ചായി തള്ളയില്ലാത്ത കുഞ്ഞും ദാരിദ്ര്യവും ദുഃഖവും ആരോരുമില്ലാത്ത അവസ്ഥയും എല്ലാം. ഈ കൊടുമയ്ക്കു പകരം അവരനുഭവിക്കാതെ പോവുമോ? അവനവൻ ചെയ്യുന്നതിന്റെ ഫലം അവനവൻ അനുഭവിച്ചുതന്നെ തീരും. ഇന്നല്ലെങ്കിൽ നാളെ അത്രേയുള്ളു വ്യത്യാസം."

ഭാവിയെപ്പററി ചിന്തിച്ചുകൊണ്ട് മുറിയിലങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്ന പണിക്കർ പെട്ടെന്നു നിന്നു. കേശവന്റെ വാക്കുകൾ രോഹിണിക്കു പകരം ഭൂതകാലത്തിലെ ഒരു ചിത്രത്തിൽ അയാളുടെ ശ്രദ്ധയെ പിടിച്ചുനിർത്തി. ഒരു പിഞ്ചുകുഞ്ഞിനെ മാറോടുചേർത്തു പിടിച്ച് നിസ്സഹായയായി തന്റെ മുമ്പിൽനിന്ന് അഭയമർത്ഥിക്കുന്ന ഒരു സാധുപ്പെൺകുട്ടിയുടെ രൂപം, വർഷങ്ങളുടെ വിടവിൽക്കൂടെ അയാളുടെ മുന്നിലേക്കു നീങ്ങിച്ചെന്നു.

പണിക്കർ ഓർത്തുനോക്കി, അന്നവളനുഭവിച്ച വ്യഥ എന്തായിരിക്കുമെന്ന്. വളരെയധികം ശിപാർശകൾചെയ്തു നഴ്സിംഗ്കോഴ്സിന് ചേർക്കപ്പെട്ടതിന്റെ മൂന്നാംകൊല്ലത്തിൽ മാതൃലക്ഷണങ്ങൾ കാണുകയാൽ ഉദ്യോഗപരിശീലനത്തിൽനിന്നു പുറന്തള്ളപ്പെട്ട് ഉപജീവനമാർഗ്ഗം അടഞ്ഞിട്ടും വീട്ടുകാരുടെ ശകാരവും നാട്ടുകാരുടെ പരിഹാസവും ഏററിട്ടും, അയാളിലുള്ള വിശ്വാസം അവൾ ത്യജിച്ചില്ല. അയാളുടെ സ്നേഹശീതളിമ, ശരീരത്തിന്റെ പീഡയും ദാരിദ്ര്യത്തിന്റെ ബാധയും അറിയാതെ തന്നെ കാത്തുകൊള്ളുമെന്നവൾ വിശ്വസിച്ചു. പക്ഷേ, ആ വിശ്വാസത്തെ പൊട്ടിച്ചിരിച്ചുകൊണ്ടയാൾ തകർത്തുകളഞ്ഞു. ആ ജീവിതം നാനാവിധത്തിലും നശിപ്പിച്ച താൻ അവളോടൊരു കരുണയും കാട്ടിയില്ല.

ശാരീരികമായ ദുരിതങ്ങളോടൊപ്പം സ്നേഹനഷ്ടംകൊണ്ടുള്ള ഹൃദയവേദനയുംകൂടെ അവളങ്ങനെ സഹിച്ചെന്നു ഇപ്പോഴയാൾ വിസ്മയിച്ചു. അന്ന്, രോഹിണിയുടെ സ്നേഹവലയത്തിൽ വീണുതുടങ്ങിയ താൻ അതൊന്നും ആലോചിച്ചേയില്ല. കുററവാളിയെ കുററപ്പെടുത്താൻ ഭയന്ന ആ പാവപ്പെട്ട ബാലികയെ തന്റെ വീട്ടുകാർ മഹാമനസ്കതകൊണ്ടു സഹായിച്ചിരിക്കാം; മകനോടുള്ള സ്നേഹക്കൂടുതൽകാരണം, ഉപദ്രവിച്ചെന്നും വരാം. ഒന്നുമാത്രം അടുത്തകാലത്തയാളറിയാനിടയായി—എത്ര കഷ്ടപ്പെട്ടിട്ടും സന്മാർഗ്ഗത്തിൽനിന്നും വ്യതിചലിക്കാതെതന്നെ അവൾ ജീവിക്കുകയാണെന്ന്.

രണ്ടുകുഞ്ഞുങ്ങളും ഒരു [illegible] ഭർത്താവും ഉൾപ്പെട്ട ഒരു കുടുംബത്തി[illegible]ത്തിൽ ജീവിക്കാൻ തന്റെ ശമ്പളം തികയുമോ എന്ന് പണിക്കർ ആലോചിച്ചുനോക്കി.

തികഞ്ഞാലും ഇല്ലെങ്കിലും ഉടനെ താനൊരു തീർച്ചയിലെത്തി[illegible] എന്നോർമ്മവന്നപ്പോൾ അയാൾ ആലോചന നിർത്തിയിട്ടെണീററ് കേശവനോടുപറഞ്ഞു "പോയി ഒരു കാർ പിടിച്ചുകൊണ്ടുവരൂ."

കേശവൻ ഒന്നും ചോദിക്കാതെ ആജ്ഞയനുസരിക്കാൻ പോയി. പണിക്കർ കുഞ്ഞിനെ കിടക്കയിൽ കിടത്തിയിട്ട് അതിന്റെ സാമാനങ്ങൾ എല്ലാം പെട്ടിക്കകത്താക്കിവച്ചു യാത്രയ്ക്കു തയാറായി.

കേശവൻ കാറുമായി മടങ്ങിച്ചെന്നു. പെട്ടികൾ കാറിനകത്തുവയ്പിച്ചശേഷം പണിക്കർ കുഞ്ഞിനെയുംകൊണ്ട് കാറിൽ കേറാൻ തുടങ്ങിയപ്പോൾ അയാൾ ചോദിച്ചു "അങ്ങുന്നീരാത്രി എവിടെപ്പോകയാണ്."

"എന്റെ കുഞ്ഞിന്റെ അമ്മയുടെ അടുത്തേക്ക്" പണിക്കർ പറഞ്ഞു. "സ്വന്തം കുഞ്ഞിനെപ്പോലെ ഇതിനെയും അവൾ നോക്കിക്കൊള്ളും. എന്റെ ഇന്നത്തെ അവസ്ഥയിൽ അതല്ലാതെ രക്ഷയില്ല. ഒരു പക്ഷേ എന്നെക്കൊണ്ട് തെററുതിരുത്താനായി ഈശ്വരനിങ്ങനെയൊരു സന്ദർഭം ഉണ്ടാക്കിയതും ആവാം."

കേശവൻ ചോദിച്ചു. യജമാനന്റെ പൂർവ്വചരിത്രം ഏറെക്കുറെ അറിയാവുന്ന ഇവിടത്തെ കൊച്ചമ്മ, ഒരു പക്ഷേ, എങ്ങും പോകാതെ മടങ്ങിവരുന്നെങ്കിൽ—"

"എന്തായാലും എന്നെ ഇനി തിരക്കേണ്ടെന്നു പറഞ്ഞേക്കു. രോഹിണിയുടെവഴിക്കു, അവൾ പോകട്ടെ; എന്റെ വഴിക്ക് ഞാനും. അരുതാത്തതു ചെയ്യുന്നതിന്റെ ലഹരിപിടിച്ചെനിക്കു മതിയായി. മനസ്സമാധാനത്തോടെ കഴിയണമെന്ന ആഗ്രഹമേയുള്ളൂ. അവസാനം ഞാനതുതീർച്ചപ്പെടുത്തിക്കഴിഞ്ഞു. താനൊരു കാര്യംചെയ്യണം. രോഹിണിയോ രോഹിണിയുടെ ആളോ വരുന്നതുവരെ—അല്ലെങ്കിൽ വീട്ടുടമസ്ഥൻ ആവശ്യപ്പെടുന്നതുവരെ—ഈ വീടു സൂക്ഷിക്കുന്നഭാരം തനിക്കാണ്."

കേശവൻ, സ്വപ്നദർശിയെപ്പോലെ അമ്പരന്നുനിന്നതല്ലാതെ ഒന്നും മിണ്ടിയില്ല.

അമ്പരപ്പ് അല്പമടങ്ങിയപ്പോൾ അയാൾ വീട്ടിനകത്തുകേറി പൂമുഖപ്പടിയിലിരുന്നു.

ഒന്നൊന്നരമണിക്കൂർ കഴിഞ്ഞിരിക്കും, വീണ്ടുമൊരു കാർ ഗേററിങ്കൽ നില്ക്കുന്നു. ശബ്ദംകേട്ട് കേശവൻ ഓടിച്ചെന്നു. കാറിലിരുന്ന സ്ത്രീ ആജ്ഞാപിച്ചു. "ഗേററു തുറക്കു."

കേശവൻ പതുക്കെ ഗേററു തുറന്നുവച്ചു. രോഹിണി ഗേററിന്നകത്തേയ്ക്കു കാർ കടത്തി. വീട്ടിന്നകത്തെ നിശ്ശബ്ദതകണ്ട് അവർ ചോദിച്ചു. "കുഞ്ഞും അച്ഛനും ഉറക്കമായി, ഇല്ലേ? പറയാതെ പോയതുകൊണ്ട് എന്നോടു വല്ലായ്മ തോന്നിയിരിക്കും. മടങ്ങിവരാനും കുറച്ചുതാമസിച്ചുപോയി, എന്നാലും അത്രമാത്രം വിലപിടിച്ച ഒരു സംഗതി ഞാൻ സാധിച്ചിട്ടുള്ളതറിയുമ്പോൾ വല്ലായ്മയെല്ലാം നീങ്ങിപ്പോവും."

കേശവൻ വിഷണ്ണഭാവത്തിൽനിന്നു. രോഹിണി കാറിൽനിന്നിറങ്ങി അയാളതുവരെ കേട്ടിട്ടില്ലാത്ത ഒരു സ്വരത്തിൽ പറഞ്ഞു. "കേശവാ, കാർ വില്ക്കാൻപോകയാണ് എന്റെ ഒരു സ്നേഹിത വാങ്ങാമെന്നേററു. നാക്കിന്റെ നെറികേടു പോക്കിയാൽ നല്ലവനാണെന്നു ഞാൻ പറഞ്ഞതുകൊണ്ട് നാളെക്കാലത്തെ കാറുംകൊണ്ട് താനങ്ങുപോയേച്ചാൽ മതി. ഇതിന്റെ വില കിട്ടിയിട്ടുവേണം, കൊടുക്കാനുള്ളവർക്കൊക്കെ കൊടുത്തുതീർക്കാൻ. എന്നിട്ട്—" വൈദ്യുതവെളിച്ചത്തിൽ തിളങ്ങിനിന്ന ആ വീട്ടിലാകെ ഒന്നു നോക്കിയിട്ട് അവൾ ദീർഘനിശ്വാസപൂർവം തുടർന്നു—"ചെറിയൊരുവീടും ഏർപ്പാടുചെയ്തുകഴിഞ്ഞു. വലിയ വീടും വേ

# സാഹിത്യവിദ്യ

(നിരൂപണം)

സൂക്ഷ്മമായ വിചാരവും ഓജസ്വിയായ ഭാഷയും ഒരുപോലെ ആകര്‍ഷകമാക്കിയിട്ടുള്ള ഒരു ലഘുവിമര്‍ശഗ്രന്ഥമത്രെ ശ്രീ കുട്ടിക്കൃഷ്ണമാരാരുടെ സാഹിത്യവിദ്യ. പല വിമര്‍ശഗ്രന്ഥങ്ങള്‍ വഴിയായി ശ്രദ്ധേയനായ ഒരു നിരൂപകന്‍ എന്ന പേരെടുത്തിട്ടുള്ള ശ്രീ മാരാരുടെ സാഹിത്യവിദ്യ അതര്‍ഹിക്കുന്ന നിഷ്കര്‍ഷയോടെ വായിച്ചു. പ്രതീക്ഷകള്‍ ഫലിച്ചു. രാജാങ്കണം തുടങ്ങിയ അദ്ദേഹത്തിന്റെ ചില കൃതികള്‍ സാവധാനം പരിശീലിച്ചപ്പോള്‍ തെളിഞ്ഞുകണ്ട ആ പ്രത്യേകതകള്‍ പ്രകൃതഗ്രന്ഥത്തിലും അവയുടെ മുദ്രകള്‍ പതിപ്പിച്ചിട്ടുണ്ട്:—നിപുണമായ ചിന്താഗതി പലപ്പോഴും വിചാരാസഹമായ സിദ്ധാന്തങ്ങളില്‍ ചെന്നുനില്‍ക്കുന്നു; ചിലപ്പോള്‍ വാദഭംഗികള്‍ ശിഥിലങ്ങളും സ്ഥൂലങ്ങളുമാണെങ്കിലും സിദ്ധാന്തങ്ങള്‍ ഉന്നതങ്ങളും മഹനീയങ്ങളുമായിട്ടുണ്ടുതാനും. സാഹിത്യത്തിന്റെ ശാസ്ത്രീയമായ ഉള്ളടക്കം, അതില്‍ ജീവിതയാഥാര്‍ത്ഥ്യത്തിനും സത്യസൌന്ദര്യങ്ങള്‍ക്കുമുള്ള സ്ഥാനം, സൌന്ദര്യബോധത്തിനു യുക്തിബോധത്തോടുള്ള ചാര്‍ച്ച, സംഗീതസാഹിത്യങ്ങളുടെ പരസ്പരബന്ധം, സാഹിത്യനിര്‍മ്മാണത്തില്‍ ഭാവശൂന്യശില്പങ്ങള്‍ക്കുള്ള നില, നാടകപ്രസിദ്ധമായ സന്ധിശില്പത്തിന്റെ അര്‍ത്ഥനിഷ്കര്‍ഷം, ജീവിതത്തില്‍ കല ചെലുത്തുന്ന പ്രഭാവം, സാഹിത്യാസ്വാദനം, നിരൂപണസ്വഭാവം, എന്നീ ഗുരുതരമായ വിഷയങ്ങളാണ് സാഹിത്യവിദ്യയില്‍ പരീക്ഷിക്കപ്പെട്ടിട്ടുള്ളതു്. ഇവയെ കുറിച്ച് മാരാര്‍ തയ്യാറാക്കിയിട്ടുള്ള സിദ്ധാന്തങ്ങള്‍ എത്രതന്നെ വിവാദഗ്രസ്തങ്ങളാണെങ്കിലും, യഥാപൂര്‍വ്വം തീരുമാനിക്കേണ്ട പല പ്രശ്നങ്ങളും ഇവയില്‍നിന്നുദിക്കുന്നുണ്ടെന്നുള്ളതിനു രണ്ടു പക്ഷമില്ല. ശ്രീ. മാരാര്‍ ഈ പ്രശ്നങ്ങളെ എങ്ങനെ നേരിടുന്നു എന്നു നോക്കാം.

സാഹിത്യവിദ്യ എന്ന ആദ്യത്തെ ഉപന്യാസത്തില്‍ പാശ്ചാത്യനിരൂപകന്മാരുടെ കാഴ്ചയുള്ള ക്രമ്മയെ വാഴ്ത്താന്‍ സംസ്കൃതാലങ്കാരികന്മാരുടെ ഹ്രസ്വദൃഷ്ടിയെ മാരാര്‍ ചൂണ്ടിക്കാണിക്കുന്നു. “ദണ്ഡിമുതല്‍ പണ്ഡിതരാജന്‍വരെയുള്ള ആലങ്കാരികന്മാര്‍ കവിതയുടെ വിദ്യാംശത്തിലേക്കു തിരിഞ്ഞുനോക്കിയിട്ടില്ല.” ഇതുകൊണ്ടുതാനും വെറും ഭാവപ്രധാനമായ ഒരു വ്യാപാരമായിട്ടാണു കവിതയെ അഥവാ സാഹിത്യത്തെ സംസ്കൃതാലങ്കാരികന്മാര്‍ സങ്കല്പിച്ചിട്ടുള്ളതെന്നു്. എന്നാല്‍ കവി ക്രാന്തദര്‍ശിയാണ്; ‘നാനൃഷിഃ കവിഃ’ എന്നൊക്കെ ധരിച്ചിരുന്ന ആചാര്യന്മാര്‍ ബൌദ്ധം അഥവാ ശാസ്ത്രീയമായ വിദ്യാംശത്തിനും ഉചിതമായ പരിഗണന കാവ്യനിര്‍മ്മാണചര്‍ച്ചയില്‍ നല്‍കിയിട്ടുണ്ട്. ഇതേതാണ്ട് ഈ ഗ്രന്ഥത്തിന്റെ രണ്ടാംവശത്തു സമ്മതിച്ചിട്ടുമുണ്ട്. തൊട്ടടുത്തു “വിദ്യാത്വം സ്ഥാപിതങ്ങളായ ചില ജീവിതസിദ്ധാന്തങ്ങളെ, സത്യസന്ധത ചാരിത്രം തുടങ്ങിയവയെ, സമര്‍ത്ഥിക്കുന്നതില്‍ കവിത്തില്ലെന്ന് അവര്‍ തീരുമാനിച്ചു” എന്നും പറയുന്നു. അപ്പോള്‍ മാരാരുടെ ആക്ഷേപസാരം ജീവിതസിദ്ധാന്തങ്ങളെല്ലാം കവിതയില്‍ക്കൊള്ളിക്കണമെന്ന് ആചാര്യന്മാര്‍ അനുശാസിക്കുന്നില്ലെന്നുമാത്രമായിച്ചുരുങ്ങും. കാരണം, സത്യസന്ധത തുടങ്ങിയവയും ജീവിതയാഥാര്‍ത്ഥ്യങ്ങളെ ആശ്രയിച്ചുണ്ടായിട്ടുള്ള സിദ്ധാന്തങ്ങളാണല്ലോ.

പാശ്ചാത്യ നിരൂപകന്മാരുടെ ദൃഷ്ടി ജീവിതത്തിന്റെ വിദ്യാപരമായ എല്ലാമേന്മകളിലും ചെന്നിട്ടുണ്ടത്രെ. ഈവക മേന്മകള്‍ പരിഗണനം ചെയ്തിട്ടില്ലാത്തതിനാല്‍ അവ്യക്തമായി അവശേഷിക്കുന്നു. ഏതായാലും ‘ലോകശാസ്ത്രകാവ്യാദ്യവേക്ഷണം’ ‘ശ്രുതഞ്ച ബഹുനിര്‍മ്മലം’ എന്നിവയൊക്കെക്കൂടാതെ ആര്‍ക്കും കവിയാകാന്‍ കഴികയില്ലെന്നു വിധിച്ച സംസ്കൃതാലങ്കാരികന്മാര്‍ വിദ്യാതത്ത്വത്തിനു കവിതയില്‍ വേണ്ടുവോളം സ്ഥാനം അനുവദിച്ചിട്ടുണ്ടെന്നത്രെ പരമാര്‍ത്ഥം. വിദ്യാത്വപ്രദര്‍ശനത്തിന് അവര്‍ അംഗീകരിച്ചിട്ടുള്ള ഉപാധികള്‍—നായികാനായകന്മാരുടെ പിരിവുകള്‍, ഇതിവൃത്തസ്വഭാവം തുടങ്ങിയവ—കൂടുതല്‍ വികസിപ്പിക്കത്തക്കതുതന്നെ. അതിലാണു സാഹിത്യത്തിന്റെ വികാസം അഥവാ പുരോഗമനം വാസ്തവത്തില്‍ സ്ഥിതിചെയ്യുന്നതും.

ഈ ഉപന്യാസത്തില്‍ ചില പുതിയ വാദകോടികള്‍ ശ്രീ മാരാര്‍ നിരത്തിയിട്ടുണ്ട്. കലാനിരൂപകനായ ഒരുവന് സാഹിത്യനിരൂപണത്തില്‍ അമളികള്‍ പിണയുംപോലും. സാഹിത്യം ഒരു കലതന്നെയെങ്കിലും, സാഹിത്യത്തിനു മാത്രമുള്ള ആ പ്രത്യേകത, സ്വലക്ഷണത, ആ കലാനിരൂപകന്‍ ധരിക്കാത്തതാകണമല്ലോ അയാളുടെ അമളികള്‍ക്കു നിദാനം. എന്തുകൊണ്ടാണാദോഷം അയാള്‍ക്കു പരിഹരിച്ചുകൂടാ? പരിഹരിച്ചാല്‍ മാരാര്‍ ആശങ്കിക്കുന്ന മാര്‍ഗ്ഗഭ്രംശങ്ങളില്‍നിന്ന് അയാള്‍ക്കു രക്ഷപ്പെട്ടുകൂടേ? ചില കലാനിരൂപകന്മാര്‍ അപസിദ്ധാന്തങ്ങള്‍ എഴുന്നള്ളിച്ചതുകൊണ്ട് ഒരു കലാനിരൂപകനും സാഹിത്യത്തില്‍ കൈവയ്ക്കരുതെന്ന നിഷേധം എത്ര സാഹസം?

“സാഹിത്യവിദ്യയുടെ ലക്ഷ്യം ജ്ഞാനലബ്ധിയാണു; അന്തഃകരണവൃത്തികളില്‍ സര്‍വ്വതോമുഖമായ ഒരു ശുദ്ധികര്‍മ്മം നടത്തലാണ്” നിപുണമായ ചിന്താഗതി മാരാരെ ചിലപ്പോള്‍ അഭദ്രമായ സിദ്ധാന്തങ്ങളില്‍ എത്തിക്കുമെന്നു പറഞ്ഞതിനു ഒരുദാഹരണമത്രെ ഈ നിരീക്ഷണം. സാഹിത്യവിദ്യ വിജ്ഞാനലാഭത്തില്‍ കലാശിക്കുന്നു എന്നു പറയുക കുറേ ഏറെ സ്ഥൂലമാണ്. ഈ ലക്ഷ്യനിര്‍ദ്ദേശത്തിന് അതിവ്യാപ്തി ദോഷമുണ്ട്. ശാസ്ത്രങ്ങളുടെ ലക്ഷ്യവും ജ്ഞാനലാഭമല്ലെങ്കില്‍ പിന്നെന്തു? തന്മൂലമുണ്ടാകുന്ന മനഃസംസ്കാരവും?

വാസ്തവത്തില്‍ സാഹിത്യം ചിത്തശോധനം നിര്‍വ്വഹിക്കുന്നതു ഭാവോത്തേജനദ്വാരാ ഉള്ള രസപരിപാടിയിലൂടെയാണെന്ന സംഗതി പ്രസിദ്ധമാകുന്നു. അതുതന്നെയാണ് കലാവ്യാപാരങ്ങളുടെ വ്യാവര്‍ത്തകധര്‍മ്മം, ഇക്കഥമറച്ചു പുതുമയ്ക്കുവേണ്ടി ചെയ്യുന്ന നിരീക്ഷണങ്ങള്‍ അലക്ഷ്യങ്ങളാകുന്നതില്‍ എന്തത്ഭുതം?

വിചിത്രമായ മറ്റൊരാശയം, “സാഹിത്യവിദ്യയിലെ കലപ്പാണ് കല” എന്ന സൂത്രവാക്യത്തില്‍ കാണാം. വിരോധാഭാസങ്ങള്‍ ചിലപ്പോള്‍ ഫലിക്കാറുണ്ട്. എന്നാല്‍ വസ്തുസ്ഥിതി ഇത്രയേറെ മാറിമറിച്ചും ഞെരിച്ചുതിരിച്ചും വികലപ്പെടുത്തുക അക്ഷന്തവ്യമാണ്. വിദ്യ എന്ന ശബ്ദം ഏച്ചുകെട്ടിയതുകൊണ്ട് സാഹിത്യം കലാവിശേഷമാകാതിരുന്നെങ്കില്‍ ഈ ചെപ്പടിവിദ്യ കുറഞ്ഞപക്ഷം ഒരു നേരമ്പോക്കെങ്കിലുമാകുമായിരുന്നു. സാഹിത്യവിദ്യ എന്ന പദത്തിന് സാഹിത്യത്തിലെ വിദ്യാംശം, ഭാവേതരമായ ഉള്ളടക്കം എന്നര്‍ത്ഥമാണ് ശ്രീ: മാരാര്‍ ഉദ്ദേശിച്ചിട്ടുള്ളതു്. അപ്പോള്‍ ഭാവേതരമായ അംശങ്ങള്‍ സാഹിത്യത്തില്‍ വെറും പ്രധാനം മാത്രമല്ല, അതിന്റെ തനിരൂപംതന്നെയാകുന്നു എന്ന വാദം സാഹിത്യത്തിന്റെ ഭാവാത്മകത മാനുപായതിനാലുണ്ടായതാകാനേ തരമുള്ളു. അങ്ങനെ മാരാരുടെ വാദപ്രകാരം സാഹിത്യം സാഹിത്യത്തിലെ കലപ്പാണെന്നാകും; കാരണം, ഭാവാത്മക കലകള്‍ക്കെല്ലാം ഒരുപോലെ തുല്യമാകുന്നു. പരീക്ഷകന്മാര്‍ക്ക് എക്കാലവും വ്യക്തമായിരുന്നിട്ടുള്ള പ്രകൃതതത്ത്വമോ?—ഭാവോത്തേജനമെന്ന സാഹിത്യവ്യാപാരത്തെ, ഉപായരൂപേണ, തത്സന്നിവിഷ്ടമായ ആശയങ്ങള്‍, അതിന്റെ വിദ്യാംശം, സഹായിക്കുമെന്നുള്ളതത്രെ.

മുന്‍കാണിച്ച വൈചിത്ര്യങ്ങളുടെ ഇടയ്ക്കു മാന്യമായ പല ആശയങ്ങളും കടന്നുകൂടിയിട്ടുണ്ട്. “ഭാവചിന്താസംവിധാനത്തിന്റെ ഉത്തുംഗശൃംഗത്തിലാണ് സാഹിത്യത്തിലെ കല വാഴ്ചകൊള്ളുന്നതു്” എന്ന ഉദാഹരണം നോക്കുക. പക്ഷെ, ‘കല സാഹിത്യത്തിലെ കലപ്പാണു താനും!!

സാഹിത്യത്തില്‍ സന്നിവേശം അര്‍ഹിക്കുന്ന ജീവിതയാഥാര്‍ത്ഥ്യങ്ങള്‍ സൂക്ഷ്മതത്ത്വങ്ങളും ജീവിതരഹസ്യങ്ങളുമായിരിക്കും. പരോക്ഷയാഥാര്‍ത്ഥ്യങ്ങള്‍ ക്രാന്തദര്‍ശികളായ കവികള്‍ ചൂണ്ടിക്കാണിക്കുമ്പോഴേ സാമാന്യദൃഷ്ടിക്കു വിഷയീഭവിക്കു. ഇവയുടെ പുതുമയും പൊലിമയുമത്രെ സാഹിത്യോല്‍ക്കര്‍ഷത്തിന്റെ മാനദണ്ഡം. ഇതൊക്കെ നിരാക്ഷേപങ്ങളായ സംഗതികള്‍തന്നെ. പക്ഷെ ഇവയില്‍നിന്നെല്ലാം ശ്രീ: മാരാര്‍ എത്തിച്ചേരുന്ന നിഗമനമോ? “സ്ഥൂലോപാധികളെ സാഹിത്യത്തില്‍ സ്വീകരിക്കുന്നതു് സൂക്ഷ്മത്തിനുവേണ്ടിയാണെന്നിരിക്കെ കവി എടുക്കുന്ന സ്ഥൂലഭാവങ്ങളെ ചികഞ്ഞുനോക്കേണ്ടതില്ല. സ്വീകരിക്കപ്പെട്ട സ്ഥൂലഭാവം വല്ല സൂക്ഷ്മഭാവത്തെയും ആവിഷ്കരിക്കുന്നോ എന്നു നോക്കിയാല്‍മതി.” പ്രധാനമായ ഒരു ജീവിതയാഥാര്‍ത്ഥ്യത്തിന്റെനേര്‍ക്ക് കണ്ണടച്ചതുകൊണ്ട് പറ്റിയ പ്രമാദമാണ് മുകളില്‍ കൊടുത്ത വാക്യങ്ങളില്‍ അടങ്ങിയിരിക്കുന്നതു്. സത്യസന്ധത തുടങ്ങിയ സൂക്ഷ്മഭാവങ്ങള്‍ അഭിജാതരായ നായികാനായകന്മാരില്‍ കുടികൊള്ളുന്നതായി കാണിക്കുന്ന സാഹിത്യം നന്നേ വിലയുള്ളതുതന്നെ; കാരണം, അഭിജാതരും മനുഷ്യര്‍തന്നെ ആണല്ലോ. എന്നാല്‍ ഈ സൂക്ഷ്മഭാവങ്ങളെ ഉദാഹരിക്കാന്‍ ഏഴകളെ സ്ഥൂലോപാധി ആക്കിയാല്‍ വരുന്ന പ്രായോഗികഫലം അനുവാചകഹൃദയത്തിന്റെ അനര്‍ഘമായ വികാസമാണ്:—മനുഷ്യവര്‍ഗ്ഗത്തോടാകമാനം ആദരവും സ്നേഹവും വര്‍ദ്ധിക്കുന്നു. അങ്ങനെ സമത്വവും സാഹോദര്യവും കൂടുതല്‍ പുലരുക; ഈ ക്രമത്തിലത്രെ സാഹിത്യം ജീവിതത്തെ സംസ്കരിക്കേണ്ടതു്.

സത്യവും സൌന്ദര്യവുമെന്ന ഉപന്യാസത്തില്‍ സുസൂക്ഷ്മമായി ചിന്തിക്കേണ്ട ഒരു വിഷയത്തെക്കുറിച്ച് ചില അഭിപ്രായങ്ങള്‍ കാണുന്നുണ്ട്. ഇവ സത്യസൌന്ദര്യങ്ങളില്‍ കൂടുതല്‍ പ്രകാശം ചൊരിയുന്നു എന്നുപറയുവാന്‍ പ്രയാസം. ‘സൌന്ദര്യനിരീക്ഷണ’ത്തില്‍നിന്ന് അനുമോദപൂര്‍വ്വം ഉദ്ധരിച്ചുചേര്‍ത്തിട്ടുള്ള ഒരു ഭാഗം നോക്കുക”..........അനുഭവങ്ങളില്‍ ചിലതിനുമാത്രമേ സൌന്ദര്യബോധത്തെ ഉണര്‍ത്താന്‍ കഴിയുള്ളു. അങ്ങിനെയുള്ള അനുഭവവിശേഷങ്ങളെപ്പറ്റി നമ്മിലുള്ള ഒരു മൌലികശക്തി ചെയ്യുന്ന വിധിതീര്‍പ്പാണു സൌന്ദര്യം. അതായതു് സൌന്ദര്യബോധത്തെ ഉണര്‍ത്തുന്ന അനുഭവങ്ങളെക്കുറിച്ചു ചെയ്യുന്ന വിധിതീര്‍പ്പാണു സൌന്ദര്യം! സൂക്ഷ്മചിന്തവശമുള്ള മാരാര്‍ ഇതെങ്ങനെ സൌന്ദര്യത്തെ വിശദമാക്കുന്ന ഒരു നിര്‍വ്വചനമായി, അഭിപ്രായമായി, സ്വീകരിച്ചു എന്നു കാണാന്‍ വിഷമമുണ്ട്.

സൌന്ദര്യതത്ത്വമിത്തരത്തില്‍ ധരിച്ചിട്ടു സത്യം, സദാചാരം, സൌന്ദര്യം എന്നിവയെക്കുറിച്ചുള്ള ബോധങ്ങള്‍ തമ്മില്‍ ഇണങ്ങാതെ ഇടയുന്ന സന്ദര്‍ഭങ്ങള്‍ ഉണ്ടെന്ന ആപത്തിയെ ദൂരീകരിക്കാന്‍ ശ്രീ മാരാര്‍ നല്‍കുന്ന വിശദീകരണങ്ങളും പ്രയോജനകരങ്ങളായിട്ടില്ല. ലോകത്തിലുള്ള സമരങ്ങളെല്ലാം സത്യവും അസത്യവും തമ്മിലാണത്രെ. എത്ര ഉപരിപ്ലവമായ ഒരു നിരീക്ഷണമാണിതു? ഈശ്വരനും ചെകുത്താനും തമ്മിലാണു യുദ്ധം നടക്കുന്നതു്. എന്നു പറയുംപോലുള്ള ഒരു പഴംകഥമാത്രമാണീ സത്യാസത്യസമരകഥയും. സൂക്ഷ്മചിന്തകന്മാര്‍ ചൂണ്ടിക്കാണിച്ചിട്ടുണ്ട് ഇടച്ചിലുകള്‍ സത്യത്തിന്റെതന്നെ വിഭിന്നവശങ്ങള്‍തമ്മിലാണ്, ഏറക്കുറച്ചിലുകള്‍തമ്മിലാണ് എന്ന്. വെളുപ്പും കറുപ്പുംപോലെ അന്യോന്യഭാവരൂപങ്ങളല്ല ജീവിതത്തില്‍ സത്യാസത്യങ്ങള്‍. നമുക്കു ധരിക്കാന്‍കഴിവില്ലാത്തതോ മനസ്സില്ലാത്തതോ ആയ സംഗതികള്‍ അസത്യമെന്നു നാം മുദ്രയടിക്കുന്നു; എതിര്‍പക്ഷം നമ്മുടെ നിലയേയും. ഇടച്ചിലുകളുടെ ഫലമായി സത്യം ജയിക്കുകയും അസത്യം തോല്‍ക്കുകയുമല്ല ചെയ്യുന്നതു്. ഇവയായി തെററിദ്ധരിക്കപ്പെട്ട ഏകദേശബോധങ്ങള്‍ക്കു കൂടുതല്‍ വ്യാപ്തിയും ഒത്തിരിപ്പുമാണു സംഭവിക്കുന്നതു്. അങ്ങനെ ബോധങ്ങളുടെ ഏകദേശീയത പരിഹരിക്കപ്പെടുന്നു; അവ വസ്തുസ്ഥിതിക്കു കൂടുതല്‍ അനുഗുണമായിത്തീരുന്നു. ചരിത്രത്തിലും സാഹിത്യത്തിലും ഉദാഹരണങ്ങള്‍ സുലഭം.

കലാകാരന്‍ സത്യത്തിന്റെ കൊടിയേ പിടിക്കാവൂ എന്ന നിര്‍ദ്ദേശവും സത്യാസത്യങ്ങളെക്കുറിച്ചുള്ള ‘ശുദ്ധഗതി’കൊണ്ടുണ്ടായതാണ്. കലാകാരന്റെ കഴിവുകള്‍ക്കൊത്തവണ്ണമല്ലാതെ, നിരപേക്ഷമായ ശുദ്ധസത്യത്തെ ഗ്രഹിക്കുന്നതിനോ പ്രചരിപ്പിക്കുന്നതിനോ അയാള്‍ക്കു കഴികയില്ല. ആസ്വാദകന്റെ നിലയും ഇതുതന്നെ. അതിനാല്‍ നമ്രതയോടും സഹിഷ്ണുതയോടുംകൂടി പലരുടെയും സത്യദര്‍ശനങ്ങള്‍ പലതാകാമെന്നു ധരിച്ച് അവനവന്റെ ആംശികദര്‍ശനങ്ങളെ വിപുലീകരിക്കാന്‍ യത്നിക്കുകയത്രെ കരണീയം.

സത്യവും സൌന്ദര്യവും ഒന്നെന്നിരിക്കെ അവ ചിലപ്പോഴൊക്കെ ഭിന്നാസ്പദമായിരിക്കുന്നു എന്ന പ്രതീതി ഇവയെക്കുറിച്ചുള്ള ബോധത്തിന്റെ വികലതകള്‍കൊണ്ടാണുപോലും. സത്യസൌന്ദര്യങ്ങള്‍ ഒന്നെന്ന ചൊല്ലു് വേണ്ടവണ്ണം ഗ്രഹിക്കാത്തതുകൊണ്ടുണ്ടാകുന്ന ഭ്രമങ്ങളാണ് ഈ അഭിപ്രായത്തില്‍ സ്ഫുരിക്കുന്നതു്. ഒരേ യാഥാര്‍ത്ഥ്യത്തെ ഭിന്നമായ രണ്ടു നിലപാടുകളില്‍നിന്നു നോക്കുമ്പോള്‍ ഉളവാകുന്ന പ്രതീതികളെ നാം സത്യമെന്നും സൌന്ദര്യമെന്നും പറയുന്നു. ഇവയുടെ ഐക്യമാകട്ടെ സത്യമെന്നും സൌന്ദര്യമെന്നും ഉള്ള നിലയിലല്ല അനുഭവപ്പെടുന്നതു്. ഇവ വിഭിന്നവശങ്ങള്‍ തന്നെ. യാതൊരു യാഥാര്‍ത്ഥ്യത്തിന്റെ വിഭിന്നവശങ്ങളോ ഇവ അതിനെക്കുറിച്ചുള്ള ബോധമുദിക്കുമ്പോള്‍ ഇവയുടെ മൌലികമായ ഐക്യം അനുഭവപ്പെടുന്നു. ഈ സംഗതി ധരിച്ചാല്‍ മേല്‍സൂചിപ്പിച്ച സംശയങ്ങള്‍ക്കിടമില്ല. സുന്ദരമായി മാത്രം അനുഭവപ്പെടുന്ന പദാര്‍ത്ഥത്തില്‍ യാഥാര്‍ത്ഥ്യത്തിന്റെ സുന്ദരവശം ഏറെയും സത്യവശം കുറച്ചും പ്രകാശിച്ചു എന്നു വരാം; അഥവാ അനുഭവിതാവിന്റെ സൌന്ദര്യബോധം സത്യബോധത്തെക്കാള്‍ കൂടുതല്‍ വികസിതമായിട്ടുള്ളതാവാം. മറിച്ചു്, ശ്രീ. മാരാര്‍ ഉപദേശിക്കുംപോലെ, സൌന്ദര്യാനുഭൂതിയുള്ളിടങ്ങളില്‍ സത്യവുമുണ്ട്; സത്യാനുഭൂതിയില്‍ സൌന്ദര്യവും എന്നായുക്കാന്‍ വെമ്പുക ഒരുമാതിരി ആത്മവ്യാമോഹനമാണുതാനും.

അടുത്തുള്ള സൌന്ദര്യം സൌന്ദര്യത്തിനുവേണ്ടിയതല്ല എന്ന സൂചനയും നിപുണമല്ല. അങ്ങനെ ആയാല്‍ വരുന്ന ആപത്തിയെന്താണ്? കല കലയ്ക്കുവേണ്ടിയാകും. ഈ മുദ്രാവാക്യം കലാനിര്‍മ്മാണത്തില്‍ കലാകാരന്‍ പുലര്‍ത്തുന്ന മാനസഭാവത്തെ കുറിക്കമാത്രമേ ചെയ്യുന്നുള്ളൂ. കലാകര്‍മ്മത്തില്‍ പ്രകാശിക്കേണ്ട കര്‍മ്മയോഗത്തെ അല്ലാതെ, ആസ്വാദനദശയില്‍ കല ഫലപ്രദമല്ലെന്നോ ആയിക്കൂടെന്നോ സൂചിപ്പിക്കുകപോലും ചെയ്യുന്നില്ല. വിശേഷിച്ചും, സൌന്ദര്യം സത്യംതന്നെ എന്നു സിദ്ധാന്തിക്കുന്നവന്‍ സൌന്ദര്യം സൌന്ദര്യത്തിനുവേണ്ടിതന്നെ എന്നു വാദിക്കേണ്ടുന്നവനുമാകുന്നു. അതോ സത്യവും മററുവല്ലതിനും വേണ്ടിയാകാമോ, ആവോ?

മററാരനിഷ്ടഫലംകൂടി മാരാരുടെ സത്യസൌന്ദര്യദര്‍ശനത്തിനു പിണഞ്ഞിട്ടുണ്ട്. സത്യബോധം വളര്‍ത്തുംതോറും ഒരുവന്റെ കൃതി കൂടുതല്‍ സുന്ദരവുമാകുമത്രെ. അപ്പോള്‍ ഐന്‍സ്റ്റൈന്റെ കൃതികള്‍ അതിസുന്ദരമാകേണ്ടതാണല്ലോ. കാളിദാസനോ കീററ്സോ സുന്ദരതരങ്ങളായ കൃതികള്‍ രചിച്ചിട്ടുണ്ടെന്ന പ്രതീതി തെററാകണം. പക്ഷെ ഈ വിഷയത്തില്‍ ശ്രീ മാരാര്‍ അനസൂയാര്‍ഹമായ ഒരു ന്യൂനപക്ഷത്തിലാകാനാണിട.

പരമാര്‍ത്ഥം മറെറാരുതരത്തില്‍ വ്യക്തമാക്കാം. സത്യനിര്‍ദ്ധാരണപടുത്വം സൌന്ദര്യാനുഭൂതിക്ഷമതയും രണ്ടാണ്. അവ സമാനാധികരണങ്ങളാകാം; ആയിക്കൊള്ളണമെന്നില്ല. സത്യനിര്‍ദ്ധാരണം പ്രായേണ അനുഭവങ്ങളെ അപഗ്രഥിച്ചും ദലനംചെയ്തും നിര്‍വ്വഹിക്കേണ്ടതാകുന്നു. അതു മനനാധീനമത്രെ. സൌന്ദര്യബോധമാകട്ടെ പ്രഭാതത്തില്‍ പ്രകാശബോധമെന്നോണം, പ്രതീതിക്ഷണത്തില്‍, അപഗ്രഥനനിരപേക്ഷമായി, ഉളവാകുന്നു. എന്നുമാത്രമല്ല, സൌന്ദര്യമാകുന്ന ആ മാന്ത്രികപ്രഭാവത്തെ

ഏ. ജി.

അപഗ്രഥനം ഉച്ചാടനംചെയ്യുവെന്നും വരാം. മേല്‍പറഞ്ഞവണ്ണം ഒരേ യാഥാര്‍ത്ഥ്യത്തിന്റെ രണ്ടുതരത്തിലുള്ള പ്രകാശനത്തെയും ഗ്രഹണത്തെയും അവലംബിച്ചാണു സത്യസൌന്ദര്യങ്ങളുടെ ഉയിര്‍ക്കൊള്ളല്‍. ഇവയുടെ ഐക്യത്തെക്കുറിച്ചുള്ള കവിസൂക്തം യാതൊരു മൌലികയാഥാര്‍ത്ഥ്യത്തിന്റെ വശങ്ങളോ ഇവ അതിനെ ലക്ഷീകരിക്കയും ചെയ്യുന്നു.

യുക്തിബോധത്തിനും സൌന്ദര്യബോധത്തിനും തമ്മില്‍ ബന്ധമുണ്ടെന്നും യുക്തിയെ നിശ്ശേഷം ചെറുക്കുന്ന സൌന്ദര്യബോധത്തെ സംശയദൃഷ്ട്യാ വീക്ഷിക്കേണ്ടതാണെന്നുമുള്ള പ്രബോധനം ആശാസ്യമാണ്. ഭാവങ്ങളെ സോദ്ദേശ്യമായി അടക്കുന്നതിനു യുക്തി തുണയാകും. എന്നാല്‍ ചില വാസനാസമ്പന്നന്മാര്‍ ബോധപൂര്‍വ്വമായ ആവാപോദ്ധാരങ്ങള്‍കൂടാതെ സുന്ദരമായ കലാശില്പങ്ങള്‍ ചമയ്ക്കുന്നുണ്ട്. യുക്തിപൂര്‍വ്വം വിശ്ലേഷിക്കുമ്പോള്‍ അവ അയുക്തമെന്നു തോന്നുകയുമില്ല. ഇതുവരെ സമ്മതിച്ചാലും യുക്തിബോധവും സൌന്ദര്യബോധവും അഭിന്നങ്ങളെന്നു വാദിക്കുന്നതെങ്ങനെ? യുക്തിപദാര്‍ത്ഥങ്ങളെ അപഗ്രഥിച്ചു വ്യാപരിക്കുന്നു; സൌന്ദര്യം, അവയുടെ സര്‍വ്വാംഗീണമായ ഐക്യത്തെ ഗോചരീകരിക്കുന്നു. അതുകൊണ്ടുതന്നെയാണ് യുക്തി അകമ്പടിസേവിക്കുന്ന സത്യം സൌന്ദര്യത്തില്‍നിന്നു വ്യതിരിക്തമെന്നു മുകളില്‍ വാദിച്ചിട്ടുള്ളതും. അവയുടെ ഐക്യസിദ്ധാന്തത്തിന് ഉപപത്തി മറെറാരുതരത്തില്‍ കാണിക്കയും ചെയ്തിട്ടുണ്ടല്ലോ.

കല ജീവിതത്തെ സ്പര്‍ശിക്കുന്ന രീതികള്‍ സ്തുത്യമായ വൈശദ്യത്തോടുകൂടി വര്‍ണ്ണിക്കുന്ന ഉപന്യാസത്തിലും പല ആശയങ്ങള്‍ വിവാദാസ്പദമായി കാണാനുണ്ട്, നായകോത്കര്‍ഷമുണ്ടെങ്കിലേ കാവ്യത്തിനു പ്രതിഷ്ഠ കിട്ടു എന്ന ആലങ്കാരികമതത്തിനു വിരുദ്ധമായി ഇന്നിപ്പോള്‍ നീചപാത്രങ്ങളെ കേന്ദ്രീകരിച്ചുണ്ടാക്കപ്പെടുന്ന കൃതികള്‍ക്ക് അഭ്യര്‍ഹിതത്വം അനുവദിക്കപ്പെട്ടിരിക്കുന്നു, എന്ന നിരീക്ഷണം യുക്തംതന്നെ. അപ്പോള്‍ പഴയ ആ കാവ്യങ്ങളും ഇന്നുണ്ടാകുന്നവയും തമ്മില്‍ വലിയ അകല്‍ച്ചയാവണ്ടേ? അകല്‍ച്ച ഇല്ലെന്നു ശ്രീ. മാരാര്‍ സിദ്ധാന്തിക്കുന്നു. തെളിവായി ഭാസന്റെയും ചെക്കോഫിന്റെയും കൃതികളെ ഒരേ നിലയ്ക്കു സഹൃദയരില്‍ ചിലര്‍ ആസ്വദിക്കുന്നു എന്ന പ്രമാണം ഹാജരാക്കിയിട്ടുണ്ട്. എത്ര അകിഞ്ചിത്കരമായ ഒരു വാദം! ഒരേ നിലയ്ക്കല്ല, അതാതിന്റെ നിലയ്ക്കു്, അവയ്ക്കുള്ള വ്യത്യാസങ്ങള്‍ ബോധപൂര്‍വ്വം ധരിച്ചുകൊണ്ടാണ് കഴിവുള്ള സഹൃദയന്മാര്‍ വിഭിന്നകൃതികളെ ആസ്വദിക്കുന്നതു്. അറിവുള്ളവര്‍ പാശ്ചാത്യസംഗീതവും ഭാരതീയസംഗീതവും കേട്ടാസ്വദിക്കുന്നു. ഇവയ്ക്കു തമ്മില്‍ അകല്‍ച്ച ഇല്ലാഞ്ഞല്ല, അതു യഥാര്‍ഹം ധരിക്കാന്‍ കെല്പുള്ളതുകൊണ്ടാണ്.

മനുഷ്യത്വത്തിന്റെ ഉത്കര്‍ഷങ്ങള്‍ ശോഭിക്കുക നീചതകളാകുന്ന പശ്ചാത്തലത്തിലാണെന്ന ന്യായമായ ചിന്തയ്ക്കു തൊട്ടടുത്തു മാരാര്‍ പറയുന്നു, ‘സ്വസ്ഥമായിരിക്കുമ്പോള്‍ എല്ലാം മനുഷ്യരും മഹാന്മാരാണ്’ എന്ന്. പരീക്ഷണഘട്ടങ്ങളില്‍ മനുഷ്യസ്വഭാവം യഥാവത് പ്രകാശിക്കുന്നു എന്ന വാസ്തവത്തെ എത്ര വികൃതമാക്കിയിരിക്കുന്നു. മേല്‍കുറിച്ച വാക്യത്തില്‍

---

ലിക്കാരും കാറും അല്ല, സ്നേഹവും മനഃസുഖവുമാണ് മനുഷ്യര്‍ക്കാവശ്യം, അല്ലേ? എന്തായാലും ചെയ്തതൊക്കെ ചെയ്തു. ഇനി ഇവിടെ ഉറച്ചുനില്‍ക്കാന്‍തന്നെ ഞാന്‍ നിശ്ചയിച്ചിരിക്കയാണ്.”

ഇത്രയും പറഞ്ഞിട്ടു് അവര്‍ വീട്ടിന്നകത്തു പോകാന്‍ തിരിഞ്ഞു. അവര്‍ പൂമുഖപ്പടിയില്‍ ചവിട്ടിയപ്പോള്‍, അതുവരെ മിഴിച്ചുനിന്ന കേശവന്‍ സ്വാരസ്യശൂന്യമായ ശബ്ദത്തില്‍ പറഞ്ഞു. “അകത്താരുമില്ല.”

രോഹിണി തിരിഞ്ഞുനിന്ന് സംഭ്രമപൂര്‍വ്വം ചോദിച്ചു. “ഈ രാത്രി കുഞ്ഞിനെയുംകൊണ്ട് എങ്ങോട്ടുപോയി?”

“തെററു തിരുത്താന്‍” എന്നു പറഞ്ഞിട്ട് അയാള്‍ ഗേററുകടന്നു പുറത്തിറങ്ങിപ്പോയി.

—o—

ഈ തരത്തിലുള്ള ഏകദേശീയതയ്ക്കും സത്യങ്ങളുടെ അംഗഭംഗത്തിനും ഉദാഹരണങ്ങൾ ഈ ഗ്രന്ഥത്തിൽ വിരളമല്ല.

ഗൌരവമുള്ള ഒരപസിദ്ധാന്തത്തെപ്പററി ഒരുവാക്കു്, "നന്മ, വല്ല ഉത്കർഷവും, കാണാത്ത പക്ഷം നിരപരാധതയെങ്കിലും ഉള്ള പാത്രങ്ങളോടേ വായനക്കാർക്കു് ഹൃദയസംവാദം വരൂ." ഈവഴിയാണല്ലോ രസാനുഭൂതിയുണ്ടാകുക. ജീവിതവും ഉത്കൃഷ്ടസാഹിത്യവും നൽകുന്ന വെളിച്ചത്തിൽ നോക്കിയാൽ ഈ അഭിപ്രായം തികച്ചും സാധുവല്ലെന്നു കാണുവാൻ വിഷമമല്ല. ഇയാഗോയെപ്പോലുള്ള സാഹിത്യസൃഷ്ടികൾ ഭയാനകരസാനുഭൂതി ഉളവാക്കുന്നു എന്നതു് സഹൃദയസാക്ഷികമായ പരമാർത്ഥമാണു്. തിന്മ നിറഞ്ഞ, അഹേതുകദ്വേഷത്തിന്റെ മൂർത്തീഭാവമായ, ഇയാഗോയിൽ നമ്മുടെനേർക്കു് ഒളിവിൽപാർക്കുന്ന ഔൽസുക്യം ആരോപിക്കുക ദുഷ്കരമാണുതാനും. പിന്നെ രസാനുഭൂതിയുടെ കഥയോ? ആത്മൈക്യംകൊണ്ടേ രസാനുഭൂതിവരൂ എന്ന പിഴച്ചുകാഴ്ച വിട്ടാൽ ഈ ചോദ്യത്തിനു് ഉത്തരംകിട്ടും. ഭയാനകം അംഗിയായും കരുണം അംഗമായുമുള്ള രസാനുഭൂതിയത്രേ ഇയാഗോയുടെ ചരിത്രം ഉളവാക്കുന്നതു്. മനുഷ്യത്വത്തിനു സംഭവിച്ച ക്രൂരമായ അധഃപതനത്തെക്കുറിച്ചുള്ള ബോധമാണു് അതിനുള്ള ഹേതു. ഒരു മനുഷ്യൻ എന്ന നിലയ്ക്കു് ഇയാഗോയ്ക്കു് ഉണ്ടാകാമായിരുന്ന ഉത്കർഷങ്ങൾ ഇല്ലാതെപോയല്ലോ എന്ന വിചാരം കരുണത്തെയും, ഹിംസ്രജന്തുക്കളെയും പിന്നിടത്തക്കവണ്ണം ഒരു മനുഷ്യൻ ക്രൌര്യങ്ങൾ അനുഷ്ഠിക്കുന്ന കാഴ്ച ഭയാനകത്തെയും ഉളവാക്കുന്നു.

ശ്രീ മാരാരുടെ വാദമുഖം, മേൽകാണിച്ചവണ്ണം, [illegible]മല്ലെങ്കിലും അദ്ദേഹത്തിന്റെ സിദ്ധാന്തം സംസ്കാരമുള്ള അനുവാചകഹൃദയത്തിൽ പതിപ്പിച്ചിട്ടുള്ള കവി സമുദായാഭിപ്രായത്തിൽ പങ്കുചേരുന്ന തന്ത്രത്താൽ — ശരിയാണുതാനും.

നിഷ്പക്ഷനിരൂപണത്തെപ്പററിയുള്ള ഉപന്യാസം കാര്യഗൌരവമാർന്നാൽ പ്രത്യേകപരീക്ഷണമർഹിക്കുന്നതാണു്. ചുരുക്കത്തിൽ മാരാരുടെ വാദപരിപാടി അദ്ദേഹത്തിന്റെ നിഗമനത്തിനു് നിരൂപകൻ അഭിഭാഷകനെപ്പോലെ പിടിച്ച കേസ്സു ജയിക്കാൻ വാദിക്കേണമെന്നതിനു്, നിദർശനമായിട്ടുണ്ടു്. പക്ഷേ കേസേതായാലും എന്നാണു വിധികർത്തൃത്വം ഏറെറടുക്കുന്ന ഒരാൾക്കു തോന്നുക.

വാദശൈലിയിൽ ശ്രീ. മാരാർക്കു പിണഞ്ഞ ചില നോട്ടക്കുറവുകൾ ഇവിടെ സൂചിപ്പിക്കമാത്രം ചെയ്യാം. സാർവകാലികവും സാർവദേശികവുമായ ചില കലാസത്യങ്ങൾ, രസസൂത്രം ധ്വനിതത്വം മുതലായവ ഉണ്ടെന്നു് അദ്ദേഹം സമ്മതിക്കുന്നു. പക്ഷേ ഇവ അഭ്യസിച്ചുവശമാക്കുക അത്ര എളുപ്പമല്ല. ഇവയോടു് ഇടപഴകുന്നതിനും ഇവയെ സ്വായത്തമാക്കുന്നതിനും സാഹിത്യലോകത്തിലെ ചില വാദിപക്ഷങ്ങളോടുചേരുന്ന ചായ്വൊന്നേ ഉപായമുള്ളു. ഈ ചായ്വ് അഹേതുകമല്ലെന്നു മാരാർക്കു കാണാമോ? മുൻപറഞ്ഞ തത്വങ്ങളിൽ ഒടിയുറച്ച പക്ഷങ്ങളോടായിരിക്കുമല്ലോ അവ ശരിയാണെന്നുള്ള മാരാരെപ്പോലെ വിശ്വസിക്കുന്നവർക്കു ചായ്വു വരുക. ഇതു സമ്മതിച്ചാൽ മാരാർ പിടിച്ചുവാദിച്ച ആ സ്വപക്ഷപാതവാദക്കേസ്സു് തോൽവിഅടയും: കാരണം ഇവിടെ ശാശ്വതതത്വപക്ഷപാതമാണു് വേണ്ടതെന്നു സമ്മതിക്കാൻ മാരാർ നിർബന്ധിതനാകും.

നിരൂപകൻ വിധികർത്തൃത്വം ഏറെറടുക്കുവാൻ തുനിയുന്നതു നിരർത്ഥകമെന്നു് ഉദാഹരണദ്വാരാ സമർത്ഥിക്കുവാൻചെയ്ത ശ്രമവും അസ്ഥാനത്തായി. വിധികർത്താവിനുമാത്രമേ നിഷ്പക്ഷത തന്റെ നിഷ്ഠ ആകാവൂ എന്നില്ലല്ലോ. പരീക്ഷകന്മാർക്കും അതു് അപേക്ഷണീയമാകുന്നു. നിരൂപകനും പരീക്ഷകനാണു്. നിരൂപണീയമായ സാഹിത്യകൃതികളുടെ തത്വം, ഉള്ളടക്കം, കണ്ടുപിടിക്കാൻ ശ്രമിക്കുന്നവനാണു്, "അപ്പോൾ അയാൾ വെറും വ്യാഖ്യാതാവുമാത്രമായിത്തീരുകയില്ലേ?" ഇല്ല. വ്യാഖ്യാതാക്കന്മാർ വ്യാഖ്യേയഗ്രന്ഥങ്ങളുടെ ഉള്ളടക്കം യഥാവത് വിശദമാക്കി ചരിതാർത്ഥരായിത്തീരുന്നു. പരീക്ഷകരായ നിരൂപകന്മാർ സാഹിത്യകൃതികളുടെ വില തിട്ടപ്പെടുത്തുന്നതിനു്, കവികളുടെ നിലപാടുകളും മൂല്യങ്ങളും തത്കൃതികളിൽ പ്രകാശിച്ചുവന്നിട്ടുള്ളതിനെ തുലനംചെയ്തു നിർണ്ണയിക്കുന്നതിനു്, ചുമതലപ്പെട്ടവരാണു്. വ്യാഖ്യാതാവിന്റെ കൃത്യം ഇത്ര വിശാലമോ ഗുരുതരമോ അല്ല.

ഇങ്ങനെ നോക്കിയാൽ നിരൂപകൻ അഭിഭാഷകനല്ലെന്നു കാണാം. വക്കീലിന്റെ ആദർശം വിട്ടു്, നിരൂപകനിഷ്പക്ഷമായി കലാസൃഷ്ടികളിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന തത്വാംശങ്ങൾ തിരഞ്ഞെടുത്തു വിലമതിക്കുകയത്രേ അയാളുടെ പാവനമായ ചുമതല. വ്യക്തിഗതമായ പരിമിതികൾ ഈ ചുമതലാനിർവഹണത്തെ ഏറെക്കുറെ സ്പർശിച്ചേക്കാം. പക്ഷേ അയാളുടെ നിരന്തരവും അവിശ്രാന്തവുമായ യത്നം തത്വാപഗ്രഹണത്തിനായിരിക്കും. അതിൽ വിജയം അസാദ്ധ്യവുമല്ല.

വണ്ണംകുറഞ്ഞ ഈ ഗ്രന്ഥത്തിൽ എണ്ണംകൊണ്ടു കലാസംബന്ധികളായ പല വിഷയങ്ങളും ചിന്തോദ്ദീപകമായ തരത്തിൽ കാണുന്നതുകൊണ്ടു പരീക്ഷണം ഇത്ര ദീർഘിച്ചതാണു്. ഇവയെക്കുറിച്ചുള്ള നിഗമനങ്ങളിൽ പലതും പുനഃപരിശോധന അർഹിക്കുന്നു എന്നു കാണിക്കുകയത്രേ എന്റെ ഉദ്ദേശ്യം. ഒരുപക്ഷേ കനമുള്ള ഈ പ്രമേയങ്ങളെപ്പററി സ്വയം ചിന്തിക്കുന്നതിനു പ്രസ്തുത പരീക്ഷണം പ്രചോദകമായെന്നുംവരാം.

—o—

# കൊച്ചമ്മ ചമയൽ

## പ്രധാനമന്ത്രിക്കു് കുഞ്ഞിയമ്മയുടെ മറുപടി

പി. കെ. രാജരാജവർമ്മ

ശ്രീമതി കുഞ്ഞിയമ്മ താഴെക്കാണുന്ന പ്രസ്താവന അയച്ചുതന്നിരിക്കുന്നു:—

പുരുഷന്മാർ സ്ത്രീകളെ അധിക്ഷേപിക്കുകയും അവരുടെ അവകാശങ്ങളിൽ കൈവെക്കുകയും ചെയ്യുന്നതു് എന്നിൽ അമർഷം ഉണ്ടാക്കാറുണ്ടെങ്കിലും അത്ഭുതം ഉണ്ടാക്കാറില്ല. എന്നാൽ പ്രധാനമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള എറണാകുളത്തുവെച്ചുചെയ്ത ഒരു പ്രസംഗത്തിൽ സ്ത്രീകളുടെ കൊച്ചമ്മചമയലിനെപ്പററി പറഞ്ഞിരുന്ന ഭാഗങ്ങൾ പത്രങ്ങളിൽ വായിച്ചപ്പോൾ "ബ്രൂട്ടസ്സേ, നീയും! എന്നാൽ സീസർ ചത്തോട്ടെ!" എന്നു പണ്ടേതോ ഒരു സായിപ്പു പറഞ്ഞെന്നു് ഓമനക്കുട്ടൻറപ്പൻ പറയാറുള്ളതുപോലെ ഞാനും പറഞ്ഞുപോയി. പ്രധാനമന്ത്രിയെയും മററും എതിർക്കാൻ ഒരുങ്ങുമ്പോൾ എന്റെ ചങ്കു പടപടാ ഇടിക്കുന്നു എന്നാലും ആരും ഒന്നും മിണ്ടാതിരുന്നാൽ ഒക്കുകില്ലല്ലോ എന്നു വിചാരിച്ചു് ധൈര്യംപിടിച്ചു് പറയുകയാണു്.

പ്രധാനമന്ത്രിയുടെ ആക്ഷേപങ്ങൾ പ്രധാനമായി അഞ്ചുകാര്യങ്ങളെപ്പററിയാണു്. ഒന്നു്, തിരുവിതാംകൂർഡിവിഷനിൽ 50 രൂപാശമ്പളക്കാരുടെ ഭാര്യമാർ കൊച്ചമ്മ എന്നു വിളിക്കാനായി അഞ്ചും ആറും രൂപകൊടുത്തു ആളുകളെ നിയമിക്കുന്നു. രണ്ടു്, പൌഡറിനും മററുംവേണ്ടി സ്ത്രീകൾ പ്രതിമാസം മൂന്നുനാലുരൂപ ചിലവാക്കുന്നു. മൂന്നു്, ടിൻ ആഹാരങ്ങൾ ഉപയോഗിക്കുന്നു. നാലു്, കുട്ടികളെ വളർത്തുന്നതിനു ആയമാരെ ഏല്പിക്കുന്നു. അഞ്ചു്, വരവിൽ കൂടുതൽ ചിലവുചെയ്യുന്നതിനാൽ ഒരു സമീകൃതകുടുംബബഡ്ജററ് ഉണ്ടാകുന്നില്ല. ഇവയെല്ലാം ദുഷ്കൃത്യങ്ങളാണെന്നും ഇവയിൽനിന്നു ഉടൻ വിരമിക്കണമെന്നും ആണു് അദ്ദേഹം സ്ത്രീകളെ ഉപദേശിക്കുന്നതു്.

50 രൂപാക്കാരുടെ ഭാര്യമാരെന്നും കൂടുതൽ വരവുള്ളവരുടെ ഭാര്യമാരെന്നും തിരുവിതാംകൂർഡിവിഷനിലെ ഭാര്യമാരെന്നും കൊച്ചിഡിവിഷനിലെ ഭാര്യമാരെന്നും ഭാര്യമാരെ തരംതിരിച്ചു് അവരുടെ ഐക്യമുന്നണിയിൽ ഒരു പിളർപ്പുണ്ടാക്കാനുള്ള ശ്രമത്തെ ഞാൻ ആദ്യമായി പ്രതിഷേധിച്ചുകൊള്ളട്ടെ. ഭാര്യമാരുടെ ഭാര്യാത്വം ജാതിമതചിന്തകൾക്കും മുതലാളി-തൊഴിലാളി പരിഗണനകൾക്കും ധനസ്ഥിതിക്കും മററും വിധേയമല്ല. സ്ത്രീകളുടെ അവശതകൾ പരിഹരിക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനു മന്ത്രിയുടെ ഭാര്യയും പ്യൂണിന്റെ ഭാര്യയും ലക്ഷംരൂപാക്കാരന്റെ ഭാര്യയും 50 രൂപാക്കാരന്റെ ഭാര്യയും തോളോടുതോൾചേർന്നു്, മാറോടു പുറംചേർന്നു്, സമരംചെയ്യും. ലക്ഷംരൂപാക്കാരന്റെ ഭാര്യക്കുള്ള സർവ്വ അവകാശങ്ങളും 50 രൂപാക്കാരന്റെ ഭാര്യയ്ക്കും ഉണ്ടെന്നാണു് ഞങ്ങളുടെ മതം.

കൊച്ചമ്മസ്ഥാനം അവകാശപ്പെടുന്നതിനു് മന്ത്രിമാരുടെ ഭാര്യമാരോടൊപ്പം സ്വാതന്ത്ര്യവും അവകാശവും 50 രൂപാക്കാരന്റെ ഭാര്യയ്ക്കും ഉണ്ടെന്നു് അസന്ദിഗ്ദ്ധമായ ഭാഷയിൽ ഞാൻ വിളിച്ചുപറയുന്നു. ഈ അവകാശത്തിൽ കൈവെക്കുന്നതു് ജനകീയഭരണത്തിന്റെ അടിത്തോണ്ടുക ആയിരിക്കും. പക്ഷേ, ഈ കൊച്ചമ്മവിളിക്കലിനുവേണ്ടി അഞ്ചാറുരൂപ ചിലവാക്കുന്നതു് അഭിലഷണീയമാണോ എന്നാണു് പിന്നത്തെ ചോദ്യം. പണം കൊടുക്കാതെതന്നെ ചെയ്തുകിട്ടേണ്ട പല കാര്യങ്ങൾക്കും പണം കൊടുക്കേണ്ടതായി പുരുഷന്മാർക്കു വരാറില്ലേ എന്നു ഞാൻ ഒരു മറുചോദ്യം ചോദിക്കുന്നു. ഓരോ കച്ചേരികളിൽനിന്നു കാര്യങ്ങൾ സാധിക്കാൻ, ഓരോ പ്രമാണികൾ മുഖാന്തിരം അഭീഷ്ടങ്ങൾ നേടാൻ, ഒരുറാത്തൽ പഞ്ചാര വാങ്ങിക്കാൻ, ഒരുപറനെല്ലു് വീട്ടിലെത്തിക്കാൻ, എന്നുവേണ്ട എത്രായിരം കാര്യങ്ങൾ പുരുഷന്മാർ പണംകൊടുത്തു സാധിക്കുന്നു? സ്ത്രീകൾ നിരുപദ്രവകരമായ കൊച്ചമ്മവിളിക്കലിനുവേണ്ടി നാലഞ്ചുരൂപ ചിലവാക്കുന്നെങ്കിൽ അതിലെന്താണിത്ര തെററു്? ഈ പണംകൊടുക്കലിനു ഇടവരുത്താതെ എല്ലാ ഭാര്യമാർക്കും കൊച്ചമ്മസ്ഥാനം നൽകുന്ന ഒരു നിയമം നടപ്പിൽവരുത്തുകയാണു് മന്ത്രിസഭ ചെയ്യേണ്ടതു്. മന്ത്രിമാരുടെയും മററു പ്രമാണികളുടെയും ഭാര്യമാർ ഈ നിയമത്തിനു പിൻതുണ നൽകുമെന്നു എനിക്കു് ഉറപ്പുണ്ടു്. അഥവാ ആരെങ്കിലും എതിർക്കുന്നതായാൽ അവരുടെമേൽ അഖിലകേരളഭാര്യാസംഘം കർശനമായ അച്ചടക്കനടപടികൾ എടുക്കുന്നതാണു്.

പ്രധാനമന്ത്രിയുടെ രണ്ടാമത്തെ ആവലാതി പൌഡറിനുള്ള ചിലവിനെപ്പററിയാണു്. ഈ പൌഡർ എന്തിനു്; ആർക്കുവേണ്ടി ഇടുന്നു എന്നൊന്നു ആലോചിക്കണം. പുരുഷന്മാർക്കുവേണ്ടിയാണു്. വീട്ടിനുള്ളിലിരിക്കുമ്പോൾ ഭർത്താവിനുവേണ്ടി. വെളിയിലിറങ്ങുമ്പോൾ പുരുഷന്മാരുടെ കണ്ണിനു് കുളർമയും കരളിനു് ആനന്ദവും കലാബോധത്തിനു് സംതൃപ്തിയും പ്രദാനം ചെയ്യാൻവേണ്ടി. പൌഡറിട്ടുമിനുക്കി വെളുപ്പിച്ച മുഖങ്ങളെ മിഴിച്ചുനോക്കിക്കൊണ്ടു് ആ സ്വാദനത്തിൽ മയങ്ങിനിൽക്കുന്ന പുരുഷലോകം ഇക്കാര്യത്തിനു് സ്ത്രീയെ കുററപ്പെടുത്തുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. സുഖമായി വല്ല നുണകളുംപറഞ്ഞു് രസിക്കാവുന്ന കുറെ മിനിട്ടുകൾ ഈ പൌഡറിടീലിനായി ചിലവാക്കുന്ന സ്ത്രീ വാസ്തവത്തിൽ പുരുഷന്മാർക്കുവേണ്ടി ത്യാഗവും യാതനയും അനുഭവിക്കുന്നവളാണു്. ഈ യാതനയുടെ പ്രതിഫലമായി ആസ്വാദ്യകരമായ ഒരു നോട്ടമോ പുഞ്ചിരിയോ മുഖസ്തുതിയോ എങ്കിലും കൊടുക്കാതെ പണം ചിലവാക്കുന്നു എന്നു് പരാതിപറയുന്നതു് മോശമാണു്. വ്യക്തികളുടെ കയ്യിൽനിന്നു് ഈ ചിലവുചെയ്യേണ്ടിവരുന്നതു് കഷ്ടമാണെന്നു ഞാനും സമ്മതിക്കുന്നു. അതിനുള്ള പരിഹാരം അതു് ഗവമ്മെൻറിൽനിന്നു് നടത്തുക എന്നതാണു്. രാഷ്ട്രീയഭാഷയിൽ പറഞ്ഞാൽ പൌഡർചിലവു് ദേശീയമാക്കണം. സോഷ്യലിസത്തിന്റെ ആദ്യത്തെ പരിപാടിയാണു് ഇതു്. അടുത്ത തിരഞ്ഞെടുപ്പിനു് ഇതു വാഗ്ദാനംചെയ്യുന്ന കക്ഷിക്കുമാത്രമേ വനിതകളുടെ പിൻതുണ ഉണ്ടായിരിക്കൂ എന്നു് വിനയപൂർവം പ്രധാനമന്ത്രിയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഭാര്യമാരുടെമേൽ ആരോപിക്കപ്പെട്ടിരിക്കുന്ന മൂന്നാമത്തെ കുററം ടിന്നിലിട്ട വരവുസാധനങ്ങൾ ഉപയോഗിക്കുന്നു എന്നുള്ളതാണു്. കാപ്പിപ്പോരാ ഓവൽടിൻവേണം, രാത്രിയിൽ ഹോർലിക്സു് കുടിക്കണം. റൊട്ടിതിന്നാൻ ജാം വേണം. എന്നൊക്കെ സായിപ്പുചമയുന്നതു് പുരുഷന്മാരാണെന്നു പരക്കെ സമ്മതമാണു്. അതിനാൽ പ്രധാനമന്ത്രി ഉദ്ദേശിക്കുന്നതു് വേറൊന്നാണു്. എന്തിനു മറച്ചുവെക്കുന്നു? മുലപ്പാലുകൊടുക്കുന്നതിനുപകരം കുഞ്ഞുങ്ങൾക്കു് ലാക്ടോജനും ഓസ്റ്റർമിൽക്കും കൌ ആൻറ് ഗേററും മററും കൊടുക്കുന്നതിനെയാണു് അദ്ദേഹം അപലപിക്കുന്നതു്. ഈ പരിഷ്കാരത്തിന്റെയും ചുവടു എവിടെയാണെന്നു അന്വേഷിക്കേണ്ടിയിരിക്കുന്നു. "പാലുതീരെയില്ല. എന്തു ചെയ്യാനാ?" എന്നു നിരപരാധിത്വം അഭിനയിച്ചു ഭാര്യയോ, അപരാധഭാവവും ഓഷ്ഠക്കുന്നുമായി ഭർത്താവോ പറയുന്ന മുടന്തൻസമാധാനം ആരും വിശ്വസിക്കാത്തതുകൊണ്ടു് ഞാൻ പറയുന്നില്ല. താൻ നൊന്തുപ്രസവിച്ച കുഞ്ഞിനു് തന്റെ പാലുകൊടുക്കാൻ തള്ളയ്ക്കു് സന്തോഷമേ ഉണ്ടാകയുള്ളു. പിന്നെ കൊടുക്കാതിരിക്കുന്നെങ്കിൽ അതു് ഭർത്താവിന്റെ ആഗ്രഹവും ആവശ്യവും പ്രേരണയും പ്രലോഭനവും മററുംകൊണ്ടു് ഗതികെട്ടിട്ടാണു്. പ്രലോഭനത്തിനു് ഇടംകൊടുക്കാതെ ഭർത്താവിന്റെ മനസ്സറിഞ്ഞു് ദീർഘദൃഷ്ടിയോടെ പ്രവർത്തിക്കുന്ന ബുദ്ധിശാലിനികളും ഉണ്ടായിരിക്കാം. പുറത്തുവിടാൻ പാടില്ലാത്ത ദാമ്പത്യരഹസ്യങ്ങളെപ്പററി കൂടുതൽ വിശദീകരിക്കാൻ തുനിയുന്നില്ല. ഈ ശീലം മാററണമെന്നു മന്ത്രിസഭ ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള പ്രചാരണം നടത്തേണ്ടതു് സ്ത്രീകളുടെ ഇടയിലല്ലെന്നും പുരുഷന്മാരുടെ ഇടയിലാണെന്നും മാത്രം ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

കുട്ടികളെ നോക്കുന്നതിനു് ആയമാരെ ആക്കുന്നതു തെററാണെന്നാണു്, നാലാമത്തെ പരാതി. നയതന്ത്രകുശലതയോടുകൂടി സ്ത്രീസ്വാതന്ത്ര്യത്തിന്റെ വേരറുക്കാനുള്ള ഒരു ശ്രമമാണു് ഞാൻ ഇതിൽ ദർശിക്കുന്നതു്. ഗവമ്മെൻറാഫീസ്സുകളിലും കോടതികളിലും സ്കൂളുകളിലും മററുമുള്ള സ്ത്രീകളെ വീണ്ടും അടുക്കളയിലേക്കോടിക്കാനുള്ള ഉദ്യമമല്ലേ ഇതു്? അതോ, ആഫീസ്സുകളിലും കോടതികളിലും സ്കൂളുകളിലുംമററും കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള സൌകര്യങ്ങൾ സ്ത്രീകൾക്കു ഉണ്ടാക്കിക്കൊടുക്കുവാൻ ഗവമ്മെൻറു് ആലോചിക്കുന്നുണ്ടോ? അതുമല്ല, ആയമാരെ ആക്കുന്നില്ലെങ്കിൽ സ്ത്രീസമത്വതത്വമനുസരിച്ചു് കുട്ടികളെ നോക്കേണ്ട ചുമതല ഭാര്യയും ഭർത്താവും സമംസമം ഏറെറടുക്കേണ്ടതല്ലേ? സർക്കാരുജോലി ഇല്ലാത്ത സ്ത്രീകൾ പകൽസമയം കുട്ടികളെ നോക്കുന്നെങ്കിൽ അവരുടെ ഭർത്താക്കന്മാർ രാത്രിസമയം കുട്ടികളെ നോക്കേണ്ടതാണു്. കുട്ടികൾക്കു ഒരുവയസ്സുവരെ പാൽകൊടുക്കണമെങ്കിൽ ആദ്യത്തെ ആറുമാസം അമ്മ കൊടുക്കുകയും അടുത്ത ആറുമാസം പാൽപൊടി കലക്കിക്കൊടുക്കേണ്ട ചുമതല അപ്പൻ ഏറെറടുക്കുകയും ചെയ്യേണ്ടതാണു്. ഇവയെപ്പററിയൊന്നും വ്യവസ്ഥചെയ്യാതെ, കുട്ടികളെ നോക്കാൻ ആരെയും ആക്കരുതെന്നു് ചുമ്മാതങ്ങുപറഞ്ഞാൽ പെണ്ണുങ്ങൾ കണ്ണുമടച്ചു് അതനുസരിക്കുന്ന കാലമല്ല ഇതു്. റഷ്യയിൽ പെണ്ണുങ്ങൾക്കു പ്രസവിക്കേണ്ട ഭാരമേ ഉള്ളു. കുട്ടികളെ സർക്കാരു് വളർത്തിക്കൊള്ളുമെന്നാണു പറയുന്നതു്. അതുമാതിരി വല്ലതും ഇവിടെയും നടപ്പിൽവരുത്താൻ നോക്കുകയാണു് പ്രധാനമന്ത്രി ചെയ്യേണ്ടതു്.

വരവിൽക്കൂടുതൽ ചെലവുചെയ്യുന്നു എന്നും കുടുംബത്തിൽ ഒരു സമീകൃതബഡ്ജററ് രൂപവൽക്കരിക്കുന്നില്ലെന്നും ആണു് അഞ്ചാമത്തെ ആക്ഷേപം. കുടുംബത്തിൽ പുരുഷന്റെ സ്വേച്ഛാഭരണം നടക്കുന്നിടത്തോളംകാലം ഈ കുഴപ്പങ്ങൾക്കു സ്ത്രീയെ കുററപ്പെടുത്തുന്നതിൽ അർത്ഥമില്ല. കുടുംബത്തിൽ ഉത്തരവാദഭരണം ഏർപ്പെടുത്തി, ഭരണം സ്ത്രീകളെ ഏല്പിക്കുന്നതിനാണു് ഗവമ്മെണ്ടു ആദ്യമായി തുനിയേണ്ടതു്. ഉത്തരവാദഭരണം കിട്ടിയാലുടൻ പുരുഷന്റെ കാപ്പികുടി, സിഗററുവലി, ഷേവിംഗ്, ആഡംബരപരമായ ഡ്രസ്സ് മുതലായ പാഴ്ചിലവുകൾ വ്യയന്യൂനീകരണാർത്ഥം നിർത്തലാക്കുന്നതും, സാരിസംഭരണം, ആഭരണങ്ങൾ അഴിച്ചുപണിയൽ മുതലായ ഐശ്വര്യകരങ്ങളായ പ്രവർത്തനങ്ങൾ ഏററവും ആധുനികരീതിയിൽ നടത്തുകയും ചെയ്യുന്നതാണു്. പക്ഷേ, വരവിൽ കവിഞ്ഞു ചിലവുചെയ്യരുതെന്നുള്ള പഴഞ്ചൻ പ്രമാണത്തെ സ്വീകരിക്കാൻ ഞങ്ങൾ തയ്യാറില്ല. ധനകാര്യമന്ത്രിക്കറിയാം അതിന്റെ കാര്യം. ഭീമപദ്ധതികളും കടംവായ്പകളും ഇല്ലാത്ത ബഡ്ജററ് കാലസ്ഥിതിക്കു യോജിച്ചതല്ല. ഇംഗ്ലണ്ടിനു വമ്പിച്ച ഒരു പൊതുക്കടമുണ്ടെന്നുള്ളതിൽ ഇംഗ്ലീഷുകാർക്കു അഭിമാനമാണുള്ളതെന്നു് ഓമനക്കുട്ടൻറപ്പൻ പറഞ്ഞിട്ടുണ്ടു്. ഇംഗ്ലീഷുകാരെ കണ്ടു പലതും പഠിക്കുന്ന നമ്മൾ ഇതുമാത്രം പഠിച്ചില്ലെങ്കിൽ കഷ്ടമാണു്. ഓരോ കുടുംബവും അവസ്ഥയ്ക്കനുസരിച്ചു് കടം വാങ്ങിക്കേണ്ടതും കടംകിട്ടുന്നതു് തങ്ങളോടുള്ള വിശ്വാസത്തിന്റെ ലക്ഷ്യമായി കണക്കാക്കി അഭിമാനംകൊള്ളേണ്ടതും ആണു്. പുതിയ പുതിയ ആഭരണങ്ങൾ പണിയിക്കുക മുതലായ ക്യാപ്പിററൽ ചിലവുകൾക്കും, ലേററസ്റ്റ്ഫാഷൻ സ്വീകരിക്കുക മുതലായ കുടുംബോദ്ധാരണചിലവുകൾക്കും കടംവാങ്ങാമെന്നാണു് ആധുനികസാമ്പത്തികവിദഗ്ദ്ധന്മാരുടെ അഭിപ്രായം. ഓരോ പ്രസവത്തിനും സ്ത്രീകൾ അനുഭവിക്കുന്ന യാതനകൾ പറഞ്ഞുകേൾപ്പിക്കേണ്ടതില്ലല്ലോ. ഈ യാതനയ്ക്കു പരിഹാരമായി കൊടുക്കേണ്ട സൗജന്യങ്ങൾക്കും കടംവാങ്ങുന്നതിൽ തെററില്ലെന്നാണു് എന്റെ വ്യക്തിപരമായ അഭിപ്രായം.

കൊച്ചമ്മചമയലിനെപ്പററിയുള്ള പ്രധാനമന്ത്രിയുടെ എറണാകുളം പ്രസംഗം വെളിവാക്കുന്ന മുഖ്യസംഗതി രണ്ടോ മൂന്നോ പ്രസവിച്ച ഒരു സ്ത്രീയെ മന്ത്രിസഭയിൽ എടുക്കേണ്ടതിന്റെ അത്യാവശ്യമാണു്. സ്ത്രീകളുടെ കാര്യങ്ങളെപ്പററി പ്രസംഗിക്കുന്നതിനും തീരുമാനങ്ങൾ ചെയ്യുന്നതിനും മന്ത്രിസഭയിലെ സ്ത്രീമെമ്പർമാർക്കു മാത്രമേ അവകാശമുള്ളു എന്നൊരു വ്യവസ്ഥ ഭരണഘടനയിൽ ഇല്ലാത്തതും ശോചനീയമാണു്. ഈ രണ്ടുകാര്യങ്ങളും സാധിക്കുന്നതിനായി ഒരു പ്രക്ഷോഭണം നടത്തുന്നതിനു് വനിതകളെ ഞാൻ ആഹ്വാനം ചെയ്യുന്നു.

—o—


ശ്രീരാമവിലാസം ടൈപ്പ ഫൗണ്ടറി

28-പായിൻറു്, 18-പായിൻറു്, 14-പായിൻറു്, 12-പായിൻറു്, 10-പായിൻറു് ഈ അഞ്ചിനം മലയാളം ടൈപ്പുകളും ഇംഗ്ലീഷിലും, തമിഴിലും ഉള്ള അനവധി ഇനം ഫെഡിംഗ് ടൈപ്പുകളും ടി പായിൻറുകളിലുള്ള പലയിനം റോമൻടൈപ്പുകളും അനേകംജാതി ബാർഡറുകളും ഇവിടെ എപ്പോഴും കിട്ടുന്നതാണു്. മേററൽ തരുന്നതായാൽ മിതമായ ചാർജിനു ടൈപ്പുകൾ വാർത്തു ശരിയാക്കി കൊടുക്കുന്നതും ആകുന്നു.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.













മദ്രാസിലെ ഫോർട്ട്മ്യൂസിയം:— മുകളിലത്തെ വരി: മദ്രാസിൽ യൂറോപ്യന്മാർ വന്നിറങ്ങുന്നതു്. മദ്രാസിൽനിന്നു കപ്പൽ കയറുന്നതു്, കർണാട്ടിക് നവാബിനെ സ്ഥാനാരോഹണം ചെയ്യിക്കുന്നു. രണ്ടാമത്തെ വരി: ബുദ്ധന്റെ ഓട്ടുപ്രതിമയും ബർമ്മീസ് രീതിയിലുള്ള മണിയും. (1916 ഏപ്രിൽ 15-ാം തീയതി മദ്രാസ് ഹാർബറിൽ ഒരിടത്തുനിന്നു ഇവ കണ്ടെടുത്തതാണു്. ഏ. ഡി. പതിമൂന്നാം ശതകത്തിലെ ശില്പകല.) കല്യാണസുന്ദരമൂർത്തിയെ ആട്ടം ആക്കിയോളജിയും പ്രദർശനത്തിനു വച്ചിരുന്നു. സോമാസ്കന്ദൻ (പാർവ്വതിയും പരമേശ്വരനും സ്കന്ദനും). ഏ. ഡി. 13-ാം ശതകത്തിലെ ശില്പകല. മൂന്നാമത്തെ വരി: ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതിയായിരുന്ന ഡാ: ഹെൻട്രി ഗ്രേഡി എലീഹൂയേൽകപ്പ് എന്ന വെള്ളിച്ചഷകം വീക്ഷിക്കുന്നതു്: ഭവനഗർ മഹാരാജാവും പത്നിയും മ്യൂസിയത്തിൽ.






# ഫോർട്ട് സെൻറ് ജാർജ്ജ് മ്യൂസിയം

കെ. ആർ. വിജയരാഘവൻ
ഫോർട്ട്മ്യൂസിയം, മദ്രാസ്

ചരിത്രകാരനു് മുന്നൂറു സംവത്സരം ഒരു ഹ്രസ്വകാലമാണു്. ഭൂതത്വശാസ്ത്രജ്ഞനു് അതു് അതിലേറെ ഹ്രസ്വവുമാണു്. ഒരു നഗരത്തിന്റെയും പരിസരങ്ങളുടെയും പരിവർത്തനങ്ങളിൽ മുന്നൂറു വർഷം ഏതായാലും ഗണ്യമാക്കത്തക്ക ഒരു കാലമാണു്. ഈ മുന്നൂറുവർഷത്തിന്റെ സ്മാരകചിഹ്നങ്ങളാണു് പൊതുജനങ്ങളുടെ വിജ്ഞാനത്തിനും ആസ്വാദനത്തിനുമായി ഫോർട്ട്മ്യൂസിയം സംരക്ഷിച്ചുപോരുന്നതു്. ഫോർട്ടിൽ ഈ മ്യൂസിയം ഏർപ്പെടുത്താൻ മുഖ്യകാരണക്കാരൻ കേണൽ ഡി. എം. റീഡാണു്. ഇപ്പോൾ മദ്രാസ് ആർക്കിയോളജിഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഇതു സംരക്ഷിക്കപ്പെടുകയുംചെയ്യുന്നു. ഫോർട്ടുമ്യൂസിയംപോലെയുള്ള ഒന്നിന്റെ ആവശ്യകത ഇന്നത്തെപ്പോലെ അത്ര ഒരുകാലത്തുമുണ്ടായിട്ടില്ല. വിവിധ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ഇടയിൽ ചിതറിക്കിടക്കുന്ന പല പുരാതനവസ്തുക്കളും ഫോർട്ടിൽ ഒന്നിച്ചുശേഖരിച്ചു സംരക്ഷിക്കുവാൻ ഇതൊരു സന്ദർഭം നൽകുകയുമുണ്ടായി. ഫോർട്ടുമ്യൂസിയം ഇന്ത്യയിലെ ചരിത്രപ്രധാനമായ മ്യൂസിയങ്ങളുടെ കൂട്ടത്തിൽ നൂതനമായിട്ടുള്ളതാണു്. മുകിലവംശ കാലത്തെ വസ്തുകളടങ്ങിയ ഡെൽഹി ഫോർട്ട്മ്യൂസിയവും സിക്കുകാരുടെ ചരിത്രത്തെ ചിത്രീകരിക്കുന്ന വസ്തുകളടങ്ങിയ ലാഹൂർ ഫോർട്ട്മ്യൂസിയവും ഇന്ത്യയിലെ ബ്രിട്ടീഷ് കാലത്തിന്റെ സ്മാരകചിഹ്നങ്ങളടങ്ങിയ കല്ക്കട്ടയിലെ വിക്ടോറിയ മെമ്മോറിയൽഹാളും ഇതിനുദാഹരണങ്ങളാണു്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നിലവിൽവന്ന ഒന്നാമത്തെ മ്യൂസിയമാണിതു്. ഫോർട്ട് മ്യൂസിയമിലെ ഏററവും നല്ല വിഭാഗം ആയുധപ്പുരയുടെ വിഭാഗമാണു്. വിവിധകേന്ദ്രങ്ങളിൽനിന്നു സംഭരിക്കപ്പെട്ട ആയുധങ്ങൾ താഴത്തെ നിലയിലാണു് സൂക്ഷിച്ചിരിക്കുന്നതു്. ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്ന പീരങ്കികളും. ഉണ്ടകളും മററും ഈസ്റ്റ് ഇൻഡ്യാ കമ്പനിവകയായ മററു യൂറോപ്യൻശക്തികളേയോ നാട്ടുകാരെയോ തോല്പിച്ചു അവർ പിടിച്ചിട്ടുള്ളവയോ ആണു്. ഇതു് ൧൬-ാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തെ കുറിക്കുന്നു. എഗ്‌മൂറിലെ ഗവൺമെൻറ് മ്യൂസിയത്തിൽനിന്നാണു ഇവയിലധികവും സംഭാവന ചെയ്തിട്ടുള്ളതു്. മദ്രാസ് ഗവർണ്ണർ സമ്മാനിച്ച തോക്കുകളും ഉണ്ടകളുംമററുംകൊണ്ടു് ഇതു കൂടുതൽ മനോഹരമായിട്ടുണ്ടു്. താഴത്തെനിലയിലെ നീണ്ട ഹാൾ കമ്പനിയുടെ ഭരണകാലത്തെ കപ്പലുകളേയും കൃാപ്റ്റന്മാരെയും മററു കമ്പനിആഫീസറന്മാരെയും കച്ചവടക്കാരെയും ചിത്രീകരിക്കുന്ന ഒന്നാണു്. എക്സ്ചേഞ്ചു് സ്ഥലമായിരിക്കുന്നതിനു പുറമെ ഈ ഹാൾ പൊതുയോഗങ്ങൾക്കും വിനോദപരിപാടികൾക്കും ഉപയോഗിക്കപ്പെട്ടിരുന്നു. ഹാളിന്റെ വടക്കേഅററത്തു് ൧൭൮൭ ൧൭൯൨ എന്നീ വർഷങ്ങൾക്കിടയിലുള്ള ഫോർട്ട് സെൻറ്ജോർജ്ജിന്റെ മനോഹരമായ ഒരു മാതൃക കാണാം. തെക്കേഅററത്തു് ഇന്ത്യയിൽ വളരെ പ്രാചീനമായിട്ടുള്ള ഫോർട്ടിലെ സെൻറ് മേരീസ് ചർച്ചു്, പുലിക്കാട്ടു ചർച്ചു്, ട്രാൻക്വിബാർ ചർച്ചു് എന്നിവകളിലെ കമ്യൂണിയൻവെസൽസ് എന്നറിയപ്പെടുന്ന തിരുവത്താഴപാത്രങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നു. അതേസ്ഥലത്തുതന്നെ സെൻറ് മേരീസ് പള്ളിവക ൧൬൮൦ മുതലുള്ള രേഖകളും കാണാം. ഇക്കൂട്ടത്തിൽ ജ്ഞാനസ്നാനം, വിവാഹം, ശവസംസ്കാരം എന്നിവകളുടെ ഒരു രജിസ്റ്ററും മാർഗരെററ് മാസ്കലൈനുമായുള്ള ക്ലൈവിന്റെ വിവാഹവും ൧൭൫൩-ലെ ബ്രൂൻഷ്വാംമസ്സ്‌സ് [illegible]പ്പെടുന്നു. ൧൬൮൭-ൽ ഗവർണർ എലീഹ്യൂയേൽ സെൻറ് മേരീസ് പള്ളിക്കു സമ്മാനിച്ച ഡയൽ പ്ലേററും ഇതിൽ ഉൾപ്പെടുന്നു. കാലാകാലങ്ങളിൽ പിരിച്ചുവിടപ്പെട്ടുന്ന ബ്രിട്ടീഷ് റെജിമെൻറുകളുടെ ചിഹ്നങ്ങളും ഈസ്റ്റിൻഡ്യാ കമ്പനിനാണയങ്ങളും ചൈനയുംമററും ഇവിടെ പ്രദർശിപ്പിച്ചിട്ടുള്ള മററു കാഴ്ച്ചകളാണു്. ൧൯൪൭ ആഗസ്റ്റ് ൧൫-ാംനു (സ്വാതന്ത്ര്യദിനം) ഫോർട്ട് റാവെലിന്റെ മുഖ്യകൊടിമരത്തിൽ ഉയർത്തപ്പെട്ട ദേശീയപതാകയും പ്രദർശനവസ്തുക്കളുടെ കൂട്ടത്തിൽ പെടുന്നുണ്ടു്. റാബർട്ട്ക്ലൈവ്, ആർതർ വെല്ലസ്ലി എന്നിവരുടെയും മററും സ്വന്ത കയ്യെഴുത്തിലുള്ള കത്തുകൾ കാണിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ഷോകേസ് സ്ഥിരം ഇവിടെ പ്രദർശിപ്പിക്കാൻ മദ്രാസ് ഗവ: ചീഫ് സെക്രട്ടറി സ്ഥിരമായി വായ്പ്പയ്ക്കുകൊടുത്തിട്ടുണ്ടു്.

പ്രാചീനകാല താല്പര്യമുദിപ്പിക്കുന്ന ഈ മൂല്യവസ്തുക്കളെല്ലാം ഒരു കേന്ദ്രസ്ഥാനത്തു സംഭരിച്ചു് സംരക്ഷിച്ചുവയ്ക്കുവാൻ നടപടി കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത പൊതുജനങ്ങൾ ധരിക്കുമെന്നു് പ്രത്യാശിക്കപ്പെടുന്നു. ഫോർട്ട്മ്യൂസിയം സകലർക്കും തുറക്കപ്പെട്ടിരിക്കയാണു്. ഇന്ത്യയുടെ ശ്രേയസ്സിനെ വെളിപ്പെടുത്തുന്ന ഇപ്രകാരമുള്ള എല്ലാ മൂല്യവസ്തുക്കളും സംരക്ഷിക്കുവാൻ ഈ മ്യൂസിയം പ്രതിജ്ഞയെടുത്തിരിക്കുകയാണു്. ഇപ്രകാരം വിചിത്രസമ്പാദനങ്ങളെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല പാശ്ചാത്യവുമായി കഴിഞ്ഞ മുന്നൂറുസംവത്സരക്കാലം മദ്രാസിനുള്ള സമ്പർക്കത്തിനിടയിൽ മദ്രാസിലെ ജീവിതത്തിന്റെയും വൃത്തികളുടെയും ശാശ്വതസ്മരണകൾ നിലനിർത്താൻ ഉപകരിക്കുന്നതുമായ മൂല്യവസ്തുക്കൾ മ്യൂസിയത്തിനു സമ്മാനിക്കാൻ മ്യൂസിയം അധികൃതർ പൊതുജനങ്ങളോടപേക്ഷിക്കുന്നു.

—:0:—

# *ബാലസാഹിത്യം

## നമ്മുടെ ഭാഷയിൽ അഭിവൃദ്ധിപ്പെടേണ്ട ഒരു സാഹിത്യപ്രസ്ഥാനം

മേക്കന്നത്തു് കുഞ്ഞികൃഷ്ണൻനായർ

അദ്ധ്യാപകന്മാരെയും അദ്ധ്യാപനത്തെയും സംബന്ധിക്കുന്ന പ്രശ്നങ്ങളെപ്പററി നിരൂപണംനടത്തുവാൻ ഉദ്ദേശിച്ച ഒരു സമ്മേളനത്തിൽ ബാലജനങ്ങൾക്കുവേണ്ട സാഹിത്യത്തെക്കുറിച്ചു ചർച്ചചെയ്യാനുദ്യമിക്കുന്നതു് പക്ഷെ ബാലിശമായിത്തോന്നാൻമതി. പ്രഥമദൃഷ്ട്യാ അപ്രസക്തമായ ഈ ഉദ്യമം അദ്ധ്യാപകന്മാരെ അപേക്ഷിച്ചു പ്രാധാന്യമർഹിക്കുന്നതാണെന്നു് വീണ്ടുവിചാരത്തിൽ മനസ്സിലാക്കാം. അദ്ധ്യാപകന്മാരുടെ പ്രവൎത്തനത്തിനുള്ള കരുക്കൾ ബാലജനങ്ങളാകുന്നു. അവരെ കേന്ദ്രീകരിച്ചാണു് അദ്ധ്യാപനചക്രം തിരിയുന്നതു്. അവൎക്കനുകൂലമല്ലാത്ത അദ്ധ്യാപനപരിഷ്കാരങ്ങൾ പ്രാബല്യം പ്രാപിക്കാതിരിക്കയില്ല. എല്ലാ വിദ്യാഭ്യാസധുരന്ധരന്മാരും ഇക്കാര്യത്തിൽ ഏകകണ്ഠമായ അഭിപ്രായമുള്ളവരാണു്. അദ്ധ്യാപകന്മാർ മാത്രമല്ല, മുതിൎന്ന ഏവരുംതന്നെ ബാലജനങ്ങളുടെ ആവശ്യങ്ങൾ നിറവേററിക്കൊടുക്കുന്നതിലും അവരുടെ മനസ്സു് വേണ്ടവിധം രൂപപ്പെടുത്തുന്നതിലും ശ്രദ്ധ ചെലുത്തേണ്ടവരുണ്ട്. ... ഉത്തരവാദിത്വമുണ്ടു്. ഈ ഉത്തരവാദിത്വം വേണ്ടവിധം നിൎവ്വഹിക്കാത്തതുകൊണ്ടുള്ള ദോഷങ്ങൾ സമുദായത്തെമുഴുവൻ ബാധിക്കുമെന്നു ചിന്തകന്മാർ അഭിപ്രായപ്പെടുന്നു. ഇന്ത്യയിലെ ഒരു പ്രമുഖവിദ്യാഭ്യാസപ്രവൎത്തകൻ ഇപ്രകാരം എഴുതീട്ടുണ്ടു്: "കുട്ടികളെസംബന്ധിച്ചു നാം ഏറെക്കുറെ ഉദാസീനഭാവമുള്ളവരാണു്. ഇതിന്റെ ഫലമായി നമ്മുടെ രാജ്യത്തിലെ ജീവിതംതന്നെ ഏതാണ്ടു് നിശ്ചലമായിരിക്കുന്നു. പുറമെയുള്ള ലോകത്തിലെ മാററങ്ങളോടു് ഇണങ്ങിച്ചേരുന്നതു് അസാദ്ധ്യമായി നമുക്കനുഭവപ്പെടുന്നു. നമ്മുടെ ഇടയിലുള്ള മുതിൎന്നവർ കുട്ടികളുടെനേരെ കാണിക്കുന്ന മനോഭാവത്തിൽനിന്നു് ഈ വാസ്തവം വ്യക്തമാകും." ബാലജനങ്ങളുടെ കാൎയ്യങ്ങളിലുള്ള അലസത സമുദായത്തിൽ ഇത്രയും ഗൌരവാവഹമായ ഒരു പരിണാമം ഉണ്ടാക്കുമെന്നു് എത്രപേർ സാരവത്തായി ആലോചിച്ചിട്ടുണ്ടു്? കുട്ടികളുടെ പ്രശ്നങ്ങളിലും ആവശ്യങ്ങളിലും പ്രദൎശിപ്പിക്കുന്ന അശ്രദ്ധ വിദ്യാഭ്യാസമണ്ഡലത്തിൽ ഇതിലും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്നു് എത്രപേർ മനസ്സിലാക്കീട്ടുണ്ടു്? വിദ്യാഭ്യാസവിഷയത്തിൽ കുട്ടികൾക്കുള്ള പ്രാധാന്യം ആരും വിസമ്മതിക്കാവുന്നതല്ല.

വിനോദത്തെയും വിജ്ഞാനത്തെയും മുൻനിൎത്തി, കുട്ടികൾക്കു് വായിക്കുവാൻപററിയ പുസ്തകങ്ങളാണു് ബാലസാഹിത്യത്തിൽ പെടുന്നതു്. ഈ സാഹിത്യവിഭാഗം ഇന്നും നമ്മുടെ ഭാഷയിൽ വേണ്ടത്ര വികാസം പ്രാപിച്ചിട്ടില്ലെന്നതു്, ഇതരസാഹിത്യങ്ങളെ അപേക്ഷിച്ചു് നമുക്കുള്ള ഒരു പ്രധാനന്യൂനതയാകുന്നു. മലയാളഭാഷ മററു പല സാഹിത്യപഥങ്ങളിലും പുരോഗമനം നേടീട്ടുണ്ടു്. ഒരുകാലത്തു് നിഷിദ്ധമെന്നുകരുതിപ്പോന്ന ലൈംഗികവിഷയങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങൾകൂടി നമ്മുടെ ഗ്രന്ഥാവലിയിൽ തുരുതുരെ വന്നുവീഴുന്നു. എന്നാൽ ഭാവിപൌരന്മാരുടെ മനസ്സിനു് വികാസവും വിനോദവും നൽകുവാനും അവർമുഖേന രാജ്യക്ഷേമം വളൎത്തുവാനും പററിയ പുസ്തകങ്ങളുടെ ദൌൎല്ലഭ്യം ഇന്നും നമ്മെ ലജ്ജിപ്പിക്കുന്നു. ഇതിനുള്ള കാരണങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കാം. ഒന്നാമതു്, ബാലസാഹിത്യത്തിൽ ഉൾപ്പെടുത്താൻകൊള്ളാവുന്ന നല്ല പുസ്തകങ്ങൾ രചിക്കുന്നതിനു് വൈഷമ്യം കൂടും. കുട്ടികളുടെ മാനസികനിലയിലേക്കു് താണുവന്നിട്ടുവേണം ഇത്തരം പുസ്തകങ്ങൾ വിജയകരമായി വിരചിക്കുവാൻ. കുട്ടികളുടെ മനശ്ശാസ്ത്രത്തെപ്പററി നല്ല പരിചയബോധം ഉള്ളവൎക്കു മാത്രമേ ഇതു നിൎവ്വഹിക്കാനാവൂ. ബാലസാഹിത്യത്തിൽ മിനക്കെടാനൊരുങ്ങിയ ഗ്രന്ഥകാരന്മാർ നമ്മുടെ ഇടയിൽ ഏറെയില്ല. അതിലുള്ള വൈഷമ്യങ്ങളിൽനിന്നു ഒഴിഞ്ഞുമാറാൻ ആഗ്രഹിക്കുന്നവരാണു അധികംപേരും. മുതിൎന്നവരുടെ മാനസികമണ്ഡലങ്ങളിൽ പ്രവൎത്തിക്കുന്നതിനു എളുപ്പം കൂടുമല്ലോ. മുതിൎന്നവൎക്കു പററിയ ഗ്രന്ഥനിൎമ്മാണംകൊണ്ടു് പ്രശസ്തി നേടുവാൻ കൂടുതൽ എളുപ്പമാണെന്ന വിചാരം നമ്മുടെ ഗ്രന്ഥകാരന്മാരിൽ മിക്കവൎക്കുമുണ്ടു്. ബാലസാഹിത്യനിൎമ്മാണത്താൽ തങ്ങളുടെ സാഹിത്യപദവി സുരക്ഷിതവും സുപ്രശസ്തവുമാക്കാമെന്ന അഭിപ്രായത്തിന്റെ പ്രായോഗികതയിൽ വിശ്വസിക്കാത്തവരാണു് അധികംപേരും. വിജയം ലഭിക്കുമെന്ന ഉറപ്പില്ലാത്ത ഒരു വഴിക്കു പോകുവാൻ അവർ എന്തിന്നു ഉദ്യമിക്കുന്നു? അതിന്റെയെല്ലാം ഫലമായി നമ്മുടെ ബാലസാഹിത്യം പുഷ്ടിപ്പെടാൻ ഇടവന്നില്ല. തന്നിമിത്തം കുട്ടികളിൽ വികസ്വരമാകേണ്ട മാനസികോല്ലാസം നഷ്ടപ്പെടുന്നുവെന്ന വസ്തുത നാം മറന്നുകളയുകയുംചെയ്യുന്നു.

വളൎച്ചകൊണ്ടും പ്രചാരംകൊണ്ടും പ്രശസ്തി നേടിയ മററു ഭാഷാസാഹിത്യങ്ങൾ താരതമ്യേന പരിശോധിച്ചാൽ ഏതദ്വിഷയത്തിലുള്ള നമ്മുടെ ന്യൂനതകൾ കൂടുതൽ നന്നായി തെളിഞ്ഞു കാണും. ഉദാഹരണമായി ആംഗ്ലേയസാഹിത്യത്തെ പരിശോധിച്ചുനോക്കുക. ഓരോ വയോഘട്ടത്തിലുമുള്ള കുട്ടികളുടെ മനോവികാസത്തെ സഹായിക്കുന്നവിധം, വളരെ ശ്രദ്ധയോടുകൂടി തരംതിരിച്ചു പ്രസിദ്ധപ്പെടുത്തിയ അനേകം ഗ്രന്ഥങ്ങൾ ഇംഗ്ലീഷുഭാഷയിലുണ്ടു്. പ്രായോഗികജീവിതത്തിലും ഭാവനയിലും കുട്ടികളുടെ മനസ്സിൽ കൌതുകം ജനിപ്പിക്കുന്ന എത്രയെത്ര കഥാപുസ്തകങ്ങളാണു് ആ സാഹിത്യത്തിലുള്ളതു്! കുട്ടികൾക്കു വേണ്ട കവിതകൾ—താരാട്ടുപാട്ടുമുതൽ ലഘുഭാവഗീതങ്ങൾവരെ—തരംതിരിച്ചു അവർ പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്. കഥാകാവ്യങ്ങൾ ലളിതരൂപത്തിൽ എത്രയെങ്കിലും കാണാം. ഗദ്യത്തിൽ എല്ലാംവിധമുള്ള കഥപുസ്തകങ്ങൾ— വീരസാഹസികകഥകൾ, യക്ഷികഥകൾ, പ്രകൃതികഥകൾ, ധൎമ്മതത്വകഥകൾ, യാത്രാകഥകൾ, ജീവിതകഥകൾ, മൃഗലോകകഥകൾ! കുട്ടികളെ ആകൎഷിക്കത്തക്ക ഭാഷാശൈലിയും, കഥനരീതിയും, അച്ചടിയിലും ചിത്രങ്ങളിലുമുള്ള കലാഭംഗിയുംകൊണ്ടു ഉള്ളും പുറവും ഒരുപോലെ കമനീയമായ പ്രസിദ്ധീകരണങ്ങളാണവ. ഈ പുസ്തകങ്ങളുടെ നിൎമ്മാണത്തിനുപിന്നിൽ എത്രമാത്രം ചിന്തയും പ്രയത്നവും ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നു് മനസ്സിലാക്കിയാൽ നാം സ്വയം അത്ഭുതാധീനരാകുവാൻ മതി.

ഇന്നു് കേരളത്തിൽ പലരും കുട്ടികൾക്കുള്ള പാഠ്യപുസ്തകങ്ങൾ രചിക്കുന്നതിൽ ദൃഢപരിശ്രമം വരുന്നുണ്ടല്ലോ. കുട്ടികളുടെ മനശ്ശാസ്ത്രപ്രകാരമുള്ള ആവശ്യങ്ങൾ അറിഞ്ഞു് അവയെ തൃപ്തിപ്പെടുത്തത്തക്കനിലയിലാണു് ഈ പുസ്തകങ്ങൾ നിൎമ്മിക്കുന്നതെന്നു് നങ്ങൾക്കു് വിശ്വാസമുണ്ടോ? സിലബസിന്റെ നാലതിരുകളിൽ ഒതുങ്ങിനിൽക്കുവാൻ ഒട്ടൊന്നു ശ്രമിച്ചു് എഴുതിവിടുന്നവയാണു മിക്കവയും. ഞാൻ എന്നെത്തന്നെ ആക്ഷേപിക്കുകയാണെന്നു് നിങ്ങൾ ചൂണ്ടിക്കാണിക്കുമായിരിക്കാം. അതേ എന്നു് ഞാൻ ഏററുപറയുന്നു. ഇന്നത്തെ സ്ഥിതിഗതികളിൽ ആൎക്കും അത്രമാത്രമേ പ്രവൎത്തിക്കാൻ സാധിക്കുകയുള്ളുവെന്നു് സമാധാനിക്കുകയും ചെയ്യുന്നു. കൂടുതൽ നന്നായി പ്രവൎത്തിക്കണമെന്ന ആവശ്യം കുട്ടികളുടെ രക്ഷാകൎത്താക്കൾക്കോ, വിദ്യാഭ്യാസാധികൃതന്മാൎക്കോ, പുസ്തകപ്രസാധകന്മാൎക്കോ തോന്നീട്ടില്ല.

എന്നാൽ, ഫ്രാൻസിൽ ഒരു ശിശുപാഠം ഉണ്ടാക്കുവാൻ വിദഗ്ദ്ധാംഗങ്ങളടങ്ങിയ ഒരു പണ്ഡിതസമിതി എത്രയോവൎഷങ്ങളോളം പ്രയത്നിച്ചുവെന്നുകേട്ടാൽ നിങ്ങൾക്കു് അതു വിശ്വസിക്കുവാൻ സാധിക്കുമോ? രണ്ടു് ആഴ്ചകൊണ്ടോ, ഒരുമാസംകൊണ്ടോ നമ്മുടെ ഗ്രന്ഥാചിതാക്കൾക്കു് എഴുതിയുണ്ടാക്കാൻ സാധിക്കുന്ന ഒരു ശിശുപാഠത്തിനു് ഇത്രയുംപേർ ഇത്രയും വൎഷങ്ങളോളം പണിപ്പെട്ടുവെന്നു് കേൾക്കുമ്പോൾ നാം എങ്ങിനെ അവിശ്വസിക്കാതിരിക്കും? അവർ എന്തുചെയ്തുവെന്നു് നമുക്കു് പരിശോധിക്കുക. കുട്ടികൾ ഉപയോഗിച്ചുകാണുന്നവയും അവൎക്കു് അൎത്ഥം മനസ്സിലാകുന്നവയുമായ പദങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അവർ പണിപ്പെട്ടുശേഖരിച്ചു. കുട്ടികൾ സാധാരണ കണ്ടുപരിചയപ്പെടുന്നവയും അവൎക്കു് കണ്ടാൽ കൌതുകം തോന്നുന്നവയുമായ വസ്തുക്കളുടെ ഒരു പട്ടിക അവർ ഉണ്ടാക്കി. അതിൽപിന്നെ പണ്ഡിതന്മാർ ഒത്തുചേൎന്നു്, ഈ പദങ്ങളെയും വസ്തുക്കളെയും മുൻനിൎത്തി സമഗ്രമായ ഒരു നിരൂപണംനടത്തി, പുസ്തകനിൎമ്മാണം ഏതുനിലയിലായിരിക്കണമെന്നു് നിൎണ്ണയിക്കുകയും ആ തീരുമാനമനുസരിച്ചുള്ള രൂപത്തിൽ പുസ്തകം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കുട്ടികൾക്കു് അതു് ഏററവും ആകൎഷകവും ഹൃദ്യവുമായി അനുഭവപ്പെട്ടുവെന്നു് പറയേണ്ടതില്ലല്ലോ. ഈ പ്രവൃത്തി പൂൎത്തിയാകുമ്പോഴേയ്ക്കും ഒരു നല്ലതുക ചെലവായിരിക്കുമെന്നു നമുക്കൂഹിക്കാം. അത്രയും സംഖ്യ പോകട്ടെ. അതിൽ ഒരുശതമാനമെങ്കിലും ചെലവഴിച്ചു കുട്ടികൾക്കുള്ള പുസ്തകനിൎമ്മാണം വേണ്ടവിധമാക്കുവാൻ ഒരു നേരിയ വിചാരമെങ്കിലും ഉള്ള എത്ര പ്രസാധകന്മാരെയും വിദ്യാഭ്യാസപ്രവൎത്തകന്മാരെയും നമുക്കു കാണുവാൻ കഴിയും? ഏററവും ചുരുങ്ങിയ മൂലധനമിറക്കി ഏററവും വലിയ ലാഭമുണ്ടാക്കുകയാണു് ഇന്നത്തെ പ്രസാധകന്മാരുടെ സമ്പ്രദായം. വിദ്യാഭ്യാസവകുപ്പിന്റെ തലവന്മാരാകട്ടെ, ഇത്തരം കാൎയ്യങ്ങളിൽ പണം ചെലവഴിക്കുന്നതു് ഒരു ദുർവ്യയമായിക്കരുതുന്നുവെന്നു വിചാരിക്കാനാണു വഴികാണുന്നതു്.

ബാലസാഹിത്യത്തിൽ പ്രശസ്തമായി പ്രവൎത്തിച്ചുവർ വളരെ പണിപ്പെട്ടാണു് ഗ്രന്ഥസൃഷ്ടിക്കു വേണ്ട സാമഗ്രികൾ സംഭരിച്ചിട്ടുള്ളതു്. 'ആർതർമീ' എന്ന ഗ്രന്ഥകാരൻ കുട്ടികൾക്കുവേണ്ടി എഴുതിയ ഗ്രന്ഥങ്ങൾ ഉദാഹരണമായെടുക്കാം. 'സഹസ്രവീരന്മാർ' (Thousand heroes) എന്ന അദ്ദേഹത്തിന്റെ പുസ്തകം പരിശോധിക്കുക. എത്ര വീരചരിതങ്ങളാണു പലേടങ്ങളിൽനിന്നും തേടിപ്പിടിച്ചു് ഒരുക്കൂട്ടി അദ്ദേഹം ബാലജനങ്ങൾക്കായി സമൎപ്പിച്ചിട്ടുള്ളതു്! പാശ്ചാത്യരാജ്യങ്ങളിലും റഷ്യയിലും കുട്ടികൾക്കു പ്രത്യേകമായുള്ള മാസികകളും ബൃഹദ്വിജ്ഞാനകോശങ്ങളും മററും നിരവധി കാണാം. കുട്ടികളുടെ ബഹുമുഖമായ മാനസികവികാസത്തിന്റെ ഏതുഘട്ടത്തിലും സഹായകമായ പ്രസിദ്ധീകരണങ്ങൾ ആ രാജ്യങ്ങളിലെ സാഹിത്യങ്ങളിലുണ്ടു്. റഷ്യയിൽ കുട്ടികളുടെ കഴിവുകൾ പ്രായോഗികസീമയിൽ ഫലപ്രദമാക്കാനുള്ള പ്രവൎത്തനങ്ങളുമുണ്ടു്.

ഇത്രയും പറഞ്ഞതുകൊണ്ടു് പൌരസ്ത്യഭാഷകളിൽ ബാലസാഹിത്യഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടില്ലെന്നു വിവക്ഷയില്ല. സംസ്കൃതത്തിലെ പഞ്ചതന്ത്രവും കഥാസരിത്സാഗരവും നീതികഥകളും മററും ബാലജനങ്ങളെ ഉദ്ദേശിച്ചു് രചിക്കപ്പെട്ടവയാണു്. അറബിക്കഥകളും പേർഷ്യൻകഥകളും സുപ്രസിദ്ധമാണല്ലോ. എന്നാൽ കുട്ടികൾക്കു ജീവിതത്തിൽ വളൎന്നുവരുന്ന കൌതുകത്തെയും നാനാമുഖമായ മാനസികവികാസത്തിനുള്ള കഴിവുകളെയും ഇത്തരം കഥകൾകൊണ്ടുമാത്രം തൃപ്തിപ്പെടുത്താൻ സാധിക്കയില്ല. അവരുടെ ആവശ്യങ്ങൾ വളൎന്നിരിക്കുന്നു. സമുദായത്തിനു ക്ഷേമവും അഭിവൃദ്ധിയും വരുത്തുവാനുള്ള കഴിവും കരുത്തും ആരോഗ്യവും അവരുടെ മനസ്സിന്നുണ്ടാകേണ്ടിയിരിക്കുന്നു. വിജ്ഞാനസമ്പാദനത്തിനും വിനോദനത്തിനുമുള്ള അവരുടെ തൃഷ്ണ ശമിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ഉദ്ദേശ്യങ്ങൾ ഫലിപ്പിക്കുവാൻ കൂടുതൽ വികാസം പ്രാപിച്ച ഒരു രൂപമാണു് പാശ്ചാത്യരാജ്യങ്ങളിലെ ബാലസാഹിത്യത്തിൽ കണ്ടുവരുന്നതു്. ഒരു നല്ല പശ്ചാത്തലത്തിൽ കുട്ടികളുടെ പ്രായോഗികബുദ്ധിയും ഭാവനയും ഒപ്പം വികസിപ്പിക്കുകയാണു് ആധുനികബാലസാഹിത്യത്തിന്റെ കൎത്തവ്യം.

ഈ വസ്തുതകൾ മുൻനിൎത്തി നമ്മുടെ ബാലസാഹിത്യത്തെപ്പററി ആലോചിക്കുമ്പോൾ നാം ലജ്ജിതരാകാതിരിക്കയില്ല. ദക്ഷിണേന്ത്യയിലെ ഇതരഭാഷകളെ അപേക്ഷിച്ചുപോലും നാം ഈ വിഷയത്തിൽ വളരെ പിന്നാക്കമാണു്. തമിഴിൽ ബാലജനങ്ങളെമാത്രം ഉദ്ദേശിച്ചു നടത്തുന്ന പത്രഗ്രന്ഥങ്ങളുമുണ്ടു്. തരംതിരിച്ചു എഴുതപ്പെട്ട നിരവധി കഥാപുസ്തകങ്ങളുണ്ടു്. കൎണ്ണാടകത്തിൽ 'ബാലസാഹിത്യമണ്ഡപം' എന്ന ഒരു സംഘടന കുറെ ഫലപ്രദമായി പ്രവൎത്തിച്ചിട്ടുണ്ടു്. മലയാളത്തിൽ 'ബാലൻ' എന്ന ഒരു മാസികമാത്രമേ ബാലന്മാൎക്കു് പ്രത്യേകമായി അവകാശപ്പെടാവുന്ന ഒരു പ്രസിദ്ധീകരണമായുള്ളു. കണ്ണൂരിൽനിന്നു് ഒരു ബാലമാസികയുടെ ഒന്നോരണ്ടോ ലക്കങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടുവെങ്കിലും അതു് തുടൎന്നുപോകയുണ്ടായില്ല. 'ബാലൻ' മാസികതന്നെ ബാലജനങ്ങൾക്കു് പ്രത്യേകം ആകൎഷകമായ ആകൃതിയും പ്രകൃതിയും കൈവരിക്കുന്നതിൽ ഇനിയും തൃപ്തികരമായിട്ടില്ല. നല്ല ഒരു ബാലമാസികയ്ക്കു് ചിത്രങ്ങൾ ഒഴിച്ചുകൂടാത്ത അലങ്കാരങ്ങളാണു്. ഒരു പ്രോസസ്സ് സ്റേറഡിയോവും ചിത്രങ്ങൾ വിധാനംചെയ്യാനുള്ള കലാകാരന്മാരും ഉണ്ടായാലല്ലാതെ കുട്ടികളുടെ മാസികകൾ വിജയിക്കയില്ല. നമ്മുടെ മാസികാപ്രവൎത്തകന്മാരുടെ സാമ്പത്തികസാദ്ധ്യതകൾ ഈ പരിപാടികൾക്കു് അനുകൂലമല്ലെന്നു പറയേണ്ടതില്ലല്ലോ. 'ബാലൻ പ്രസിദ്ധീകരണങ്ങളെ'ന്ന നിലയിൽ കുട്ടികൾക്കുവേണ്ടി കുറെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ചില പുസ്തകങ്ങൾ നന്നായിട്ടുമുണ്ടു്. ചിത്രങ്ങൾ വേണ്ടവിധം ഉണ്ടായിരിക്കുക, പുസ്തകങ്ങൾ തരംതിരിക്കുന്നതിലും താണതരങ്ങളിലുള്ള പുസ്തകങ്ങളുടെ അച്ചടി വലിയ അക്ഷരങ്ങളിലാക്കുന്നതിലും മററും ശ്രദ്ധിക്കുക, അക്ഷരവിധാനങ്ങളിൽ കൂടുതൽ സൌന്ദൎയ്യബോധം കാണിക്കുക—ഈ കാൎയ്യങ്ങളിൽ കൂടുതൽ അവധാനം കാണിച്ചിരുന്നുവെങ്കിൽ പ്രസ്തുത പ്രസിദ്ധീകരണങ്ങൾ ഇതിലേറെ ആകൎഷകങ്ങളായേനേ. അച്ചടിയിൽ വേണ്ടപ്പെട്ട പരിഷ്കാരങ്ങളോടുകൂടി മാക്മില്ലൻ കമ്പനിക്കാർ കട്ടെര

* തലശ്ശേരി ഗുരുജനസമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മലബാർ അദ്ധ്യാപകന്മാരുടെ വിജ്ഞാനനവീകരണപദ്ധതി (Refresher Course)യിൽചെയ്ത പ്രസംഗത്തിന്റെ സംഗ്രഹം.



തിരുവിതാംകൂർ കൊച്ചീഗവണ്മെൻറു് നടത്തിവരുന്ന കൊല്ലം ഹരിജനബാലികാഹോസ്റ്റൽ. ഈ ഹരിജനബാലികമാരുടെ ബോർഡിംഗും ലാഡ്ജിംഗും വസ്ത്രധാരണവും വിദ്യാഭ്യാസവും സംബന്ധിച്ചുള്ള ചിലവുകൾ ഗവണ്മെൻറു് വഹിക്കുന്നു.

കൊല്ലങ്ങൾക്കുമുമ്പ് ചില ബാലകഥാപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അത് ആശംസ്യമായ ഒരു വ്യതിയാനമായിരുന്നു. അനാസ്ഥകൊണ്ടോ, പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങൾക്ക് ഉദ്ദേശിച്ചവിധം പ്രചാരം ലഭിക്കായ്കകൊണ്ടോ അവർ ആ ഉദ്യമം, പക്ഷെ തുടർന്നില്ല.

കേരളക്കരയിലുള്ള ചില മാസികകളും വാരികകളും 'ബാലപംക്തി'കളിൽ ചിലതെല്ലാം പ്രസിദ്ധപ്പെടുത്തിക്കാണാറുണ്ട്. അവയിൽ അധികവും മുതിർന്നവർക്ക് പററിയ ഭാഷയും വിഷയസ്വഭാവവും ഉള്ളവയാണ്. മുതിർന്നവർക്കുകൂടി തലവേദനയുണ്ടാക്കത്തക്ക ചില ഗൗരവപ്രശ്നങ്ങളും അവയിൽ കണ്ടെന്നു വരാം. ആ നിലയിൽ അവരുടെ 'ബാലപംക്തി' പത്രലോകത്തിലെ ഒരപവാദമാണെന്ന് പറയേണ്ടിയിരിക്കുന്നു.

ബാലജനങ്ങളെപ്പററി നമ്മുടെ സാഹിത്യം ഇത്തരം ഉദാസീനതാഭാവം കൈക്കൊണ്ടാൽ മതിയോ? അദ്ധ്യാപകന്മാരും, പ്രസാധകന്മാരും, ഗ്രന്ഥകാരന്മാരും, മററു വിദ്യാഭ്യാസ്സുകളും ഒരുപോലെ ഉത്തരം പറയേണ്ട ചോദ്യമാണിത്. നമ്മുടെ ബാലസാഹിത്യം കൂടുതൽ അഭിവൃദ്ധിപ്പെടേണ്ടതാണെന്ന് എല്ലാവരും അഭിപ്രായപ്പെടും. അതിന്നായി പ്രവർത്തിക്കുന്ന പ്രസാധകന്മാർക്ക് ഇപ്പോഴും നിരാശപ്പെടാവകാശമുണ്ടാകയില്ല. വായനയുടെ ആവശ്യങ്ങളിൽ പഴയകാലങ്ങളെ അപേക്ഷിച്ച് ഇന്ന് വലിയ അന്തരമുണ്ട്. എട്ടും പത്തും വയസ്സായ തങ്ങളുടെ കുട്ടികൾക്ക് വായിക്കുവാൻ വല്ല കഥാപുസ്തകങ്ങളും പാടിരസിക്കുവാൻ പററിയ പാട്ടുപുസ്തകങ്ങളും ലഘുകാവ്യഗ്രന്ഥങ്ങളും കിട്ടുമോ എന്നന്വേഷിച്ച്, നിരാശരായി മടങ്ങുന്ന അനേകം രക്ഷാകർത്താക്കളെ ഇന്നു കാണുവാൻ കഴിയും. പുസ്തകഷാപ്പുകൾക്ക് അവരുടെ ആവശ്യങ്ങൾ നിവർത്തിക്കുവാൻ സാധിക്കുന്നില്ല. അവിടെ വല്ല ചെറുകഥാപുസ്തകങ്ങളും ഉണ്ടെങ്കിൽതന്നെ അവ പ്രണയമയമായിരിക്കും. ഇളംപ്രായത്തിൽ തങ്ങളുടെ കുട്ടികളുടെമേൽ പ്രണയംവെച്ചുകെട്ടേണ്ടതില്ലെന്നുകരുതി മിക്കവരും നിരാശരായി മടങ്ങുകയാണുപതിവ്. ഈ നിരാശനീക്കത്തക്ക പ്രസിദ്ധീകരണങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് സാധിക്കുകയില്ലേ? തീർച്ചയായും സാധിക്കേണ്ടതാണ്. അതിന്നുപററിയ പുസ്തകങ്ങൾ നിർമ്മിക്കുവാൻ പ്രാപ്തി നേടിയ ഗ്രന്ഥകാരന്മാരും അവ പ്രസിദ്ധപ്പെടുത്തുവാനുള്ള പ്രസാധകന്മാരും നമ്മുടെ ഇടയിൽ ഉണ്ടല്ലോ.

മുഷിപ്പനായിരിക്കാത്ത നല്ല പാഠ്യപുസ്തകങ്ങൾ, ആകർഷകങ്ങളായ കഥാപുസ്തകങ്ങൾ, ലഘുലേഖനങ്ങൾ, കവിതകൾ—ഇവയാണ് നമ്മുടെ കുട്ടികൾക്കാവശ്യം. പ്രധാനമായ ഇനം കഥാപുസ്തകങ്ങളുടേതുതന്നെ. പഞ്ചതന്ത്രം ഈസോപ്പുകഥകൾ, റഷ്യ, ചൈന മുതലായ ഇതര രാജ്യങ്ങളിലെ കഥകൾ എന്നിവ ഉപജീവിച്ചോ അനുയുക്തമായ മാററങ്ങളോടുകൂടിയോ, ഭാഷയിൽ അവതരിപ്പിക്കാവുന്നതാണ്. ധാത്രികഥകൾ, യക്ഷികഥകൾ മുതലായവ കുട്ടികളുടെ ഭാവനയ്ക്ക്, നിറംപിടിപ്പിക്കും. 'Parables from Nature' എന്നപേരിൽ ആംഗ്ലേയഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട പ്രകൃതികഥകളെ അനുകരിച്ച് മനോഹരങ്ങളായ ഭാഷാകഥകൾ എഴുതാം. ധീരസാഹസികകഥകൾ, പുരാണകഥകൾ, ചരിത്രകഥകൾ, ജീവിതകഥകൾ മുതലായ കഥാപുസ്തകങ്ങൾ ആകർഷകമായ രീതിയിൽ അവതരിപ്പിക്കാവുന്നതാണ്. വിവിധ രാജ്യങ്ങളിലുള്ള ജനതകളെപ്പററി ബാലജനങ്ങളുടെ ജിജ്ഞാസ ശമിപ്പിക്കാനുതകുന്ന പ്രസിദ്ധീകരണങ്ങളും ആവശ്യമാകുന്നു.

ഇത്തരം പ്രസിദ്ധീകരണങ്ങളുടെ അച്ചടിയിലും പ്രസാധനരീതികളിലും വലിയ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. കഥകൾ വിവിധവയോഘട്ടങ്ങളിലുള്ള ബാലജനങ്ങൾക്ക് യോജിച്ചഭാഷയിലും സമ്പ്രദായത്തിലും ആയിരിക്കണം. അവ തരംതിരിക്കുന്നതിന്നുമുമ്പ് പ്രസ്താവിച്ചപോലെ ബാലമനശ്ശാസ്ത്രത്തിൽ പരിജ്ഞാനമുള്ള വിദഗ്ദ്ധബുദ്ധികളും പണ്ഡിതഹസ്തങ്ങളും ആവശ്യമാകുന്നു. ഭാഷാപാണ്ഡിത്യമോ പദസ്വാധീനതയോ ഉള്ളതുകൊണ്ടുമാത്രം നല്ല എഴുത്തുകാരനാകയെന്നു കരുതി, അങ്ങിനെയുള്ള ഒരാളെ ഈ കാര്യം നടത്തുവാൻ നിയമിക്കുന്നത് അബദ്ധമായിരിക്കും. അത്തരത്തിലുള്ള 'എഴുത്തുകാരു'ടെ പ്രകടനങ്ങളാണ് മുതിർന്നവർക്ക് പറവുന്നനിലയിൽ കാണപ്പെടാറുള്ളത്. വേണ്ടത്ര മനശ്ശാസ്ത്രബോധത്തോടെ വിവേകിതകൂടിക്കാണിക്കുന്ന ഗ്രന്ഥകാരന്മാരാണാവശ്യം. താണതരങ്ങളിലേക്കുള്ള പുസ്തകങ്ങൾ വലിയ അച്ചിൽതന്നെ അടിക്കേണ്ടതാണ്. വേണ്ടപ്പെട്ട ചിത്രങ്ങൾ അവയിൽ ചേർക്കുകയും വേണം. വർണ്ണചിത്രങ്ങളാണെങ്കിൽ വളരെ നന്നായി. ആകെ ബാലജനങ്ങൾക്ക് പ്രസിദ്ധീകരണങ്ങൾ കൌതുകകരമായിത്തോന്നണം.

കുട്ടികൾക്ക പാടാനും ചൊല്ലിരസിക്കുവാനും പററിയ ഗാനപുസ്തകങ്ങളും കവിതാപുസ്തകങ്ങളും ഭാഷയിൽ ഉണ്ടാകേണ്ടതാണ്. കുട്ടികൾക്കുവേണ്ട കവിതകൾ രചിക്കുന്നതിൽ ഇന്നത്തെ കവികൾ വിശേഷിച്ചും, പ്രായേണ ഉദാസീനരാകുന്നു. മഹാകവി കുമാരനാശാൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, ഇരയിമ്മൻ തമ്പി, ഉള്ളൂർ മുതലായവർ ബാലജനങ്ങൾക്കുവേണ്ടി ചിലമനോഹരകവിതകൾരചിച്ചിട്ടുണ്ട്. ഇന്നത്തെ കവികൾ, പക്ഷെ അവരുടെ കാലടികൾ പിന്തുടരുന്നത് ആശാസ്യമായിക്കരുതുന്നില്ലായിരിക്കാം. അവയിൽ പലരും ബാലസാഹിത്യത്തിന് ഒരുമാതിരി 'അയിത്തം' കല്പിച്ചു പോരുന്നവരാണ്. ഈ അയിത്തമനോഭാവം നീങ്ങി, കുട്ടികൾക്കുവേണ്ട കവിതകൾ ഭാഷയിൽ വികാസം പ്രാപിക്കേണ്ടതാകുന്നു.

ഇത്തരം ഉദ്യമങ്ങളിലെല്ലാം അദ്ധ്യാപകന്മാർക്ക പ്രധാനമായ ഒരു പങ്ക് വഹിക്കാൻ കഴിയും. ബാലമനശ്ശാസ്ത്രം അവർക്ക സുപരിചിതമാണ്. ഗ്രന്ഥനിർമ്മാണത്തിനു യോഗ്യതനേടിയ ആദ്ധ്യാപകന്മാർ ദുർല്ലഭമല്ല. ഉത്തരവാദപ്പെട്ട അദ്ധ്യാപകസംഘടനകൾ പററിയ അദ്ധ്യാപകന്മാരെ തിരഞ്ഞെടുത്തു സമിതികൾ രൂപവൽക്കരിച്ച്, ബാലസാഹിത്യഗ്രന്ഥങ്ങൾ നിർമ്മിക്കുവാൻ അവരെ നിയോഗിക്കേണ്ടതാകുന്നു. അവർ സൗകര്യപ്രകാരം സാവധാനം പ്രവർത്തിച്ചാൽമതി. അവരുടെ സേവനം പാഴായിപ്പോകുന്നതല്ല ഒരു വിദഗ്ദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ രചിക്കപ്പെടുന്ന പുസ്തകങ്ങൾക്ക് പ്രസിദ്ധീകരണം സംബന്ധിച്ചുള്ള വൈഷമ്യങ്ങൾ നേരിടുകയില്ലെന്നും അവയുടെ പ്രചാരത്തെപ്പററി ആശങ്കയ്ക്കവകാശമില്ലെന്നും ഉറപ്പിക്കാം.

അടിസ്ഥാനവിദ്യാഭ്യാസം മുതലായ നവീന വിദ്യാപ്രവണതകളുമായി ബാലസാഹിത്യത്തെ ഇണക്കുവാൻ ധാരാളം കഴിവുകളുണ്ട്. വിദ്യാഭ്യാസരംഗത്തിൽ പ്രവർത്തിക്കുന്നവർക്ക് അതിന്റെ പ്രായോഗികത അനുഭവപ്പെടുത്താൻ കൂടുതൽ സൌകര്യമുണ്ടായിരിക്കും. അത് പക്ഷെ പ്രത്യേകമായ പ്രതിപാദനം അർഹിക്കുന്ന ഒരു വിഷയമാണ്.

കുട്ടികളുടെ ഭാവനയ്ക്കും വിചാരമണ്ഡലത്തിന്നും ആരോഗ്യകരമായ വിശാലത നൽകുന്ന ഒരു ബാലസാഹിത്യമാണ് നമുക്ക വേണ്ടത്. പണ്ഡിതനെഹ്റുവിന്റെ വാക്കുകളിൽ "കുറെക്കൂടി വിവേകബോധത്തോടെ തുറന്ന കണ്ണുകളും കണ്ണടങ്ങളും" അവർ ഉപയോഗിക്കുമാറാകണം. അവരുടെ ജീവിതവീക്ഷണത്തിന്നും—മനസ്സിന്നും ബുദ്ധിക്കും—വിശാലതയും ഉല്ലാസവും ഉത്തേജനവും ഉണ്ടായിത്തീരണം. അതിന്നുപകരിക്കത്തക്ക ഒരു ബാലസാഹിത്യശാഖ നമ്മുടെ ഭാഷയിൽ പരിപുഷ്ടമായിത്തീരട്ടെ എന്ന് നമുക്കു ആശിക്കുക.

—o—



പ്രസിഡന്റ് ഡാക്ടർ രാജേന്ദ്രപ്രസാദ് അഖിലേന്ത്യാ ഗേൾഗയിഡ് അസോസിയേഷൻ പ്രവർത്തകരേയും ഡെലിഗേററുകളേയും ഫെബ്രുവരി 25-ാംനു ശനിയാഴ്ച ഗവർണ്മെൻറമന്ദിരത്തിൽ സ്വീകരിക്കുകയുണ്ടായി. മിസ്സിസ് ഡട്ട്, മിസ്സിസ് ക്യാപ്റാൻ, ഡാ: രാജേന്ദ്രപ്രസാദ്, മിസ്സിസ് മജുംദർ എന്നിവരെ ചിത്രത്തിൽ കാണാം.

ശാസ്ത്രപംക്തി:—

# *"ഹൈഡ്റജൻബോമ്പും അതിന്റെ പ്രവർത്തനവും"

വി. ഗോപാലസ്വാമി ബി. എസ്സ്സി.

അധികാരദുർമ്മോഹത്തിൽനിന്നുണ്ടായ ഒരാഹ്വാനമാണ് അമേരിക്കൻ പ്രസിഡന്റ് ട്രൂമന്റെ ഹൈഡ്റജൻബോമ്പുനിർമ്മാണപ്രഖ്യാപനം. അത് ലോകത്തെ ആകമാനം ഞെട്ടിച്ചു. വിദഗ്ദ്ധശാസ്ത്രജ്ഞന്മാരുടെ മസ്തിഷ്കത്തെ ചൂടുപിടിപ്പിച്ചു. അമേരിക്കയിലെ അനേകം യുദ്ധകൊതിയന്മാരേയും, ധനോന്മത്തരേയും തുള്ളിച്ചാടിച്ചു. പക്ഷെ ഈ പ്രഖ്യാപനം സമാധാനകാംക്ഷികൾക്കും ലോകശാന്തിക്കുവേണ്ടി അക്ഷീണശ്രമം ചെയ്യുന്നവർക്കും ഒരു ക്രൂരമായിഭവിച്ചു. പ്രസിദ്ധ ശാസ്ത്രജ്ഞനായ ഐൻസ്റ്റിൻ ഈ ബോമ്പിന് "നരകബോമ്പ്" എന്ന പേരും കൊടുത്തു. 'അണുബോമ്പ്' മൂലം അമേരിക്കക്ക് ലഭിച്ച അധികാരം ആ രാഷ്ട്രത്തെ വഴിപിഴപ്പിക്കുമോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

താഴെപ്പറയുന്ന തത്വത്തെ ആസ്പദമാക്കിയാണ് 'ഹൈഡ്റജൻബോമ്പിന്റെ' പ്രവർത്തനം ശാസ്ത്രജ്ഞന്മാർ പ്ലാൻ ചെയ്തിരിക്കുന്നത്. അതിശീഘ്രം പ്രയാണംചെയ്തുകൊണ്ടിരിക്കുന്ന ഹൈഡ്റജവാതകത്തിന്റെ പരമാണുക്കൾ വാതകത്തിൽതന്നെയുള്ള വേറെ ചില പ്രത്യേകതരം അണുക്കളുമായി കൂട്ടിമുട്ടുമ്പോൾ 'അണുശക്തി' (atomic energy) ആവിർഭവിക്കുന്നു. ഹൈഡ്രജൻഅണുവിന്റെ ഗതിവേഗം സെക്കൻഡിൽ കുറഞ്ഞത് ൭൦൦ മൈലിലെങ്കിലുമായിരുന്നാലേ കാര്യക്ഷമമായ രീതിയിൽ അണുശക്തി ഉണ്ടാകുകയുള്ളു. സാധാരണ ഉഷ്മാവിൽ ഹൈഡ്രജൻ തന്മാത്രങ്ങൾ (Hydrogen molecules) ഇടവിടാതെ ചുററിത്തിരിഞ്ഞു കൊണ്ടിരിക്കയാണ്. ഈ അവസ്ഥയിൽ അവയുടെ ഗതി വേഗം സെക്കൻഡിൽ കാൽമൈൽ മാത്രമേയുള്ളു. തപിപ്പിക്കുമ്പോൾ വാതകം വികസിക്കുകയും തന്മാത്രങ്ങളുടെ ഗതിവേഗം വളരെ കൂടുകയും ചെയ്യുന്നു. ഗതിവേഗം സെക്കൻഡിൽ ശരാശരി ൭൦൦-മൈലാക്കിത്തീർക്കുന്നതിന് വാതകത്തെ ൧൦-കോടി ഡിഗ്രി ഉഷ്മാവുവരെ തപിപ്പിക്കേണ്ടിയിരിക്കുന്നു. ഇത്ര കൂടിയ ഉഷ്മാവിൽ ഹൈഡ്രജൻവാതകത്തെ അല്പസമയം—അതായത് ഒരു സെക്കൻറിന്റെ ആയിരത്തിൽ ഒരംശം സമയം തപിപ്പിച്ചാൽ അതിശീഘ്രഗാമികളായ അണുക്കൾതമ്മിൽ കൂട്ടിമുട്ടി ധാരാളം അണുശക്തിഉണ്ടാകുകയും, ഹൈഡ്റജൻ, ഹീലിയം (Helium) ഗ്യാസായി രൂപാന്തരപ്പെടുകയും ചെയ്യും.

സാധാരണ ഹൈഡ്റജൻവാതകത്തെ മേൽപ്പറഞ്ഞവിധം പ്രവർത്തിപ്പിച്ച് 'അണുശക്തി' ഉൽപാദിപ്പിക്കാൻ വളരെ വിഷമമാണ്. എന്നാൽ ഹൈഡ്റജന്റെ രൂപാന്തരഭേദങ്ങൾ അണുശക്തി വളരെ പ്രയാസംകൂടാതെ ഉൽപാദിപ്പിക്കാൻപററിയവയാണ്. ഈ രൂപാന്തരഭേദങ്ങൾ "ഡ്യൂറേറിയം" (Heavey hydrogen), ട്രൈറേറിയമു (Tritium) മാണ്. ഡ്യൂറേറിയത്തിന്റെയും, ട്രൈറേറിയത്തിന്റെയും ഒരു പ്രത്യേക മിശ്രിതമായിരിക്കാം ഹൈഡ്റജൻ ബോംബിന്റെ പ്രധാന ഉള്ളടക്കം. ഈ രൂപാന്തരങ്ങളുടെ 'ലിതിയം' (Lithium) ലോഹസംയുക്തമായിരിക്കാം ബോംബുനിർമ്മാണത്തിനുപയോഗിക്കുന്നത്. ആററംബോമ്പിന്റെ സ്ഫോടനവേളയിൽ ൧൦-കോടി ഡിഗ്രി ഉഷ്മാവുവരെ ചൂടുണ്ടാകുമെന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്. ട്രൈറേറിയം-ഡ്യൂറേറിയം മിശ്രിതം ആററംബോമ്പിലെ Plutonium ദ്രവ്യവുമായി കലർത്തിയാലുണ്ടാകുന്ന ആററംശക്തി ആ ഉഷ്മാവിൽ വളരെ കൂടുതലായിരിക്കാനിടയുണ്ട്. അത്ര വലിയ ഉഷ്മാവിൽ താപപ്രസരണം മൂലം ബോമ്പ് താനേ തണുക്കുന്നതുകൊണ്ട് മേൽപറഞ്ഞതിൽ കൂടുതൽ അണുശക്തിവർദ്ധനവ് സാദ്ധ്യമാകാൻ കണക്കില്ല. ഹൈഡ്റജൻബോമ്പിന്റെ സ്ഫോടനവേളയിൽ ഉണ്ടാകാവുന്ന ശക്തി ഏറെക്കുറെ എത്രയെന്ന് ക്ലിപ്തമായി പറയാൻ സാദ്ധ്യമായിട്ടില്ല. ആററംബോമ്പിനെക്കാളും, നൂറുമടങ്ങ് ശക്തി ഈ ബോമ്പിനുണ്ടെന്നാണ് ചിലരുടെ അഭിപ്രായം. പ്രസിദ്ധശാസ്ത്രജ്ഞന്മാരായ ബ്രസ്ച്ചറും (Brestcher) ഡാ: ഫ്രഞ്ചും (Dr. French) ഈ ശക്തി കണക്കാക്കാനുള്ള വഴികൾ തരുന്നുണ്ട്. അവരുടെ അളവുകൾ അടിസ്ഥാനമാക്കി ഈ ബോമ്പിനെ വീക്ഷിക്കുന്നപക്ഷം അതിന്റെ ആകൃതി ഏറക്കുറെ ഊഹിക്കുവാൻ സാദ്ധ്യമാണ്. അതിന്റെ കുറഞ്ഞവ്യാസം അനേകായിരം ഗജങ്ങൾവരുമെന്നും, ബോമ്പുണ്ടാക്കാൻ ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ തൂക്കം വളരെ അധികമാണെന്നും മനസ്സിലാക്കാം.

ഇത്രയും പ്രയാസവും വിഷമമേറിയതുമായ ഈ ബോമ്പിന്റെ നിർമ്മാണം അസാദ്ധ്യമെന്ന് തീർത്തുപറയാൻ നിവൃത്തിയില്ല. ഈതരം ഒരു ബോമ്പ് പ്രവർത്തനപരിധിയിൽ കൊണ്ടുവരാൻ സാധിച്ചാൽ അത് അത്യാശ്ചര്യമായ ഒരു 'മാരകായുധമാകുമെന്നുള്ളതിന്' രണ്ടുപക്ഷമില്ല് നിർമ്മിച്ചാൽ തന്നെയും ഈ ബോമ്പ് പ്രയോഗിക്കുന്നതിന് വളരെ വൈഷമ്യമുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ ഈ ബോമ്പിന്റെ സാദ്ധ്യത ഒരു ചോദ്യച്ചിഹ്നം, മാത്രമാണ്. ഈ ബോമ്പിനെ സംബന്ധിച്ചുള്ള മററു പല വിവരങ്ങളും രഹസ്യമായി സൂക്ഷിച്ചിരിക്കുകയാണ്.

[* ഡാക്ടർ ഇ. എച്ച്. എസ്സ്. ബർഹോപ്പിന്റെ "Hydrogen bomb and its working" എന്ന (Burhop) ലേഖനത്തേ ഉപജീവിച്ചെഴുതിയത്.]

—o—

## സോമൻ ആൻറ് പാർട്ടി: ഒരു കാർട്ടൂൺ പരമ്പര.




ഭാനുവും ലീലയും പിന്നെ എന്തുചെയ്തുവെന്നുള്ളതിന് അടുത്തവാരത്തിലെ കാർട്ടൂൺ നോക്കുക.

സസ്യവിഹാരം

# പൂക്കൾ

(ആർ. മാധവൻനായർ, ബി. എസ്. സി. നെൽവേലി)

പൂക്കളെ മാനിക്കാത്തവൻ മനുഷ്യനല്ല. കുടിൽതൊട്ടു കൊട്ടാരംവരെ പ്രവേശനമുള്ള ഒരു സാധനമാണു പൂവ്. ഒരുപുഷ്പം കൈയിൽ കിട്ടിയാൽ ഏവനും നാസികയോടടുപ്പിച്ചു അതിന്റെ ഗന്ധം ആസ്വദിക്കുന്നു; പിന്നീട്ടു കണ്ഠാഗ്രത്തിലോ കുന്തളഭാരത്തിലോ തിരുകുന്നു. ഇതിനു ഇത്രപ്രാധാന്യം സിദ്ധിക്കാനുള്ള കാരണമെന്തു്. ഗർഭിണികളെ ആദരിക്കുക ലോകപ്രകൃതിയാണല്ലോ. ചെടിയുടെ ഗർഭസ്ഥിതയായ ശിശു പുഷ്പത്തിൽ അടങ്ങിയിരിക്കുകയോ അടങ്ങാൻ പോവുകയോ ചെയ്യുന്നു. മംഗളകർമ്മങ്ങളിലും മുഖ്യസ്ഥാനം പൂവിനുതന്നെ. 'അധികതുംഗപദത്തിൽ' ഒരു രാജ്ഞിയെപോലെ അതു ശോഭിക്കുന്നു. സകലരാലും സമാരാധ്യമായ പുഷ്പത്തിന്റെ ഘടനാവിശേഷത്തെപ്പറ്റിയുള്ള പ്രതിപാദനം അസ്ഥാനത്തിലായിരിക്കുകയില്ലല്ലോ.

പൂക്കൾ പല വലിപ്പത്തിലും, ആകൃതിയിലും, നിറത്തിലും, ഗന്ധത്തിലും ഉണ്ടു്. ഇവ ചെടികളുടെ തണ്ടുകളിൽ ഇലകൾ ഉത്ഭവിക്കുന്നതിനുമുകളിലോ ശാഖാഗ്രത്തിലോ, ഒററയായോ അനേകമെണ്ണം ഒന്നുചേർന്നു മഞ്ജരിയായോ വളരുന്നു. ഒരു പുഷ്പത്തിനു പൂഞെട്ടു് (flwer stalk), പുറയുറ (Calyx), ഉള്ളുറ (Corolla), കേസരങ്ങൾ (Stamens), ജനി (Pistil) എന്നു അഞ്ചുഭാഗങ്ങളും, ഓരോ ഭാഗത്തിനും പ്രത്യേകഘടനയും ഉണ്ടു്. പൂ ഞെട്ടിനുമുകളിൽ കാണുന്ന കപ്പുപോലുള്ള ഭാഗമാണു പുറയുറ. ഇതിനു മിക്കവാറും പച്ചനിറമായിരിക്കും. ഇതിനുമുകളിൽ സുരഭിലമനോഹരമായി കാണുന്ന ഭാഗമാണു ഉള്ളുറ. ഇതിനുള്ളിൽ പൂവിലെ ഏററവും പ്രധാനഭാഗങ്ങളായ കേസരങ്ങളും ജനിയും സ്ഥിതിചെയ്യുന്നു. ഇവയുടെ പ്രവർത്തനംകൊണ്ടാണു വിത്തുകൾ ഉണ്ടാകുന്നതു്.

എല്ലാപൂക്കൾക്കും ആകൃതി ഒന്നല്ല. ചിലതു സമപാർശ്വസാമ്യ (Symmetrical in all planes) മുള്ളവയും, മററു ചിലതു് ഏതെങ്കിലും ഒരു തലത്തിൽമാത്രം പാർശ്വസാമ്യമുള്ളവയും ആയിരിക്കും. ചില പൂക്കൾക്കു ശലഭത്തിന്റെ ആകൃതിയുണ്ടു്. ഇപ്രകാരമുള്ള ആകൃതിവ്യത്യാസത്തിനു കാരണമെന്തു്? ഇതു ഒരു യാദൃച്ഛികസംഭവമല്ല. പുഷ്പത്തിന്റെ പ്രധാനകർത്തവ്യം വിത്തുകൾ ഉണ്ടാക്കുകയാണല്ലോ. ഇതിനു കേസരത്തിലുള്ളപരാഗമവും (pollen) ജനിയുമായി സംയോജിക്കണം. പ്രായേണ, പ്രകൃതിയിൽ ഒരു പുഷ്പത്തിലുള്ള പരാഗം അതേ പുഷ്പത്തിന്റെ ജനിയിൽ എത്താതിരിക്കാനുള്ള ശ്രമങ്ങൾ കണ്ടുവരുന്നു. ഒരു പുഷ്പത്തിലെ ജനിയിൽ അതേ ജാതിയിൽപെട്ട വേറൊരു പുഷ്പത്തിലെ പരാഗം പതിക്കുന്നതായിരിക്കും കൂടുതൽനന്നു്. ഈ തത്വത്തിനു പരപ്പരാഗണം (Cross-pollination) എന്നുപറയുന്നു. ചിത്രശലഭങ്ങൾ മുതലായ ചെറുപ്രാണികളാണു ഇതിനു സഹായിക്കുന്നതു്. ചില പുഷ്പങ്ങളിൽ പരാഗണം നടത്താൻ ചില പ്രത്യേക പ്രാണികൾക്കുമാത്രമേ സാധ്യമാകൂ.

ചെടികളുടെ പരിണാമ (Evolutin) സമയത്തു എല്ലാപുഷ്പങ്ങളും സമപാർശ്വസാമ്യമുള്ളവയായിരുന്നു. ചില ചെടികൾ വളരുന്ന സ്ഥലത്തു ചില പ്രത്യേകപ്രാണികൾമാത്രമേ ഉണ്ടായിരുന്നുള്ളു എന്നുവരാം. പ്രാണികൾ തേൻനുകരാൻ പുഷ്പത്തിന്റെ ഉള്ളുറദളങ്ങളിൽ ചെന്നിരിക്കുന്നതിനാൽ ആ ദളങ്ങൾ അവയുടെഭാരം താങ്ങേണ്ടിവരുന്നു. ഇങ്ങനെ പലകാലം സംഭവിക്കുമ്പോൾ ദളങ്ങളുടെ ആകൃതി അല്പാല്പമായി വ്യത്യാസപ്പെടാൻ ഇടയുണ്ടു്. പയറ, തുമ്പമുതലായ പുഷ്പങ്ങളുടെ ആകൃതി ഇപ്രകാരമാണു ഉണ്ടായിട്ടുള്ളതു്. കാശിത്തുമ്പ (Balsom) പൂവിനെ പരിശോധിച്ചാൽ അതിന്റെ ദളങ്ങളിൽ ഒന്നു വളരെനീളമുള്ള ഒരു കുഴലായി (Spur) രൂപാന്തരപ്പെട്ടിരിക്കുന്നതുകാണാം. ഈ കുഴലിനകത്താണു പ്രാണിക്കു ആഹാരമായിത്തീരുന്ന മധു സ്ഥിതിചെയ്യുന്നതു്. ചിത്രശലഭത്തിന്റെ രസനനാളം വളരെ നീളമുള്ളതും നേർത്തതുമാണു്. അതിനാൽ പ്രസ്തുത പുഷ്പത്തിലെ മധു ചിത്രശലഭത്തിനുമാത്രമേ നുകരാൻ കഴിയുന്നുള്ളു.

ചേമ്പു, ചേന മുതലായചെടികളുടെ പുഷ്പങ്ങളെ പരിശോധിക്കുന്നതു് രസാവഹമാണു്. മൂന്നുതരത്തിലുള്ള അനേകം ചെറിയ പുഷ്പങ്ങൾ ഒരു മാംസളമായ തണ്ടിൽ സ്ഥിതിചെയ്യുന്നു. ഏററവും മുകളിൽ ആൺപൂക്കളും, അടിയിൽ പെൺപൂക്കളും, ഇവക്കിടയ്ക്കു് നപുംസകപുഷ്പങ്ങളും, ഇവയെ പൊതിഞ്ഞു് മഞ്ഞനിറത്തിലുള്ള ഒരുപോളയും ഉണ്ടു്. ഉറമ്പുകൾ പോളയുടെ ചുരുളുകൾക്കിടയിൽക്കൂടി അകത്തുകടന്നു്, അടിഭാഗത്തുള്ള മധുവിനെ പാനംചെയ്തു്, പുറത്തുപോകാൻ ശ്രമിക്കുന്നു. സാധുപ്രാണികൾ! പരാജയമടയുന്നു! പോളയുടെ ചുരുളുകളിലുള്ള രോമങ്ങൾ അവയെ തടഞ്ഞുനിറുത്തുന്നു. അതിനാൽ അവ മഞ്ജരിയുടെ പുറത്തുകൂടി സഞ്ചരിക്കുന്നു. അവയുടെ ദേഹത്തു ചേമ്പിലെ പരാഗം ഉണ്ടായിരുന്നാൽ പെൺപൂക്കളിൽ പരാഗണം നടക്കുന്നു. ഏതാനംദിവസങ്ങൾക്കുശേഷം ആൺപൂക്കളിൽനിന്നും കൊഴിയുന്ന പരാഗം അവയുടെ ദേഹത്തുപററുന്നു. അപ്പോൾ പോള കൊഴിഞ്ഞുപോവുകയും ഉറമ്പുകൾ ബന്ധനവിമുക്തരാവുകയും ചെയ്യുന്നു.

ആലിൻപൂവിൽ ഇതിനേക്കാൾ തന്ത്രത്തിലുള്ള പരാഗണരീതിയുണ്ടു്. ആലിൻപൂ എന്നു സാധാരണകരുതപ്പെടുന്നതു് അനേകം പൂക്കൾ ചേർന്നുണ്ടായ മഞ്ജരിയാണു്. ഇതു് അകം പൊള്ളയായി, ഒരു ദ്വാരത്തോടുകൂടിയ ഗോളാകൃതിയിൽ ഇരിക്കുന്നു. ഇതിനകത്തു മൂന്നുതരം പൂക്കൾകാണുന്നു; ദ്വാരത്തോടടുത്തു ആൺപൂക്കളും, അടിവശത്തുള്ള പെൺപൂക്കളും. ഇവയ്ക്കിടയിൽ നപുംസകപുഷ്പങ്ങളും. പെൺപൂക്കൾ രണ്ടുതരത്തിലുണ്ടു്. ചില പൂക്കൾക്കു് നീളംകൂടിയ ഞെട്ടും ഗോളാകൃതിയിലുള്ള അണ്ഡാശയവും നീളംകുറഞ്ഞ കീലവും (Style) ഉണ്ടു്. ചിലതിനു് നീളംകുറഞ്ഞ ഞെട്ടും നീളംകൂടിയ കീലവും ഉണ്ടു്. ഇതിൽ പരാഗണം നടത്തുന്നതു് 'കുഴവി' (Wasp) എന്ന ഒരുതരം ഷട്പദമാണു്. മഞ്ജരിയിലുള്ള ദ്വാരത്തിൽക്കൂടി ഇതു് ഉള്ളിൽ പ്രവേശിക്കുന്നു. ഇതിന്റെ ദേഹത്തു് പരാഗം ഉണ്ടായിരുന്നാൽ പെൺപൂക്കൾക്കു് പരാഗണംനടക്കുന്നു. നീളംകുറഞ്ഞ കീലമുള്ള പൂക്കളുടെ അണ്ഡാശയത്തിൽ ഈ പ്രാണി മുട്ടയിട്ടിട്ടു് അന്തരിക്കുന്നു. നീളംകൂടിയ കീലമുള്ള പൂക്കൾക്കകത്തു് വിത്തുകളും നീളംകുറഞ്ഞ കീലമുള്ള പൂക്കൾക്കകത്തു് കുഴവിക്കുഞ്ഞുങ്ങളും ഉണ്ടാകുന്നു. ഈ കുഞ്ഞുങ്ങൾ അണ്ഡാശയഭിത്തിപൊളിച്ചു് പുറത്തുവരുന്നു. ഈ സമയത്തു ആൺപൂക്കളിൽനിന്നും പരാഗം കൊഴിഞ്ഞുതുടങ്ങുന്നതിനാൽ അവയുടെ ദേഹത്തു് പരാഗം പററുന്നു. കുഴവികളുടെ ബീജസങ്കലനം അവിടെവച്ചു് നടന്നശേഷം ആൺകുഴവികൾ അന്തരിക്കുന്നു. മഞ്ജരിയുടെ ദ്വാരത്തിനടുത്തുള്ളഭാഗം അല്പം ദ്രവിച്ചു് പെൺകുഴവികളെ പുറത്തുവിടുന്നു.

ശരിയായ പരാഗണത്തിനുവേണ്ടി പൂക്കളിൽകാണുന്നഅത്ഭുതസ്വഭാവങ്ങൾക്കു കണക്കില്ല. ഈഘടനാവിശേഷങ്ങൾ ചെടിക്കുംഅതിൽ എത്തുന്ന ജീവിക്കും ഉപയോഗപ്രദമാണു്. ചെടിക്കുപരാഗണവും, ജീവിക്കു് ആഹാരവും ഒരേസമയത്തു് സിദ്ധിക്കുന്നു. സസ്യലോകത്തിനും ജന്തുലോകത്തിനും തമ്മിലുള്ള അനേകം ദൃഢബന്ധങ്ങളിൽ ഒന്നു് ഈ പ്രത്യേകരീതിയിലുള്ള പൂവിന്റെ ഘടനകൊണ്ടു് സാധിക്കുന്നു. പരസ്പരം യാതൊരു രക്തബന്ധവുമില്ലാത്ത രണ്ടു് പ്രകൃതിസൃഷ്ടികൾ ഐകമത്യത്തോടും അന്യോന്യം ഗുണപ്രദമായ രീതിയിലും കഴിയുന്നതിനെ, "അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലു"ന്ന ഈ ലോകം കണ്ടുപഠിക്കട്ടെ.

—o—

അറിയിപ്പ്

ഓടുകൾ

വിദഗ്ദ്ധന്മാരാൽ നിർമ്മിക്കപ്പെട്ട മേച്ചിൽ ഓടുകൾ കമത്തോട്, കൂമ്പോട്, വയർകട്ട മുതലായവ മിതമായ റേററിൽ എപ്പോഴും കൊടുക്കപ്പെടും.

തിരുവിതാംകൂറിലും വെളിയിലും ഏജൻറന്മാരെ ആവശ്യമുണ്ടു്,

അപേക്ഷിക്കുക:— മാനേജിംഗ് പ്രൊപ്രൈററർ,

അംബുജം ടൈൽവർക്സ് & സാമിൽസ്, ചവറ

റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ

മിതമായ നിരക്കിലും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതാണു്.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# മനോര

മിസ്സസ്സ് ചെല്ലം പി. നായർ

പന്ത്രണ്ടാംശതാബ്ദത്തിന്റെ അവസാനകാലഘട്ടംവരെയും തഞ്ചാവൂർരാജ്യം ചോളവംശത്താലാണ് ഭരിക്കപ്പെട്ടുവന്നിരുന്നത്. അതിനുശേഷം ഈ രാജ്യം ഭാരതസമുദ്രത്തിലെ ഹൊയ്സലബല്ലാലർക്കും മധുരയിലെ പാണ്ഡ്യവംശത്തിനും കീഴ്പ്പെട്ടുകയും ഒടുവിൽ വിജയനഗരസാമ്രാജ്യത്തിൽ ലയിക്കുകയുംചെയ്തു. പതിനേഴാംശതാബ്ദത്തിൽ നായക്ക്‌വംശം പൂർണ്ണവളർച്ചയെ പ്രാപിച്ചതോടുകൂടി ൧൬൬൨-ൽ മധുരയിലെ ചൊക്കനാഥനായക്കൻ തഞ്ചാവൂരിനെ കൈവശപ്പെടുത്തി. ൧൬൭൪-ൽ ബിജപ്പൂർഭരിച്ചുകൊണ്ടിരുന്ന മഹമ്മദീയരാജാവിന്റെ മഹാരാഷ്ട്രസേനാനായകൻ വെങ്കാജി, തഞ്ചാവൂരിനെ ആക്രമിക്കുകയും ഏതാണ്ട് പതിനെട്ടാംശതാബ്ദത്തിന്റെ അവസാനകാലംവരെയും മഹാരാഷ്ട്രരാൽ ഭരിക്കപ്പെട്ടുവരികയും ചെയ്തു.

൧൭൪൯-ൽ ഇംഗ്ലീഷുകാർ ആദ്യമായി തഞ്ചാവൂരിൽ ദേവകോട്ടയെ ആക്രമിക്കുകയും അന്നത്തെ രാജാവും, ആർക്കോട്ടുനവാബായിരുന്ന മഹമ്മദാലിയും, ഫ്രഞ്ചുകാർക്കെതിരായി ഇംഗ്ലീഷ്കാരോട് സഖ്യത്തിലേർപ്പെടുകയുംചെയ്തു. ഏ. ഡി. ൧൭൭൩-നോടുകൂടി ഇംഗ്ലീഷുകാർ തഞ്ചാവൂർ മുഴുവൻ കൈവശപ്പെടുത്തിയെങ്കിലും ൧൭൭൬-ൽ ഈസ്റ്റ്ഇൻഡ്യാ കമ്പനിക്കാരുടെ സംരക്ഷണത്തിനും മേൽക്കോയ്മയ്ക്കും വിധേയമായ ഒരു ചെറിയരാജ്യമായി, ഒരുപ്രത്യേക ഉടമ്പടിക്കുശേഷം രാജവാഴ്ച അവിടെ പുനഃസ്ഥാപിതമായി.

ഏ. ഡി. ൧൭൯൯-ഒക്ടോബർമാസം ൨൫-ാം-൹ മഹാരാജാ സർഫോജി അധികാരത്തിൽവന്ന് അധികനാൾ കഴിയുന്നതിനുമുമ്പ്, അദ്ദേഹം തന്റെ കൈവശത്തിലുണ്ടായിരുന്ന സകല സ്വത്തുക്കളേയും ഈസ്റ്റ്ഇൻഡ്യാ കമ്പനിക്ക് ദാനംചെയ്തു. അതിനുപകരം അദ്ദേഹത്തിന്റെ ജീവപര്യന്തം രാജപദവിയോടുകൂടി വാഴുന്നതിനുതകത്തക്ക സൗകര്യങ്ങൾമാത്രം അവരിൽനിന്നു പ്രതിഫലമായി സ്വീകരിക്കുകയാണുണ്ടായത്. കൊട്ടാരത്തിനു ചുററുമുണ്ടായിരുന്ന കോട്ടവരെയും ഇംഗ്ലീഷുകാരുടെ അധീശാധികാരത്തിനുവിധേയമായിമാത്രം അദ്ദേഹം ഭരണംനടത്തിവന്നിരുന്നു. ഈ രാജാവ് ഏ. ഡി. ൧൮൩൨-ലാണു നാടുനീങ്ങിയതു്.

ബ്രിട്ടീഷ്ഗവമ്മേൻറിന്റെ സഹായിയും സ്നേഹിതനുമായിരുന്ന സർഫോജിമഹാരാജാ ബ്രിട്ടീഷുസേനയുടെ വിജയത്തിന്റെയും നെപ്പോളിയൻ ബോണപ്പാർട്ടിന്റെ അധഃപതനത്തിന്റെയും സ്മാരകമായി ഏ.ഡി. ൧൮൧൪-ൽ ഒരു സ്തംഭം പണിയിക്കുകയുണ്ടായി. കാണികളുടെ മനസ്സിനെ രഞ്ജിപ്പിക്കുന്നതുകൊണ്ടാണോ എന്തോ, ഇതിന് അദ്ദേഹം 'മനോര' എന്നു നാമകരണവുംചെയ്തു. തഞ്ചാവൂരിലുള്ള പട്ടുകോട്ടയിൽനിന്നും ഏകദേശം എട്ടുമൈൽ തെക്കുപടിഞ്ഞാറായി കടൽക്കരയ്ക്കടുത്തുള്ള സരബേന്ദ്രപട്ടണം ഗ്രാമപരിധിക്കുള്ളിലാണു ഇതു സ്ഥിതിചെയ്യുന്നത്. വഴിയിലുള്ള രണ്ടു വലിയതോടുകൾ തരണംചെയ്യേണ്ടിയിരിക്കുന്നതിനാൽ വർഷകാലത്തു അവിടെ എത്തിച്ചേരുക എന്നതു ശ്രമസാദ്ധ്യമായ ഒന്നാണ്. ഗ്രാമത്തിൽനിന്നും ഏകദേശം അരമൈൽ കിഴക്കായി സ്ഥിതിചെയ്യുന്ന ഈ സ്തംഭത്തിൽനിന്നും കഷ്ടിച്ച് ഒരു ഫർലാംഗ് ദൂരത്തിലുള്ള കടലിലെ തിരമാലകൾ വർഷകാലത്ത് ഏകദേശം അതിൻ്റെ പത്തുവാര അടുത്തുവരെ അടിച്ചുകൊണ്ടിരിക്കും.

ഇനി നമുക്ക് ഈ സ്തംഭത്തിന്റെ ഘടനാരീതിയെ ഒരു സാമാന്യവീക്ഷണത്തിനു വിധേയമാക്കാം. എട്ടുനിലയിൽ ഇപ്പോൾ കാണപ്പെടുന്ന ഈ വലിയസ്തംഭത്തിനു ഭൂമിനിരപ്പിൽനിന്നും എൺപത്തിരണ്ടടി ഉയരമുണ്ട്. ആറുപട്ടങ്ങളായി ആസൂത്രണംചെയ്യപ്പെട്ടിരിക്കുന്ന ഇതിന്റെ ഘടന ചൈനീസ്പഗോഡകളെപ്പോലെ 'ട' ആകൃതിയിലുള്ള ഗുഹകളുള്ള ഒരു വലിയ പിരമിഡിന്റെ രീതിയിലാണ്. ഇതിനു ചുററും അർദ്ധഗോളാകൃതിയിലുള്ള അറകളോടുകൂടിയ രണ്ടു ഘനമേറിയ ഭിത്തികൾ സ്തംഭത്തിന്റെ മദ്ധ്യഭാഗത്തുനിന്നും സമദൂരത്തിൽ (Concentric) പണിചെയ്തിട്ടുള്ളതുകൂടാതെ പത്തടിഅകലവും ഏഴടി ആഴവുംഉള്ള ഒരു കിടങ്ങും ഇവയ്ക്കു മദ്ധ്യമായി ഉണ്ട്. അകത്തേക്കു കടക്കുവാൻ പഴയകാലങ്ങളിൽ നിർദ്ദേശം ചെയ്യപ്പെട്ടിരുന്നമാർഗ്ഗം, പശ്ചിമഭാഗത്തുള്ള 'കമാന'ങ്ങളിൽക്കൂടി അകത്തേക്കു കടന്ന് കിടങ്ങുകൾക്കു മുകളിൽ അന്നുണ്ടായിരുന്ന തൂക്കുപാലങ്ങൾ വഴിയായിരുന്നുവത്രേ. സ്ഥലത്തു ഇപ്പോഴും കാണാവുന്ന വലിയ ഇരുമ്പു വ്യാപാരികളുടെയും മററും അടയാളങ്ങൾ പഴയപാലത്തിന്റെ ചിഹ്നങ്ങളാണെന്നു വിശ്വസിക്കുന്നതിൽ വലിയതെററുണ്ടെന്നു തോന്നുന്നില്ല. ഉള്ളിലുള്ള വാതലിലേക്കു എത്തിച്ചേരുന്നതിനു മറെറാരു ചെറിയപാലവും പണിചെയ്തിട്ടുണ്ട്.



'മനോര'സ്തംഭം

(കാപ്പിറൈററ് ആർക്കിയാളജിഡിപ്പാർട്ടുമെൻറ്, മദ്രാസ്.)

സ്തംഭത്തോടുചേർന്നു ൫൦ അടി അകലത്തിലും, ൫൦ അടി പാദനീളമുള്ള ആറുപട്ടങ്ങളോടുകൂടിയതുമായ, ഒരു ഭിത്തികെട്ടിയിട്ടുണ്ട്. മുററത്തു മുഴുവനും ഇഷ്ടികകൾ നിരത്തപ്പെട്ടിരിക്കുകയാണ്. 'U' ആകൃതിയിലുള്ള മറെറാരു വാതലിൽക്കൂടിയാണ് വെളിയിലേക്കുള്ളവഴി. ഇതിന്റെ ഇരുവശങ്ങളിലും കാവൽ അറകൾ ഉണ്ട്. പ്രധാനഭിത്തിയുടെ മുകളിലുള്ള അരമതിലിൽ, സൈനികസൗകര്യങ്ങൾക്കനുസരിച്ച് കൊത്തളങ്ങൾ ആറുവശങ്ങളിലും പണിചെയ്തിട്ടുണ്ട്.

ദക്ഷിണഭിത്തിയിൽ നാലരയടി നീളവും രണ്ടടി ഉയരവുമുള്ള ഒരു മാർബിൾകല്ല് പതിച്ചിട്ടുണ്ട്. (ചിത്രംനോക്കുക) ഇതുമുഴുവൻ തമിഴ്, തെലുങ്ക്, മഹാരാഷ്ട്രം, ഉർദ്ദു, ഇംഗ്ലീഷ് ഈ ഭാഷകളിലുള്ള ലിഖിതങ്ങളാൽ നിറയ്ക്കപ്പെട്ടിരിക്കയാണ്. ഇവകൂടാതെ ഇരുവശങ്ങളിലും ഓരോ ആനകളുടെ മുകളിലായി പതാക വഹിച്ചുകൊണ്ടുനിൽക്കുന്ന "സിംഹരൂപങ്ങളും കൊത്തപ്പെട്ടിട്ടുണ്ട്. ഇതിനോടു സാദൃശ്യമുള്ള മററു ലിഖിതങ്ങൾ മിനുസപ്പെടുത്തിയ കറുത്ത കരിങ്കല്ലിൽകൊത്തി മററുഭിത്തികളിലും പതിച്ചിട്ടുണ്ട് (ചിത്രം)

ഈ സ്തംഭം മിക്കവാറും ഇഷ്ടികയും കുമ്മായവുംകൊണ്ടാണ് പണിചെയ്തിരിക്കുന്നതു്. മാർബിൾ പ്ലാസ്റ്ററാൽ ഉൾഭാഗവും ബഹിർഭാഗവും മറയ്ക്കപ്പെട്ടിട്ടുമുണ്ട്. എന്നാൽ ഭൂമിയിൽനിന്നുള്ള ഒന്നും രണ്ടും നിലകൾ ഈ സ്ഥലത്തു ധാരാളമായി കാണാനുള്ള ഒരുതരം കരിങ്കല്ലുകൊണ്ടാണ് പണിചെയ്തിരിക്കുന്നതു്. താഴെനിന്നുള്ള ആദ്യത്തെ നിലയുടെ മുകളിലേക്കു പോകുന്നതിനെല്ലാം കരിങ്കൽപടികൾ കെട്ടിയിട്ടുണ്ട് എട്ടാമത്തെ നിലഒഴിച്ച് മററുള്ള ഓരോ നിലകളുടെ മുകളിലും മട്ടുപ്പാവുകളോടു സാദൃശ്യമുള്ള ഒരുവക പണികാണാനുണ്ട്. ഓരോ നിലയിലെ പട്ടങ്ങളിലും വലിയ വാതലുകൾപോലുള്ള വാതായനങ്ങൾ പ്രധാനമായി കാണാം. ചില വാതലുകളിൽ തേക്കുകൊണ്ടുണ്ടാക്കിയിട്ടുള്ള വാതലുകൾ നിർത്തിയിട്ടുണ്ട്. ഇതു് എന്നു ചേർക്കപ്പെട്ടതാണെന്നു് ഖണ്ഡിതമായി പറയുവാൻ നിവൃത്തിയില്ല. ചില വാതലുകൾ ഇഷ്ടികകൾകൊണ്ട് "തേൻക്കൂടുകൾ" മാതിരി സുഷിരങ്ങൾ ഇടവിട്ട് കെട്ടിഅടച്ചിട്ടുമുണ്ട്. ഇവകൂടാതെ ചേതസ്സമാകർഷകമായ ഒരു കലാപ്രദർശനമെന്നപോലെ അസംഖ്യം കിളിവാതലുകൾ ഭിത്തികളിലെല്ലാം കാണാം. ആശ്ചര്യജനകമായ ഈ വലീയ സ്മാരകം കാഴ്ചയ്ക്കു വളരെ ഭംഗിയായി തോന്നുമെങ്കിലും ജിഞ്ചി മുതലായ സ്ഥലങ്ങളിലുള്ള മനോഹരങ്ങളായ നായക്ക് സ്തംഭങ്ങളെ അനുകരിച്ച് പണിചെയ്തിട്ടുള്ള ഒരു താഴ്ന്നമാതൃകയാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു.

ഈ സ്തംഭം ഇപ്പോൾ തഞ്ചാവൂർ രാജവംശത്തിലുള്ള ൩൨ അംശങ്ങളുടെ ഭാഗധേയമാണ്. രാജവംശത്തിന്റെ സ്വത്തു് നാമാവശേഷമായിത്തീർന്നതോടുകൂടി മനോഹരമായ 'മനോര'യും നാഥനില്ലാക്കളരിപോലെ ആയിത്തീർന്നിരിക്കയാണ്. ഗവമ്മേൻറിന്റെ സത്വരശ്രദ്ധ പതിഞ്ഞു സുരക്ഷിതസ്മാരകങ്ങളിൽ ഒന്നായിതീരാൻ തികച്ചും അർഹതയുള്ള ഒരു സ്തംഭമാണ് ഇതു്. ഈ സ്ഥലത്തേക്കു ഗതാഗതയോഗ്യമായ ഒരു നല്ലറോഡും, വഴിമദ്ധ്യേ ആധുനികരീതിയിലുള്ള നല്ല പാലങ്ങളും അത്യന്താപേക്ഷിതങ്ങളായ ആവശ്യങ്ങളാണ്. ദൈനംദിനം തഞ്ചാവൂർ, തൃശ്ശിനാപ്പള്ളി, തേർക്കത്തുക്കോട്ട മുതലായ സ്ഥലങ്ങളിൽനിന്നും ഇവിടെ വന്നുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ മുതലായ കലാപ്രേമികൾക്കു ഈ വക സൗകര്യങ്ങൾ ഒരു വലിയ അനുഗ്രഹവും ആണ്.




'മനോര' സ്തംഭത്തിനു ചുററുമുള്ള മതിൽകെട്ടുകളിലൊന്നിൽ പതിച്ചിരിക്കുന്ന ശിലാലിഖിതം.

(കാപ്പിറൈററ്, ആർക്കിയാളജിഡിപ്പാർട്ടുമെൻറ്, മദ്രാസ്)



സ്തംഭത്തിനുള്ളിലുള്ള മറെറാരു ശിലാലിഖിതം. ഇതു് മാർബിൾകല്ലിലാണ്.

(കാപ്പിറൈററ്, ആർക്കിയാളജിഡിപ്പാർട്ടുമെൻറ്, മദ്രാസ്)

# ഇൻഡോചൈനയിലെ സമരം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്, ബി. എസ്സ്. സി. ബി. എൽ.

എന്തെല്ലാം തിന്മകൾ രണ്ടാംലോകമഹായുദ്ധം വരുത്തിയിട്ടുണ്ടെങ്കിലും അതു ഏഷ്യയിലെ ജനങ്ങൾക്ക് ഒരു വലിയ ഗുണം ചെയ്തിട്ടുണ്ട്. പാശ്ചാത്യശക്തികളുടെ കോളനികൾ മാത്രമായിരുന്ന ഏഷ്യയിലെ മിക്കവാറും നാടുകളെല്ലാം. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവിടങ്ങളിലെ ജനങ്ങളുടെ ആവേശം രണ്ടാംലോകമഹായുദ്ധം വളരെ ഊർജ്ജിതപ്പെടുത്തി. ഇതിന്റെ പ്രത്യക്ഷഫലമായിട്ടാണ് ഭാരതീയരും ബർമ്മാക്കാരും സിലോൺകാരും ഇന്ന് പൂർണ്ണസ്വാതന്ത്ര്യം അനുഭവിക്കുന്നതു്. സാമ്രാജ്യത്വപ്രഭുത്വത്തിന്റെ മൂലക്കല്ലായ ബ്രിട്ടീഷു ഭരണത്തിനു നേരിട്ടിരിക്കുന്ന അതേ വിധിതന്നെ ഏഷ്യയിൽ നിലയുറപ്പിച്ചിട്ടുള്ള ഇതരരാജ്യങ്ങൾക്ക് ഭവിച്ചുകൊണ്ടിരിക്കുകയുമാണ്. ഇൻഡോനേഷ്യയിൽ അടുത്തകാലത്തുണ്ടായിട്ടുള്ള ഭരണമാറ്റങ്ങളും മറ്റും ഇതു തെളിയിക്കുകയാണു ചെയ്യുന്നതു്. സാമ്രാജ്യത്വപ്രഭുത്വത്തിന്റെ കാലം അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു. വെള്ളക്കാരുടെ ചൂഷണകേന്ദ്രങ്ങളായും വിപണികളായും കഴിഞ്ഞുകൂടുവാൻ ഏഷ്യയിലെ ജനങ്ങൾ ഇനി തയ്യാറല്ല. ഭാരതത്തിലും ബർമ്മയിലും സിലോണിലും ഇൻഡോനേഷ്യയിലും ഉദയംചെയ്തിട്ടുള്ള നവയുഗത്തിന്റെ പ്രഭാപൂരത്തിൽ മററു് ഏഷ്യൻനാടുകളും അതിവേഗം സ്വതന്ത്രരാകുന്നതാണു്.

ചൈനാക്കടലിലേക്കു ഉന്തിനില്ക്കുന്ന ഉപദ്വീപിന്റെ ഒരു ഭാഗമാണു് ഇൻഡോചൈന. അന്നാം, ടോങ്കിങ്ങ്, കൊച്ചിൻചൈന, കംബോഡിയാ, ലയോസ് എന്നു് അഞ്ചു പ്രവിശ്യകളായിട്ടാണു ഇതു് ഭാഗിച്ചിട്ടുള്ളതു്. ഫലഭൂയിഷ്ഠവും സുഖമായ ശീതോഷ്ണസ്ഥിതിയുള്ളതും ആണു് ഈ ഭൂവിഭാഗം. അന്നാം പുരാതനമായ ഒരു രാജ്യമായിരുന്നു. ൧൮൮൪-ൽ അതു ഫ്രാഞ്ചുസാമ്രാജ്യത്തിന്റെ ഒരു അംശമായിത്തീരുകയുണ്ടായി. ഇതിന്റെ വിസ്തീർണ്ണം ഏതാണ്ട് ൫൨,൦൦൦ ച: മൈൽ ആണു്. ജനസംഖ്യ ൫൦൦൦൦൦൦. അന്നാമിനു വടക്കായിട്ടാണു ടോങ്കിങ്ങ് സംസ്ഥാനം. ഇതിന്റെ വിസ്തീർണ്ണം ൪൦൫൩൦ ച: മൈലും ജനസംഖ്യ ൧൦ ലക്ഷവുമാണു്. കൊച്ചിൻചൈനാ എന്നറിയപ്പെടുന്ന ഭാഗത്തിന്റെ വിസ്തീർണ്ണം ൨൬,൦൦൦ ച: മൈലും ജനസംഖ്യ ൪൭൦൦൦൦൦ പുമാണെന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്. ഇവിടത്തെ ഏററവും പ്രധാനപ്പെട്ട ഉല്പന്നങ്ങൾ നെല്ലു്, കാപ്പിക്കുരു, പട്ടുനൂൽത്തരങ്ങൾ മുതലായവയാണു്. തലസ്ഥാനം പ്രസിദ്ധമായ സൈഗോൺ പട്ടണമാണു്. കംബോഡിയാ സംസ്ഥാനം അതിപുരാതനകാലംമുതൽ ഭാരതവുമായി ബന്ധം പുലർത്തിവന്നിട്ടുള്ള ഒരു പ്രദേശമാണു. ഇതിന്റെ വിസ്തീർണ്ണം ൬൭൫൫൦ ച. മൈലും ജനസംഖ്യ ൨൮൦൦,൦൦൦വും ആണു്. ഇതരത്തിൽനിന്നു ഇൻഡോചൈനയുടെ സാമാന്യരൂപം സിദ്ധിക്കുന്നതാണു്.

രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഇൻഡോചൈനയിലെ നില ഇന്നുവരെ ശാന്തമായിട്ടില്ല. ഫ്രഞ്ചുമേധാവിത്വം അവസാനിപ്പിക്കുവാൻ അവിടത്തെ ജനങ്ങൾ അത്യധികമായി ആഗ്രഹിച്ചു. ഭരണം നടത്തുന്നതിനു അധീശാധികാരികൾക്കു് സാദ്ധ്യമാകാത്തവിധത്തിൽ അവിടെ വിപ്ലവപ്രസ്ഥാനങ്ങൾ നടന്നുകൊണ്ടിരുന്നു. അധികാരമൊഴിഞ്ഞ സിംഹാസനത്യാഗത്തിനുശേഷം ബവോഡായ് ചക്രവർത്തി വീണ്ടും ഭരണാധികാരിയായി രംഗപ്രവേശം ചെയ്തിട്ടുണ്ടു്. എന്നാൽ ഇതു് ഫ്രഞ്ചുകാരുടെ നയതന്ത്രത്തിന്റെ വിജയമെന്നുള്ളതിൽകവിഞ്ഞു പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയല്ല. അവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെ സകലവിധ പിൻതുണകളും അവകാശപ്പെടുന്ന ഡാക്ടർ ഹോചിമിൻ ആണു ഇന്നു ഫ്രഞ്ചുകാർക്കും ബവോഡായിക്കും എതിരായി സമരം നടത്തിക്കൊണ്ടിരിക്കുന്നതു്. ചൈനയിൽ ചിയാങ്ങിനു കൂട്ടർക്കും സംഭവിച്ച വമ്പിച്ച പരാജയം ഡാ: ഹോചിമിന്നിനും കൂട്ടർക്കും വളരെ ഉത്സാഹം കൊടുക്കുന്നുണ്ടു്. ഇദ്ദേഹത്തെ അത്ഭുതമനുഷ്യനെന്നായിട്ടാണു് പലരും കണക്കാക്കിവരുന്നതു്. അടുത്തകാലത്തു് വലിയശക്തികളുടെ പരിപാടികൾക്കു പലതിനും കലുക്കംതട്ടത്തക്കവിധം റഷ്യ ഡാ: ഹോചിമിന്നിന്റെ ഭരണത്തെ അംഗീകരിക്കുകയുണ്ടായി. അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റാണെന്നുള്ളതു് ഇതുകൊണ്ടു തെളിഞ്ഞിരിക്കുന്നു. ഡാ: ഹോയുടെ ഭരണത്തെ റഷ്യ അംഗീകരിച്ചിരിക്കുന്നതുനിമിത്തം ഏഷ്യയെ കമ്മ്യൂണിസത്തിൽനിന്നു രക്ഷിക്കാൻ അമേരിക്കയും കൂട്ടരും ബവോഡായിയുടെ ഭരണത്തിനു് അംഗീകാരം മാത്രമല്ല വമ്പിച്ച സഹായങ്ങളും ചെയ്യാൻ തയ്യാറായിരിക്കയാണു്.

ഇൻഡോചൈനയിലെ വിപ്ലവനേതാവായ ഡാ: ഹോചിമിൻ അമ്പതിയോളം പ്രായമുള്ള ഒരു കൊച്ചുമനുഷ്യനാണു്. അദ്ദേഹത്തിന്റെ ലക്ഷ്യം ഇൻഡോചൈനയിൽനിന്നു് ഫ്രഞ്ചുകാരെ പുറത്താക്കുകയെന്നതും ഇൻഡോചൈനയെ ഒരൊററ രാജ്യമായി സംഘടിക്കുകയെന്നതുമാണു്.

ഏതാണ്ട് എൺപതുവർഷക്കാലത്തെ ഭരണംകൊണ്ടു് ഫ്രഞ്ചുകാർ ഇൻഡോചൈനയിൽ പറയത്തക്ക പുതുമയൊന്നും വരുത്തിയിട്ടില്ല. നെല്ലും റബ്ബറും കൃഷിചെയ്യുന്നതിന് സൗകര്യപ്പെടുന്നതിനുവേണ്ടി കുറേ റോഡുകൾ അവർ പണിഞ്ഞിട്ടുണ്ടു്. അവിടത്തെ വിദ്യാഭ്യാസനില വളരെ ശോചനീയമാണു്. എന്നാൽ ആനന്ദജീവിതത്തിന് മദ്യശാലകളും കറുപ്പുശാലകളും ഒരു സ്കൂളിന് പത്തു് എന്ന ക്രമത്തിന് അവിടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്! അധികം വിഷമംകൂടാതെ വശമാക്കാൻ സാധിക്കുന്ന ഒരു ഭാഷയാണു് അവിടെയുള്ളതു്. എങ്കിലും ൧൯൩൦-ൽ ൯൦ ശതമാനം ജനങ്ങൾ അക്ഷരാഭ്യാസമില്ലാത്തവരായിരുന്നു എന്നാണു് റിപ്പോർട്ട്.

ഡാക്ടർ ഹോയെപ്പററി വളരെ അത്ഭുതകഥകൾ ഉണ്ടു്. അന്നാമിലെ ഡ്യൂട്ടാൺ ചക്രവർത്തിയുടെ രാജസദസ്സിലെ ഒരു ചെറിയ ഉദ്യോഗസ്ഥന്റെ മകനാണു് അദ്ദേഹം. അദ്ദേഹത്തിന് പത്തൊൻപതുവയസ്സുള്ളപ്പോൾ അതായതു് ൧൯൧൧-ൽ അദ്ദേഹത്തിന്റെ പിതാവിനേയും സഹോദരീസഹോദരന്മാരെയും ഫ്രഞ്ചുകാർക്കെതിരായുള്ള രാഷ്ട്രീയപ്രയത്നങ്ങൾക്കായി ജീവപര്യന്തം തടങ്കൽജീവിതത്തിന് ശിക്ഷിച്ചു. ഫ്രാൻസിലേക്കു പോകുന്നതിനായി ഹോ ഒരു കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിരുന്നതുകൊണ്ടു് അദ്ദേഹം രക്ഷപ്പെട്ടു. അദ്ദേഹം അവിടെ ഒരു ഫോട്ടോഗ്രാഫർ എന്ന നിലയിൽ ജീവിച്ചു. പാരീസിൽ എത്തിയശേഷം ഗ്വയൻഏയ്ക്വോക്ക് എന്നു പേരുമാററുകയും ചെയ്തു. ഇംഗ്ലീഷ്, ചൈനീസ്, ജപ്പാനീസ് തുടങ്ങിയ പല ഭാഷകളും അയാൾക്കു് നേരത്തെ വശമായിരുന്നു. ഫ്രാൻസിലെ താമസംമൂലം ഫ്രഞ്ചുഭാഷയും അദ്ദേഹം വശമാക്കി. അന്നത്തെ ഫ്രഞ്ചുസോഷ്യലിസ്റ്റ് പാർട്ടിപ്രവർത്തകരിൽ പ്രധാനിയായിരുന്ന അദ്ദേഹം ആ കക്ഷി രണ്ടു ഗ്രൂപ്പായി ഭിന്നിച്ചപ്പോൾ കമ്മ്യൂണിസ്റ്റുപക്ഷത്തേയ്ക്കു മാറുകയുണ്ടായി. അതിനുശേഷം ഇന്നുവരെയും ഒരു തികഞ്ഞ കമ്മ്യൂണിസ്റ്റ് എന്ന നിലയിലാണു് അദ്ദേഹം അറിയപ്പെടുന്നതു്. കമ്മ്യൂണിസ്റ്റുകക്ഷി പ്രവർത്തകനായിരുന്ന കാലത്താണു് ഫ്രാൻസിൽനിന്നു് കർഷകപ്രതിനിധി എന്ന നിലയിൽ മോസ്ക്കോയിലേയ്ക്കു് നിയോഗിക്കപ്പെടുകയുണ്ടായതു്. റഷ്യ അദ്ദേഹത്തിനുവളരെ പിടിച്ചു. അവിടത്തെ താമസകാലത്തു് സോങ്മാൻടെക്കോ എന്ന പുതിയപേരിലാണു് അദ്ദേഹം അറിയപ്പെട്ടതു്. റഷ്യയിലെ ഏഴുകൊല്ലത്തെ ജീവിതം അദ്ദേഹത്തെ അവിടത്തെ പൗരനാക്കിത്തീർത്തു. കമ്മ്യൂണിസ്റ്റ് സമരതന്ത്രങ്ങൾ അഭ്യസിക്കുന്നതിന് ഈ ജീവിതം അദ്ദേഹത്തിനു് വളരെ സഹായകമായിത്തീർന്നിട്ടുണ്ടു്.

ഡാ. ഹോയെ നാം അടുത്തതായി കാണുന്നതു് ചീനയിലെ റഷ്യൻപ്രതിപുരുഷാലയത്തിലെ ഒരുയർന്ന ഉദ്യോഗസ്ഥനായിട്ടാണു്. അതിനുശേഷം ചിയാങ്ങ്കൈഷക്കിന്റെ റഷ്യൻ ഉപദേശകനായിരുന്ന മൈക്കൽ ബോറോഡിന്റെ സ്റ്റാഫിലെ അംഗമായിത്തീർന്നു. ഇതു ൧൯൨൫-ൽ ആണു്.

ചൈനയിലെ വിപ്ലവസമരത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ അദ്ദേഹത്തെ വീണ്ടും അപകടത്തിലാക്കി. സ്വയരക്ഷയ്ക്കായി അവിടെനിന്നും അദ്ദേഹം ഒളിച്ചോടി, സയാമിന്റെ തലസ്ഥാനമായ ബാങ്കോക്കിൽ രണ്ടുകൊല്ലത്തോളം അജ്ഞാതവാസം നയിച്ചു. എന്നാൽ അവിടത്തെ ഗവമ്മെൻറ് അദ്ദേഹത്തെ കണ്ടുപിടിച്ചു ജയിലിലടച്ചു. കുറേനാൾ കഴിഞ്ഞു് ആ രാജ്യത്തുനിന്നു ബഹിഷ്കരിക്കുകയുണ്ടായി. ഗ്വയൻടാൻതാന എന്ന പേരു സ്വീകരിച്ചു് അദ്ദേഹം ബ്രിട്ടീഷധീനതയിലുള്ള ഹോങ്കോങ്ങിൽ എത്തി. ഇവിടെ ജീവിക്കുമ്പോഴും ഇൻഡോചൈനയിൽ വിപ്ലവം വിജയിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളിലേർപ്പെട്ടു. ഹോങ്കോങ്ങിലിരുന്നുകൊണ്ടുതന്നെ ഇൻഡോചൈനയിൽ അദ്ദേഹം പ്രബലമായ ഒരു വിപ്ലവസേനയെ സംഘടിപ്പിക്കുകയുണ്ടായി. അവിടെ വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ അവിടെ ചെന്നുചേർന്നെങ്കിലും അതിനുണ്ടായ പരാജയംമൂലം അദ്ദേഹം ഒളിച്ചോടി.

രണ്ടാംലോകമഹായുദ്ധത്തിന്റെ ആരംഭത്തിൽ അദ്ദേഹം വീണ്ടും ഇൻഡോചൈനയിൽ പ്രത്യക്ഷപ്പെട്ടു. ജപ്പാനും ഫ്രാൻസിലെ അന്നത്തെ വിഷി ഗവമ്മെൻറിനും എതിരായിട്ടായിരുന്നു അദ്ദേഹത്തിന്റെ അന്നത്തെ പ്രവർത്തനങ്ങൾ. ആദ്യകാലങ്ങളിൽ ചീനയിൽനിന്നു അദ്ദേഹത്തിനു് സഹായസഹകരണങ്ങൾ സിദ്ധിച്ചുകൊണ്ടിരുന്നു. എന്നാൽ തനിക്കെതിരായി വിപ്ലവം സമാഹരിക്കാൻ തയ്യാറായ ആളാണു് ഇദ്ദേഹമെന്നു ചിയാങ്ങിനു മനസ്സിലായപ്പോൾ സഹായസഹകരണങ്ങൾക്കു വിരാമമിട്ടു.

യുദ്ധാവസാനത്തോടുകൂടി ഈ വിപ്ലവകാരിപ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കി. അന്നാമിലെ ചക്രവർത്തി സിംഹാസനം ഉപേക്ഷിച്ചപ്പോൾ ഡാ: ഹോ റിപ്പബ്ലിക്കു പ്രസിഡൻറായി സ്വയം പ്രഖ്യാപിച്ചു. അതിനുശേഷം ഫ്രഞ്ചുകാരോടു് ഇൻഡോചൈന വിട്ടുപൊയ്ക്കൊള്ളുവാൻ അന്ത്യശാസനം നൽകി. അന്നാമും ടോങ്കിങ്ങും യോജിപ്പിച്ചു് ഒരു റിപ്പബ്ലിക്കായി രൂപാന്തരപ്പെടുത്താനും അതിനെ ഇൻഡോചൈന യൂണിയന്റെ ഒരു ഘടകമായി അംഗീകരിക്കാനും സമ്മതിച്ചുകൊണ്ടു് ഫ്രാൻസിലെ ഗവമ്മെൻറ് ഡാ: ഹോയുമായി കരാറിലേർപ്പെട്ടു. എന്നാൽ കൊച്ചിൻചൈനാറിപ്പബ്ലിക്കിനോടു യോജിപ്പിക്കുന്നതിനോ, റിപ്പബ്ലിക്കിനു സ്വതന്ത്രപ്രതിനിധികളെ ഐക്യരാഷ്ട്രസമിതിയിലേക്കും മററും അയയ്ക്കുന്നതിനോ അവർ സമ്മതിച്ചില്ല.

ഈ സമയംകൊണ്ടു് ഇൻഡോചൈനയിൽ വിയററ്നാംപട്ടാളവും ഫ്രഞ്ചുപട്ടാളവുംതമ്മിൽ അവിടവിടെ സംഘട്ടനങ്ങളുണ്ടാകുകയും ഇൻഡോചൈനയിലെ ജനങ്ങൾ അധീശാധികാരികൾക്കെതിരായി സമരത്തിലേർപ്പെടുകയും ചെയ്തു. ഫ്രാൻസിന്റെ സക്കാരിനു് അവിടെ പറയത്തക്ക യാതൊരു ശക്തിയുമില്ലാതാകാൻ അധികം താമസം വേണ്ടിവന്നില്ല.

സ്ഥാനത്യാഗംചെയ്ത ചക്രവർത്തിയായ ബവോഡായിയെ ഇൻഡോചൈനയിൽ ഭരണാധികാരിയായി വീണ്ടും കൊണ്ടുവരുവാൻ ഫ്രാൻസിനു് അടുത്തകാലത്തു സാധിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ അനുയായികളെ ദേശീയസമരത്തിൽനിന്നു പിന്മാററി അവിടത്തെ ദേശീയ അണിയിൽ ഭിന്നിപ്പുണ്ടാക്കാൻ അവർക്കു സാധിച്ചിട്ടുണ്ടു്. എന്നാൽ ബവോഡായിയുടെ ഭരണത്തിനംഗീകാരം നൽകുവാൻ കമ്മ്യൂണിസ്റ്റുവിരുദ്ധ കൂട്ടുകെട്ടിൽ പെട്ടിട്ടുള്ള ചില രാജ്യങ്ങളല്ലാതെ മററാരും തയ്യാറായിട്ടില്ല. ഇൻഡ്യാഗവമ്മെൻറും അതിനു് അംഗീകാരം നൽകിയിട്ടില്ല. നമ്മുടെ ഗവമ്മെൻറ് അതിനെ സംശയദൃഷ്ടിയോടെ വീക്ഷിച്ചുകൊണ്ടിരിക്കുകയുമാണെന്നു പണ്ഡിതജിയുടെ പ്രസ്താവനകളിൽനിന്നു മനസ്സിലാക്കാം. ഏഷ്യജനങ്ങളുടെ മുന്നേററത്തെ തടസ്സപ്പെടുത്തുന്ന യാതൊരു കൂട്ടുകെട്ടിലും കുടുങ്ങാതിരിക്കാൻ വളരെ കരുതിയാണു് നമ്മുടെ വിദേശനയം രൂപീകരിച്ചുകൊണ്ടിരിക്കുന്നതെന്നുള്ളതു് ഏററവും ആശാസ്യകരവും അഭിമാനകരവുമാണു്.

ഇൻഡോചൈനയിലെ ദേശീയകക്ഷിക്കു് ലോകത്തിലെ എല്ലാം പ്രധാനജനവിഭാഗങ്ങളിൽനിന്നും പിൻതുണ സിദ്ധിക്കുന്നുണ്ടു്. ഫ്രാൻസിലെതന്നെ കമ്മ്യൂണിസ്റ്റുകക്ഷി അവരുടെ അനുകൂലികളാണു്. ഡാ: ഹോയുടെപക്ഷത്തു് നല്ല ഒരു സംഖ്യയുള്ള ജപ്പാൻപട്ടാളം പ്രവർത്തിക്കുന്നുണ്ടെന്നാണറിവു്. അതുപോലെതന്നെ ഫ്രഞ്ചു അണികളിൽനിന്നു് ഒളിച്ചോടി മറുപക്ഷത്തുചേർന്നിട്ടുള്ള ജർമ്മൻകാരുടെയും എണ്ണം ഒട്ടും കുറവല്ല. ചൈനയിലെ കമ്മ്യൂണിസ്റ്റുകക്ഷിയുടെ വിജയംമൂലം ആളും അർത്ഥവും ആയുധവും അവർക്കു് രഹസ്യമായി കിട്ടുമെന്നു് വിചാരിക്കപ്പെടുന്നു. കമ്മ്യൂണിസ്റ്റനുഭാവമുള്ള ഭരണം അവിടെ പ്രാമാണ്യത്തിലെത്താതിരിക്കുവാൻവേണ്ടി അമേരിക്ക എന്തു സഹായവും ബവോഡായിയ്ക്കു് ചെയ്തുകൊടുക്കുന്നതാണെന്നു് അമേരിക്ക വ്യക്തമാക്കിയിട്ടുണ്ടു്. ഇങ്ങനെ ഏഷ്യയിലെ ഈ പ്രദേശം ഒരു സുപ്രധാന പരിവർത്തനഘട്ടത്തിലെത്തിയിരിക്കുകയാണു്.

സാമ്രാജ്യത്വപ്രഭുത്വവും കൊളോണിയലിസവും അവസാനിപ്പിക്കുന്നതിനായി അവസാനത്തുള്ളവരെ ബലിയപ്പിക്കുവാൻ ഇൻഡോചൈന തീരുമാനിച്ചിരിക്കുന്നു. അതിനായുള്ള അവരുടെ ത്യാഗങ്ങൾ നിഷ്ഫലമാകുമെന്നു് വിചാരിക്കാൻ സാദ്ധ്യമല്ല. അനതിവിദൂരഭാവിയിൽ ഏഷ്യയിൽ മററൊരു ഭൂവിഭാഗംകൂടി സാമ്രാജ്യത്വപ്രഭുത്വത്തിൽനിന്നും കൊളോണിയലിസത്തിൽനിന്നും മോചനംപ്രാപിക്കുന്നതു് ലോകം ദർശിക്കുന്നതായിരിക്കും.

—൦—

## കഴിഞ്ഞിട്ടില്ല–

—൦—

ഡി: ശ്രീമാൻ നമ്പൂതിരി

ശൈലതുംഗത്തിൽ തന്റെ
വെൺകൊററക്കൊടിനാട്ടാൻ,
സ്വൈരമാകാശംപരി
ചാമരം വീശീടുവാൻ,
അബ്ധിയിൽ സ്വവീര്യത്തിൻ
നൗകകളോടിക്കുവാൻ,
തൽ ഗഭീരാന്തർഭാഗ–
ത്തുളയിട്ടോടിപ്പോകാൻ,
മരുഭൂമിയെപ്പുല്ലു–
പ്പുൽവാടതൂടുപ്പിക്കാൻ
മലയിൽ മധുമാസ
നിഷ്കൂടം രചിക്കുവാൻ,
കൊച്ചുകൂട്ടുകയാണെ
മാനുഷൻ, നവ നവ–
ശാസ്ത്രവീഥിതൻ സുഗ–
ഭീരനാമിട്ടം പാന്ഥൻ!
എങ്കിലും ധരിക്കുവാൻ
കഴിഞ്ഞിട്ടില്ലായവ–
നെന്തുമച്ചിടാം!— ഒരു
തൃണത്തിൻ സന്ദേശവും!
മന്ദമായ് പ്രശാന്തമായ്
ജീവിതഗാനം പാടും
കുലസൂനത്തിൻ ഭാവ
ഗാംഭീര്യമളക്കുവാൻ!!
കേവലമശക്തൻ നീ
മാനുഷ, നിൻ ഗർവ്വതി–
ഭാവന ചുരുക്കി വെ–
ച്ചീടുകയല്ലേ ഭേദം?

—൦—

## നവഭാവന

ടി. എൻ. ആർ. വമ്മ, ബനാറീസ്.

ഉണ്ടൊരു കൊച്ചുകളിത്തോഴിയെൻകര–
ത്തണ്ടും പിടിച്ചുനടക്കാൻ;
ഇണ്ടലിലാണ്ടുപോമെൻമനസ്സിന്നൊരു
താങ്ങാകിമേലുയർത്താൻ;
കണ്ടുകാകീർണ്ണമാം ജീവിതപ്പാതയിൽ മലർ–
ച്ചെണ്ടണി മെത്തയായ് മാററാൻ;
ചെന്തേൻതുളുമ്പും ചെഞ്ചുണ്ടിൽനിന്നെൻ ചെവികളിൽ
പഞ്ചാരവാക്കുകൾതൂവാൻ!

ഉണ്ടൊരു കൂട്ടുപണിക്കാരിയെൻകൃഷി–
ക്കണ്ടങ്ങൾ വിണ്ടലമാക്കാൻ;
വട്ടിയും കത്തിയുമേന്തിവനംവയൽ–
പ്പുഴ്ക്കിളയെല്ലാമറുക്കാൻ;
വാലാട്ടി മുൻപോട്ടുപോകുമെൻ മൂരികൾ–
ക്കാലസ്യമുടലുതകററാൻ
കോൽത്തേനൊലിച്ചിടും കർഷകഗാനങ്ങ–
ളാത്തഹർഷം പൊഴിച്ചീടാൻ;
നട്ടുച്ചനേരത്തു വാടിക്കരിയുമെൻ
വായ്ക്കു കുളിർക്കഞ്ഞിനൽകാൻ;
പാടത്തണലിലെൻ കൂടെപ്പിറപ്പുകൾ–
മൂരികിടാങ്ങൾ–കിടക്കെ,
താടിപൊഴിഞ്ഞുകൊടുത്തു വെള്ളിപ്പുത
ച്ചൂട്ടമവയുടെ വായിൽ
നീലക്കവികനായോകുവാനെൻനിക്കു
നീലക്കടക്കണ്ണയയ്ക്കാൻ!

ഉണ്ടൊരു നല്ലുഷസ്സാകെ പൊന്നുഷ–
സ്സന്ധ്യ വിരിയുന്നപോരിൽ
പച്ചപ്പട്ടു പുതച്ചുറങ്ങീടുമെൻ
കൊച്ചുനെല്പാണ്ടത്തിലൂടെ
കൺകളിൽ കൌതുകധാര പകരുവാ–
നെന്നുടെകൂടെച്ചിരിപ്പൂ!
പൊന്മണിമാലയും പൊന്നരഞ്ഞാണവും
തന്മേനിമേലണിഞ്ഞാട്ടും
നെൽവയൽപ്പൈതലിൻ നൃത്തം സ്വാദിക്കുവാ–
നെൻകൈകൊരുത്തുലസിപ്പൂ!

ഉണ്ടൊരു കൂട്ടാളെനിക്കു ഗൃഹസ്ഥയായ്
വേണ്ടപോൽ ജോലികൾചെയ്യാൻ;
അക്ഷയപാത്രമൊന്നില്ലയെന്നാകിലു–
മക്ഷയഭോജ്യങ്ങൾ നൽകാൻ;
പഞ്ചാരയൂറുന്ന പായസം വയ്ക്കുവാൻ
പാഞ്ചാലിയേക്കാൾ വിദഗ്ദ്ധ!
കുട്ടികൾക്കായിട്ടു പൂവണിപ്പട്ടുകൾ
പെട്ടെന്നു നെയ്യാൻ സമർത്ഥ!
തൊട്ടിലിൽ കൈകാലടിച്ചുവ കേഴവേ
താരാട്ടുപാടുന്ന മുഗ്ദ്ധ!

ഉണ്ടൊരു കൊണ്ടൽക്കുഴലിയെൻതുളസിക്ക–
ത്തണ്ടെനിക്കായിട്ടു നീട്ടാൻ;
അന്തിച്ചുകപ്പിൻ തിരകളടിക്കുന്ന
സിന്ധുവായ് വാരുണി കാൺകെ,
മുല്ലച്ചെടികളും താമരപ്പൂവുകളും
സർവ്വലോകസൌഖ്യം കൊടുക്കും,
എൻ പൂവനികയിൽ ഞാനൊരുമാകര–
ക്കൊമ്പിന്റെ ചോട്ടിൽ കിടക്കെ,
കൊഞ്ചൽക്കുളിർത്തേൻ തൂകിപ്പൂക്കൾതാവിട്ടും
പൂഞ്ചിരിപ്പൂച്ചെടിയാകാൻ;
തിങ്കൾപ്പൊലിക്കൊത്ത വാർനെററിമേൽതൂർന്ന
വെൺകാന്തിയെൻ കലാസ്വർഗ്ഗമാകാൻ;
കൺപീലിയിൽനിന്നു നീലിമപെയ്യുവാൻ;
കൺകോൺ കരിമഷിയാകാൻ;
പൈമ്പനീർപ്പൂവിതളോപോലെ പാണിയുന്ന
തൻ കവിൾച്ചെഞ്ചായമാകാൻ!

ഹാ! നവഭാവനേ, നീയെന്റെ ജീവിത–
യാനംനിലയ്ക്കുംവരെയ്ക്കും,
പോര, പിന്നീടു,മെൻകൂടെച്ചിരിക്കുകിൽ
ഘോരനരകവും നാകം!

# ഗ്രന്ഥവിഹാരം

## ഭാഷാത്രൈമാസികം

തിരുവിതാംകൂർ സർവ്വകലാശാലാ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി,
തിരുവനന്തപുരം

വരിസംഖ്യ പ്രതിവർഷം 4 ക.

തിരുവിതാംകൂർ സർവ്വകലാശാലാ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽനിന്നു പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്ന ഭാഷാത്രൈമാസികത്തിന്റെ പ്രഥമലക്കം പ്രഹർഷപ്രദമായ ഒരു പ്രസാധനമായിട്ടാണു പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്. റോയൽ സൈസിൽ നൂറു പേജുകൾ നല്ല മേനിക്കടലാസ് എന്നീ ബാഹ്യസംവിധാനങ്ങളോടുകൂടി തുടരാൻപോകുന്ന ഈ പ്രസിദ്ധീകരണം വിജ്ഞാനവിതരണം എന്ന വിശിഷ്ട ലക്ഷ്യത്തെ പുരസ്കരിക്കുന്നുണ്ടെന്നല്ലാതെ വ്യവസായപരമായ ലാഭദൃഷ്ടിയെ അഭിമുഖീകരിച്ചുള്ളതല്ലെന്നു ഇക്കാലത്തു തീർത്തു പറയാൻ സാധിക്കും. ഇതിലെ ഉള്ളടക്കത്തിലേക്കു പ്രവേശിക്കുന്നതിനുമുൻപു് ഒരുകാര്യം സന്തോഷപൂർവ്വം വെളിപ്പെടുത്തേണ്ടതുണ്ടു്. മലയാളത്തിലെ പ്രാചീനകൃതികളുടെ പ്രസിദ്ധീകരണത്തിനായി ഒരു പ്രത്യേകവകുപ്പു് സൃഷ്ടിച്ചിട്ടു പതിറ്റാണ്ടുകൾ സംവത്സരങ്ങളായി. പണ്ഡിതവരേണ്യന്മാരായ ഉള്ളൂരും കേരളവർമ്മരിയും അനുക്രമം ഇതിന്റെ നേതൃത്വം വഹിച്ചിരുന്ന ആദ്യകാലങ്ങളിൽ ഇതിനൊരു പ്രകാശനമുണ്ടായിക്കണ്ടിരുന്നു. ഈ ശാഖയെ സംസ്കൃതത്തിൽകൂടി ഒട്ടിപ്പിച്ചു അതിനു വളംവച്ചുകൊടുക്കുകയാണു പില്ക്കാലത്തുണ്ടായതു്. ഈ സംയോജനംമൂലം മലയാളശാഖ പ്രാണസംശയമായവിധം അവശോഷിച്ചു. ശ്രീ. ഡാക്ടർ പി. കെ. നാരായണപിള്ള എം. എ. പി. എച്ച്. ഡി.യുടെ അധിനിവേശത്തിനുശേഷം അദ്ദേഹത്തിന്റെ മാതൃഭാഷാപോഷണാഭിലാഷം മലയാളശാഖയെ വേർതിരിച്ചെടുക്കുന്നതിനു പ്രയോജനപ്പെടുത്തുകയും ഒരു സജീവപദവിയിലേക്കു ഉയർത്തിത്തുടങ്ങുകയുമാണുണ്ടായതെന്നു അഭിനന്ദനപൂർവ്വം രേഖപ്പെടുത്തേണ്ടതായിരിക്കുന്നു. ഈ സ്ഥാപനത്തിൽനിന്നു താളിയോലഗ്രന്ഥങ്ങൾ പകർത്തി അതിനു പുസ്തകരൂപം കൊടുക്കുന്നുവെന്നല്ലാതെ ജനസാമാന്യത്തിൽ പ്രചരിക്കുന്നതിനു കാര്യമായ യാതൊരു ശ്രമങ്ങളും ഇതിനുമുൻപുണ്ടായിട്ടില്ല ഈ വലിയ കുറവിനെ പരിഹരിക്കയാകുന്നു ഭാഷാത്രൈമാസികം.

ചെല്ലൂർനാഥസ്തവം, ഉണ്ണിയച്ചീചരിതം, കൃഷ്ണാർജ്ജുനവിജയം, കേശിമഥനം, നീലികഥ എന്നിങ്ങനെ അഞ്ചു പ്രാചീനകൃതികൾ ത്രൈമാസികത്തിന്റെ ഈ ആദ്യലക്കത്തിൽതന്നെ പ്രകാശനമേല്ക്കുന്നു.

തോൻവം മാററക്കപോററീടകാടിയ
　　ഹേനനെന്നെ ന്നുടചതം വിവേകേ
സാന്ദ്രായാം ചന്ദ്രികായാം വിരഹിയെഴി
　　യെന്നീടുമാറില്ലതാനും
ഇന്നും താൽഭാവനാപാവനനചുടുകയി
　　ല്ലേല്ലമസ്ത്രാ തൊടാന്നിൻ
മൂന്നാംതൃക്കണ്ണുചെമ്പല്ലവലവമുദല
　　നാഥചെല്ലൂർപിരാനേ

എന്നു ചെല്ലൂർനാഥസ്തവത്തിലും

　ചെന്തളിരിവമൂദുചെങ്ങനപദകം
　ദന്തപ്പൂമണി കാന്തിവിചിത്രാ
　പന്തിളമെന്മുലയിൽകലികാഢ്യം
　കാന്തമുഖദ്യുതി കാഞ്ചനകമലാ

എന്നു ഉണ്ണിയച്ചീചരിതം ചമ്പുവിലും

അരനന്ദനനായ ഗണനാഥനടിയന്റെ
യകതാരിൽ കുടികൊൾവനിത
　　　　ഞാൻവന്ദനംചെയ്യേൻ

എന്നു കൃഷ്ണാർജ്ജുനയുദ്ധം പറയൻതുള്ളലിലും, പഞ്ചവങ്കാട്ടു നീലിയെപ്പററിയുള്ള വില്ലടിപ്പാട്ടിലും ആദ്യന്തം ആസ്വാദ്യമധുരവും വ്യാമർദ്ദഹൃദ്യവുമായ അനവദ്യരസാനുഭൂതി നമുക്കു് അനുഭവപ്പെടും. പ്രാചീന മലയാള ഗ്രന്ഥപ്രകാശനചരിത്രത്തെപ്പററി പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരിയും, സാങ്കേതികശബ്ദനിർമ്മിതിയെസംബന്ധിച്ചു ഡാക്ടർ കെ. ഗോദവർമ്മയും, പുരാതനസാഹിത്യവും ആധുനികസാഹിത്യകാരന്മാരും എന്ന വിഷയത്തെ അധികരിച്ചു ഡാക്ടർ ചേലനാടന്റെ പ്രസംഗസംഗ്രഹവും (അതു് ഈ പംക്തികളിൽ പ്രസിദ്ധംചെയ്തിരുന്നതാണു്) അദ്ധ്യാത്മരാമായണസംസ്കരണപരമായി ഡാക്ടർ പി. കെ.യുടെ വിശദീകരണവും പുസ്തകാഭിപ്രായവുമായി തികച്ചും സാഹിത്യത്തിനും ഗവേഷണത്തിനും ഒരു നല്ല നേട്ടമായി ഇതിനെ നിബന്ധിച്ചിരിക്കുന്നു. ഡാക്ടർ പി. കെ. നാരായണപിള്ളയുടെ സമുചിതമായ ഈ പ്രസിദ്ധീകരണത്തിനു സർവ്വാഭ്യുദയങ്ങളും ആശംസിക്കുന്നു.

—.*.—

## കൗമുദി ആഴ്ചപ്പതിപ്പ്

മാന്യസഹജീവിയായ കൗമുദിയുടെ അനുബന്ധമായി ശ്രീ. ബാലകൃഷ്ണന്റെ ആധിപത്യത്തിൽ പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്ന ആഴ്ചപ്പതിപ്പു് സാംഗതാർഹമായ സംവിധാനവും പ്രാധാന്യവും ഉള്ളതാണെന്നു പറയുന്നതിനു സന്തോഷമുണ്ടു്. ശ്രീ. എ. ബാലകൃഷ്ണപിള്ളയുടെ തൂലികാസംഭാവനയും സാഹിത്യചക്രവർത്തിയായിരുന്ന സി. വി. യുടെ പത്മാംദേവിയും ഈ പ്രഥമലക്കത്തിനെ വിലപ്പെടുത്തുന്നു. ശ്രീ: കാത്തികേയൻ അവർകളുടെ ക്രൗമ്പവാരിച്ചോരിയൽ പത്രാധിപമന്മങ്ങളിൽ തറച്ചുനില്ക്കുന്നതു കാണേണ്ടകാഴ്ചതന്നെയാണു്. ചെറുകഥ, അഭിനന്ദനസന്ദേശം, കവിത തുടങ്ങിയ വൈവിധ്യങ്ങളും ഇതിലുണ്ടു്. ഈ പുതിയ പ്രവർത്തനത്തിനു സകലവിധ ഭാവിമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

—ഠ—

## പുരോഗാമി

—:—

മഹാകവിപള്ളത്തു് തിരുവനന്തപുരത്തുനിന്നും പുരോഗാമിയായി പ്രത്യക്ഷപ്പെടുകയാകുന്നു ഈ പ്രസിദ്ധീകരണത്തിൽ. ഈ അവതാരഭാവത്തിൽ അദ്ദേഹത്തിനു ശ്രീ: പി. അനന്തൻപിള്ളയും ശ്രീ: സി. എസ്സ്. ഗോപാലപിള്ളയും സഹായഹസ്തം സമർപ്പിച്ചതായും കാണുന്നു. മഹാകവിയുടെ ആഹ്വാനത്തിൽ ആസ്ഥാനമഹാകവി തുടങ്ങി സാഹിത്യത്തിലെ സ്കന്ദസ്ഥന്മാർവരെ അണിനിരന്നിട്ടുണ്ടെന്നു കാണാം. വിവിധപംക്തികളും വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും ഈ പ്രഥമലക്കത്തെ വേണ്ടുവോളം വിഭവസമൃദ്ധമാക്കുന്നു. സാഹിത്യത്തിലെ യഥാർത്ഥപുരോഗാമികൾ തങ്ങളുടെ നിലയെ സുരക്ഷിതമാക്കുവാൻ ഇപ്പോഴെങ്കിലും സന്നദ്ധരായി മുന്നോട്ടിറങ്ങിയിരിക്കുന്നുവെന്നു ഇതു വെളിപ്പെടുത്തുന്നു. അതിൽ അഭിനന്ദിക്കുന്നതോടുകൂടി സകല ഭാവുകങ്ങളും ആശംസിക്കയും ചെയ്യുന്നു.


## ഇനാം! നിങ്ങളുടെ യോഗനില



പ്രേമം, ആരോഗ്യം, പരീക്ഷ, ജോലിക്കാര്യം, സംരക്ഷണം, ഗ്രഹങ്ങൾ, കുട്ടികൾ, കച്ചേരിക്കാര്യം, കലഹം, ബാധ ഉപദ്രവം എന്നീ വിഷയങ്ങളടങ്ങിയ നിങ്ങളുടെ 12-മാസത്തെ ജാതകഫലം വെറും സൌജന്യമായി പറയും. കൂടാതെ ഭൃഷ്യഫലങ്ങളെ അകററുന്ന ഭാഗ്യമോതിരവും കുറഞ്ഞ റേററിൽ അയയ്ക്കും. ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും എഴുതുന്ന സമയവും അറിയിക്കുക. (എഴുത്തു് ഇംഗ്ലീഷിൽ)

Prof: Anand Royal Astrologer, P. B. 61,
(MRQ)
AMRITSAR.


## ബാല പ്രബോധിക

—ഠ—

ഗ്രന്ഥകർത്താ,
ജി. ഗോവിന്ദപ്പിള്ള ബി. എ.
പ്രസാധകർ,
ഗിരിജാ പബ്ളിഷിംഗ്ഹൗസ്
തിരുവനന്തപുരം.
വി: ൧൨ അ:

നമ്മുടെ സാഹിത്യം മൂടില്ലാത്താളിപോലെ ഉപരിതലത്തിൽ പന്തലിക്കുന്നതല്ലാതെ അതിന്റെ അടിഭാഗം അസ്പഷ്ടവും ദുർബ്ബലവുമായി കിടക്കുകയാണെന്ന അപവാദം ഏറെക്കുറെ വാസ്തവമാണെന്നു സമ്മതിക്കണം. സാഹിത്യത്തിൽ കഴിവുള്ളവരെല്ലാം ഗഹനതയിലേക്കു കടന്നുപോകുന്നതുകൊണ്ടാണു ഈ ദുർവിപാകം വന്നുകൂടിയിരിക്കുന്നതും. ബാലന്മാരുടെ അഭിരുചിയെ പ്രോത്സാഹിപ്പിക്കുന്നതും അവരിൽ ഭാവനയും ദേശീയപ്രവണതയും പ്രോദ്ദീപിക്കുന്നതുമായ പാഠങ്ങൾ നമ്മുടെഭാഷയിൽ തുലോം വിരളമാണു്. പ്രതിപാദനത്തിലെന്നപോലെ പ്രസാധകത്വത്തിലും ഇതരപരിഷ്കൃതഭാഷകൾ കൈക്കൊണ്ടിട്ടുള്ള നില നമുക്കു സമീപിക്കാൻസാധിച്ചിട്ടില്ല. ശ്രീ. ജി. ഗോവിന്ദപ്പിള്ള അവർകളുടെ ബാലപ്രബോധിക ബാലസാഹിത്യത്തിനു ലഭിച്ച ഒരു പുതിയ സംഭാവനയായിട്ടുണ്ടു്. വിദ്യാർത്ഥികളുടെ സ്വഭാവസംസ്കാരത്തിനു മഹാന്മാരുടെ ജീവിതമാതൃകകളെ യഥാസന്ദർഭം വിവരിച്ചു ബോധപ്പെടുത്തിയും, ഗൃഹവൃത്തി, പൗരജീവിതം, ആത്മരക്ഷ, സ്വാതന്ത്ര്യംതുടങ്ങി ഭാവിജീവിതപരിപാടികൾക്കു മാർഗ്ഗംകുറിക്കുന്ന പാഠങ്ങൾ ഉൾപ്പെടുത്തിയും ഈ ഗ്രന്ഥത്തെ അദ്ദേഹം സാഫല്യപൂർണ്ണമാക്കുന്നു. പ്രാചീനലോകത്തിലെ അത്ഭുതങ്ങളെ വിവരിച്ചു അവരുടെ കഥാശ്രവണത്തിലുള്ള കൗതുകത്തെ നേർവഴിക്കു നയിക്കയുംചെയ്യുന്നു. താജ്മഹൽ ഖണ്ഡികയിൽ വിദ്യാർത്ഥികൾക്കെന്ന ചിന്തവിട്ടു അദ്ദേഹത്തിന്റെ ഭാഷാശൈലി അസ്ഥാനത്തിലെങ്ങും അല്പം അനുഗമിച്ചുപോകുന്നതായി കാണാം. പ്രായേണ ലളിതവും പ്രസന്നവുമാണു് ഇതിലെ ഭാഷാരീതി. ഭാരതത്തെപ്പററിയുള്ള അഭിമാനബോധം ഉദ്ദീപിപ്പിക്കുക ഈ ഗ്രന്ഥത്തിന്റെ മറെറാരു വിശിഷ്ടതയാണു്. — സി. എം. പി.

—ഠ—

## സ്വതന്ത്രഹിന്ദീ ബോധിനി

—ഠ—

എൻ. ഈ. വിശ്വനാഥയ്യർ, ബി. ഒ. എൽ;
സാഹിത്യരത്നം,
ശ്രീനാരായണകാളേജ്, കൊല്ലം.
പേജ് ൧൨൮. വില ൧൨ ണ.

ഇന്നു രാഷ്ട്രഭാഷയായി ഹിന്ദി പഠിക്കേണ്ട ആവശ്യത്തെപ്പററി പ്രസ്താവിക്കേണ്ടതായിട്ടില്ല. പട്ടണങ്ങളിൽ ധാരാളം ഹിന്ദീവിദ്യാലയങ്ങളുണ്ടെങ്കിലും ചെന്നു പഠിക്കാൻ സൌകര്യമില്ലാത്തവർ വളരെയധികം കാണും. നാട്ടിൻപുറങ്ങളിലുമങ്ങനെതന്നെ. ഇമ്മാതിരിയുള്ളവരെ ഉദ്ദേശിച്ചു ശ്രീ. വിശ്വനാഥയ്യർ എഴുതിയിട്ടുള്ള സ്വതന്ത്രഹിന്ദീബോധിനി വളരെ പ്രയോജനകരമാണു്. ദൈനംദിനജീവിതത്തിൽ വരാവുന്ന പദങ്ങൾ മിക്കവയും വാക്യങ്ങളായും സംഭാഷണമായും ചേർത്തിട്ടുള്ളതു ഹിന്ദിയുടെ പ്രായോഗികപരിജ്ഞാനത്തിനു ഉപകരിക്കും. മലയാളത്തിലുച്ചാരണം നൽകിയതു് ഏററവും നന്നായിട്ടുണ്ടു്. എഴുത്തുകളുടെ മാതൃകകൾ, അഭ്യാസങ്ങളുടെ ഉത്തരങ്ങൾ, പ്രധാനപ്പെട്ട ൪൦൦ ഓളം പദങ്ങളുടെ അർത്ഥം എന്നിവ അനുബന്ധമായി ചേർത്തിട്ടുള്ളതും വളരെ പ്രയോജനകരമാണു്.

—ഠ—





അഭിമാനംകൊള്ളാവുന്ന
പ്രവർത്തനം

ഒരു കൃഷീവലൻ വിശേഷിച്ചും നവീനയന്ത്രോപകരണങ്ങൾ ഉള്ളപ്പോൾ അവന്റെ തൊഴിലിൽ അഭിമാനിക്കുന്നു. ഒരു നല്ല ഇനം വാച്ചും, അഭിമാനംകൊള്ളാവുന്ന സേവനമനുഷ്ഠിക്കുന്നു. ഒരു വെസ്റ്റ് എൻറ് വാച്ച്, അതിന്റെ നിർമ്മാണത്തിൽ ഞങ്ങൾ അഭിമാനിക്കുന്നതുപോലെ നിങ്ങൾ അണിയുന്നതിലും അഭിമാനിക്കുന്നു. ഞങ്ങളുടെ സ്ഥാപനം മുക്കാൽശതാബ്ദത്തിനുമേലായി ഇൻഡ്യയിൽ സ്ഥാപിക്കപ്പെട്ടതാണെങ്കിലും നവീനപരിഷ്കാരങ്ങൾക്കു് അനുയോജ്യമായി പ്രവർത്തിച്ചുവരുന്നു. ഞങ്ങൾ വില്ക്കുന്ന ഓരോ വാച്ചും മുടക്കുന്നപണത്തിനു് ശരിയായ പ്രതിഫലം നൽകുകയും കാര്യകൌശലവിശുദ്ധത ഡിസൈൻ എന്നിവയിൽ മെച്ചവുമാണു്. വിശ്വസനീയത, ആകർഷണീയത എന്നിവ "വെസ്റ്റ് എൻറ്" എന്ന പേരിന്റെ പര്യായങ്ങളാണു്.



സെക്കൻറ്സ് മോഡേൺ
നിക്കൽസിൽവർ—
　　പോററൻ്റ് സ്റ്റീൽബാക്ക് രൂ: 97/-
റോൾഡ് ഗോൾഡ്—
　　20 മൈക്രോൺസ് രൂ: 135/-

വെസ്റ്റ് എൻറ് വാച്ചുകമ്പനി, ബാംബെ & കല്ക്കട്ട.

WEST END WATCH CO.
BOMBAY　CALCUTTA

# ഹിന്ദുസ്ഥാനിലേയും പാകിസ്ഥാനിലേയും വ്യവസായനില

മംഗലം ചക്രപാണി

കൽക്കത്തായിലെ വ്യവസായശാലകളൊന്നും മുസ്ലീംമേഖലയിൽ പെട്ടവയല്ല. ചണം മുസ്ലീംമേഖലയിലാണുല്പാദിപ്പിക്കപ്പെടുന്നതെങ്കിലും അതു സംസ്കരിക്കുന്ന വ്യവസായശാലകളെല്ലാം കൽക്കട്ടയ്ക്കടുത്തു ഹൂഗ്ലിയുടെ തീരത്താണ്. ബംഗാളത്തെ ൩൦-കാട്ടൺമില്ലുകളിൽ ൭-മാത്രമെ മുസ്ലീംമേഖലയിലുംപ്പെട്ടുന്നുള്ളു. ഇരുമ്പും ഉരുക്കും വ്യവസായങ്ങൾ മുഴുവനും പടിഞ്ഞാറ് അമുസ്ലീംമേഖലയിലാണ് നടക്കുന്നതു്. പ്രധാനപ്പെട്ട മില്ലുകളെല്ലാംതന്നെ കൽക്കട്ടാപട്ടണത്തിനുള്ളിലും പുറത്തുമായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ചില റൈസ്മില്ലുകളും ചണപ്രസ്സുകളും പട്ടണത്തിനുവെളിയിൽ പലയിടത്തായി ചിന്നിച്ചിതറി പ്രവർത്തിച്ചുവരുന്നുണ്ടു്. ഗവമ്മെൻറു മൂലധനത്തിലും പ്രാദേശിക മൂലധനത്തിലും നടത്തിവരുന്ന റെയിൽവേവർക്ക്ഷോപ്പുകൾ, ഡോക്കയാർഡുകൾ, അച്ചടിശാലകൾ തുടങ്ങിയ പ്രധാനപ്പെട്ട പല വ്യവസായശാലകളും കൽക്കട്ടാനഗരത്തെ വ്യവസായപ്രമുഖവും, ജനബഹുലവുമാക്കുന്നുണ്ടെന്ന് സമ്മതിച്ചേതീരു. കൽക്കട്ടാ രണ്ടാംലണ്ടനായി തീരാനുള്ള സംഗതിയും അതുതന്നെ. ബ്രിട്ടീഷിന്ത്യയിലെ ജനസംഖ്യയിൽ ൨൦-ശതമാനവും അധിവസിച്ചുവരുന്ന ബംഗാളത്തിലെ ആളുകളിൽ ൩൩-ശതമാനവും വ്യവസായശാലകളിൽ പണിയെടുത്തു ജീവിച്ചുവരുന്നവരാണെന്നാണ് പ്രൊഫസർ ക്രൂപ്പ്ലൻഡ് തൻെറ "റീജിയണൽസ്കീ"മെന്ന പ്രസിദ്ധീകരണത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്.

എന്നാൽ പഞ്ചാബിൻെറ നില കുറെ വ്യത്യസ്തമാണ്. ലാഹോർ മുസ്ലീംമേഖലയിൽ പെട്ടുപോകുന്നതുകൊണ്ടു് അവിടത്തെ വ്യവസായങ്ങൾ മിക്കവാറും പകിസ്ഥാന് വിധേയമാകുന്നു. ബംഗാളത്തെ തള്ളിയിട്ടു് വ: പ: അതിർത്തി പ്രോവിൻസ്, സിൻഡ്, ബലൂചിസ്ഥാൻ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ വ്യവസായങ്ങളെ കണക്കാക്കുമ്പോൾ പകിസ്ഥാനിലെ വ്യവസായശക്തി, ഏകദേശം മനസ്സിലാകും. ഗവമ്മെൻറുവകയും പ്രാദേശിക മൂലധനത്തിലുള്ളതും അല്ലാത്തുള്ളതും ഉൾപ്പെടെ ൧൧൭-വ്യവസായശാലകൾ പകിസ്ഥാനിലുണ്ടു്. അവിടെല്ലാംകൂടി ൧൭൩൭൪-ആളുകൾ വേലചെയ്യുന്നുമുണ്ടു്. ഹിന്ദുസ്ഥാനെ അപേക്ഷിച്ചു് അതു് വളരെ മോശമാണ്, നാട്ടുരാജ്യങ്ങളെ ഒഴിച്ചുള്ള (ബ്രിട്ടീഷ് ഇന്ത്യയിൽ) ഇന്ത്യയിൽ ൧൦൪൩-വ്യവസായശാലകളും അവയിൽ പണിചെയ്യുന്നവരായി ൧൨൧൧൩൭ ആളുകളും ൧൯൪൫-നുമുൻപേ ഉണ്ടായിരുന്നതായിട്ടാണ് കണക്കാക്കിയിരിക്കുന്നതു്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളവും പകിസ്ഥാൻ വ്യാവസായികമായി വളരെ മോശമാണ്. പകിസ്ഥാനിലെ ജനസംഖ്യ നാട്ടുരാജ്യമൊഴിച്ചുള്ള ഹിന്ദുസ്ഥാനത്തിലെ ൨൩.൭ ശതമാനമാണെങ്കിലും വ്യവസായശാലകളുടെ നില ൧൩.൯ ശതമാനവും അവയിൽ പണിഎടുക്കുന്നവരുടെ തോതു് ൭.൩൩ ശതമാനവുമേയുള്ളു.

ഇന്ത്യയിലെ വ്യവസായങ്ങളിൽ ഭൂരിഭാഗം മുതൽമുടക്കിയിരിക്കുന്നതു കോട്ടൺമില്ലുകൾക്കും, ചണംമില്ലുകൾക്കും പഞ്ചസാരഫാക്ടറികൾക്കുമായിട്ടാണ്. പഞ്ഞി അധികവും ഉല്പാദിപ്പിക്കുന്നതു പഞ്ചാബിലും സിൻഡിലുമാണെങ്കിലും അതു സംസ്കരിക്കുന്നതു കിഴക്കും, നാത്തു വെസ്റ്റ്ഫ്രണ്ടിയറിനപ്പുറത്തുമുള്ള അമുസ്ലിംമേഖലകളിലാണെന്നുള്ളതു വിസ്മരിച്ചുകൂടാ. ൧൯൩൯-ലും ൧൯൪൦-ലുമായി രജിസ്റ്റർചെയ്തിട്ടുള്ള ജോയിൻറ് സ്റ്റാക്കുകമ്പനികളിൽ കോട്ടൺമില്ലുകളുടെ കൊടുത്തു തീർത്ത മൂലധനം ൩൩.൯൩-കോടി രൂപയായിരുന്നു. വിദേശങ്ങളിൽ രജിസ്റ്റർചെയ്തിട്ടുള്ളതും ഇന്ത്യയിലവകാശപ്പെട്ടതുമായ കോട്ടൺമില്ലുകളുടെ മൂലധനം ൨൧൭൭ പവൻ ആണ്. ചണംമില്ലുകൾക്കുള്ള മുടക്ക ൨൦.൪൩-കോടി രൂപയും പഞ്ചസാരമില്ലുകൾക്ക ൧൦.൯൭ കോടി രൂപയും ആണ്. മുസ്ലിംമേഖലയ്ക്കുള്ളതിൽ പങ്ക് (ഷെയറുകൾ) വളരെ ദുർലഭമാണെന്നുതന്നെ പറയാം. ഇന്ത്യയിലെ ഖനിവ്യവസായത്തിനു ദേശീയമായി ൧൯.൯൫ കോടി രൂപയും വൈദേശികമായി ൧൧൧൭൩൪൪ പവനും മൂലധനമായുണ്ടു്. ഇതിൽ മുസ്ലിംമേഖലയ്ക്കു് (പകിസ്ഥാന്) ഒരു ഷെയർപോലും ഇല്ലെന്നു തീർത്തു പറയാം.

മുകളിൽ പ്രസ്താവിച്ച ഈ കണക്കുകൾ പ്രൊഫസ്സർ ചാൾസ് എച്ച് ബീഹാറിൻെറ "വൈദേശികകാര്യങ്ങ"ളെന്ന റിപ്പോർട്ടിൽ നിന്നും എടുത്തതാണ്. അതുപോലെതന്നെ ഡാക്ടർ എം. എം. ലോറൻസോയിൽനിന്നു ഇന്ത്യയിലെ വ്യവസായവികസനത്തിൻെറ ഒരു ശരിയായ ചരിത്രം നമുക്കു സിദ്ധിക്കുന്നുണ്ടു്.

ഇന്ത്യയിലെ ഇരുമ്പും ഉരുക്കും വ്യവസായങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നതു ബംഗാളിലും ബീഹാറിലുമാണ്. അവിടങ്ങളിൽ അടുത്തുതന്നെ കല്ക്കരിഖനികളും ഇരുമ്പുഖനികളും ധാരാളമായിട്ടുണ്ടു്. ജംഷഡ്പൂർ, കാട്ടി, ബൺപൂർ, മനോഹർപൂർ, മുതലായ സ്ഥലങ്ങൾ ഇരുമ്പു കല്ക്കരിഖനികൾക്കു പ്രസിദ്ധങ്ങളാണ്—കാലാവസ്ഥയുടെ ആനുകൂല്യംകൊണ്ടു പഞ്ഞിവ്യവസായത്തിനു ബോംബെ പ്രസിഡൻസിക്കുള്ള കഴിവു വിപുലമാണെന്നു സമ്മതിക്കണം. ഷോലാപ്പൂർ, ഹുബ്ളി, അഹമ്മദബാദു മുതലായ സ്ഥലങ്ങൾ പഞ്ഞിയുല്പാദനത്തിനു വളരെ അനുകൂലപ്പെട്ടവയായതുകൊണ്ടാണു ബോംബേയ്ക്കു ടെക്സ്റ്റയിൽ പ്രവർത്തനത്തിനു് എന്തെന്നില്ലാത്ത സൌകര്യം സിദ്ധിച്ചിട്ടുള്ളതു്. ചണവ്യവസായശാലകൾ ബംഗാളത്തു കൽക്കത്തായെ കേന്ദ്രീകരിച്ചിരിക്കുന്നതുപോലെയാണ് പഞ്ചസാര ഫാക്ടറികൾ കരിമ്പു സമൃദ്ധിയായ് വിളയുന്ന യൂ. പിയിലും ബീഹാറിലും. കടലാസ്സു മില്ലുകൾ പ്രധാനമായും ബോംബെയിലും, ബംഗാളത്തും, യൂ. പി-യിലുമാണ്. തുകൽ അധികവും യൂ. പി-യിലും, മദ്രാസിലും. ചുണ്ണാമ്പുകല്ല്, ജിപ്സ്, ചെളി മുതലായവ സമൃദ്ധിയായി കിട്ടുന്ന മദ്ധ്യദക്ഷിണയിന്ത്യൻ പീഠഭൂമികളിലാണ സിമൻറു ഫാക്ടറികളെല്ലാം തന്നെയും. ഗംഗാസമതലത്തിൻെറ മുകൾമദ്ധ്യഭാഗങ്ങളിലാണ കണ്ണാടിവ്യവസായശാലകൾ ഏറിയകൂറും.

വെള്ളക്കാരനായ ഡാക്ടർ എം. എം. ലോറൻസിൻെറ "ആററ്ലസ്സ്ഓഫ് ഇന്ത്യാ" യിൽനിന്നുദ്ധരിച്ച ലഘുവായ ആ കണക്കിൽനിന്നു പകിസ്ഥാൻേറയും ഹിന്ദുസ്ഥാൻേറയും സാമാന്യമായ ഒരു വ്യവസായനില നമുക്കു മനസ്സിലാകുന്നുണ്ടല്ലോ. പകിസ്ഥാൻ ഒരുപ്രകാരത്തിലും വ്യാവസായികമായി കിടനില്ക്കുവാൻ പോകുന്നില്ല. ഹിന്ദുസ്ഥാനോട്, വ്യവസായപുരോഗതിക്കു പകിസ്ഥാൻെറ പങ്കാളിത്തം ഇന്ത്യയ്ക്കാട്ടവേണ്ടാതാനും. സ്വന്തം കാലിൽ നില്ക്കുവാൻ പകിസ്ഥാനേക്കാളും ഇന്ത്യയ്ക്കു കഴിവുമുണ്ടു്. എന്നിട്ടും പകിസ്ഥാൻെറ ഏതു ദുന്നടപടികളേയും ഇന്ത്യ സഹിക്കുകയാണ ചെയ്യുന്നതു്. രാഷ്ട്രപിതാവായ മഹാത്മജിയിൽ ഇന്ത്യയ്ക്കുള്ള നിഷ്കളങ്കഭക്തിബഹുമാനങ്ങളാണ് ആ സഹനത്തിനു നിദാനം—പക്ഷേ ഇന്ത്യയുടെ ആ സഹനമനോഭാവത്തിൻെറ പശ്ചാത്തലം കണ്ടുപിടിക്കാനുള്ള പകിസ്ഥാൻെറ വൈമ്പൽ എന്തു പ്രത്യാഘാതമാണുണ്ടാക്കുവാൻപോകുന്നതെന്നു കണ്ടുതന്നെ അറിയണം.

—o—

# കാലിപാതം

പി. ഡി. കരുണാകരൻ, ഗവ: ആഗ്രിക്കൾച്ചറൽ കെമിസ്റ്റ്, മദ്രാസ്

മദ്രാസ്പ്രവിശ്യയിലെ സീഡഡ്ജില്ലകളുടേയും, നെല്ലൂർജില്ലയുടേയും ചില ഭാഗങ്ങളിൽ, മനുഷ്യരേയും മൃഗങ്ങളേയും ഒരുപോലെ ബാധിക്കുന്ന ഒരു പ്രത്യേകജാതി ദീനമുണ്ടു്. തെലുങ്കിൽ വായുപൊട്ടലു് എന്നും വായുനോപ്പുള എന്നും പറയുന്ന ഈ രോഗത്തിനു ബാഹ്യമായി ഒരു ജാതിവാതത്തിൻെറ ലക്ഷണമാണുള്ളതു്. സന്ധികൾ വഴങ്ങാത്തതുനിമിത്തം നടക്കുവാൻ ബുദ്ധിമുട്ടു ഉണ്ടാകുകയും വാതം പിടിപെട്ടാലെന്നപോലെ വേദനതോന്നുകയുമാണു രോഗലക്ഷണം. മനുഷ്യരുടെ പല്ലിൽ പലവർണ്ണത്തിലുള്ള പുള്ളി ഉണ്ടാകുമ്പോൾ, കാലികളുടെ കുളമ്പു് വളരുന്നു എന്നതും രോഗചിഹ്നമാണ്. (കാലികളുടെ കുളമ്പു വളന്നിട്ടുള്ളതിനു് ൧-ാംനമ്പർ ചിത്രം കാണുക)

ഗിണ്ടിയിലെ കിംഗ് ഇൻസ്റ്റിട്യൂട്ടിലെ പ്രവർത്തകന്മാർ നെല്ലൂർജില്ലയിൽ ചെയ്ത ശ്രമങ്ങളുടെ ഫലമായി മനുഷ്യരിൽ ഈ രോഗം ഉണ്ടാകുവാൻ കാരണം ഫ്ളൂറൈൻ ആണെന്നു തെളിഞ്ഞിട്ടുണ്ടു്. ഇതിൻെറ പ്രതിവിധിയായി വിററമിൻ സി. ഉപയോഗിക്കുവാൻ അവർ നിർദ്ദേശിക്കുകയുംചെയ്തിരിക്കുന്നു.

കോയമ്പത്തൂരിലെ ആഗ്രിക്കൾച്ചറൽ കെമിസ്റ്റിൻെറ സ്റ്റാഫംഗങ്ങൾ, നെല്ലൂരിലും കർണ്ണൂലിലും സമീപമുള്ള ജില്ലകളിലും നടത്തിയ പ്രവർത്തനഫലമായി, കാലികൾക്കു് പ്രസ്തുത രോഗം വരുന്നതു് ചുവടെ പറയുന്ന കാരണങ്ങളാലാണെന്നു മനസ്സിലാക്കുവാൻകഴിഞ്ഞിട്ടുണ്ടു്. (൧) ആ പ്രദേശത്തുള്ള വെള്ളത്തിലും ചെടികളിലും, മണ്ണിലും, പാറയിലും ഫ്ളൂറയിൽ അധികമുണ്ടായിരിക്കുക (൨) ആ പ്രദേശത്തുള്ള മേച്ചിൽപുല്ലുകളിലും മററു് ആഹാരസാധനങ്ങളിലും ഫോസ്ഫറസ് കുറവായിരിക്കുക, ഫ്ളൂറൈൻ കൃത്രിമമായി നൽകിയപ്പോഴും കാൽസിയവും, ഫോസ്ഫറസും കുറവായിരുന്നപ്പോഴും ഈ രോഗം ഉണ്ടായതിൽനിന്നു് മേൽപറഞ്ഞ കാരണങ്ങൾ ശരിയാണെന്നു തെളിഞ്ഞിട്ടുണ്ടു്. കാലികളുടെ ആഹാരസാധനത്തിൽ കുറവുള്ള മിനറൽസ്, ആവികൊള്ളിച്ച എല്ലുപൊടി ആഹാരത്തിൽക്കൂടെനൽകുന്നപക്ഷം അവയ്ക്കുലഭിക്കുന്നതാണ്. കാലികളുടെ ഈ രോഗം ഭേദപ്പെടുത്തുന്നതിനു് എല്ലുപൊടിക്കുള്ള കഴിവു് നൽഡിയാൽഫാറത്തിൽവച്ചു് നടത്തിയ പരീക്ഷണങ്ങൾകൊണ്ടു് ആ പ്രദേശത്തുള്ളവരെ ബോധ്യപ്പെടുത്തിക്കൊടുത്തിട്ടുണ്ടു്. ഈ ദീനം പിടിച്ച കാലികൾക്കു് പത്താഴ്ച തുടർച്ചയായി ദിവസവും മൂന്നൗൺസ് എല്ലുപൊടിവീതം നൽകിയപ്പോൾ, അവയുടെ മുടന്തും വേദനയും നിശ്ശേഷം നീങ്ങിപ്പോയി.

അതുകൊണ്ടു് കർണ്ണൂൽ, അനന്തപ്പൂർ, നെല്ലൂർ എന്നീ ജില്ലകളിലെ എൺപതോളം ഗ്രാമങ്ങളിലുള്ള രോഗംബാധിച്ച കാലികൾക്കു് അവയുടെ ആഹാരത്തിലുള്ള മിനറൽസിൻെറ കുറവു് പരിഹരിക്കുന്നതിനായി മൂന്നൗൺസ്വീതം എല്ലുപൊടി കൊടുക്കേണ്ടതാണെന്നു നിർദ്ദേശിച്ചിരിക്കുന്നു.

രോഗത്തിൻെറ പ്രാരംഭദശയിൽ, മുടന്തുമാത്രം രോഗലക്ഷണമായി കാണുമ്പോൾ ചെയ്യേണ്ട പ്രതിവിധിയാണ് മുകളിൽ പറഞ്ഞതു്. എന്നാൽ രണ്ടാമത്തെ ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ രോഗം വദ്ധിച്ചു് ആയതു് എല്ലിൻെറ വളച്ചയെ ബാധിച്ചിരിക്കുന്ന ഘട്ടത്തിൽ, മുൻപറഞ്ഞ പ്രതിവിധി രോഗശമനത്തിനു പയ്യാപ്തമാകയില്ല. ഒരു പക്ഷെ, മുടന്തിനു ശമനം ഉണ്ടായെന്നു വരാം.

അതിനാൽ, രോഗം ചികിത്സിച്ചു ഭേദമാക്കുവാൻ തുനിയുന്നതിൽഭേദം വരാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണ്. ഫ്ളൂറോയിൻ അധികമാകുന്നതും ഫാസ്ഫറസ് കുറഞ്ഞുപോകുന്നതുംആണല്ലോ രോഗകാരണം. അതിനാൽ, ഫ്ളൂറോയിൻ അധികമുള്ള ജലമാർഗ്ഗങ്ങളിൽനിന്നു് അതു നിഷ്ക്രമിപ്പിച്ചു കളയുകയും കാലികളുടെ ആഹാരത്തിലും അവയ്ക്കു കുടിക്കാനുള്ള വെള്ളത്തിലും ഫോസ്ഫറസ്സിൻെറ അംശം കൂടുതലുണ്ടായിരിക്കുവാൻ ശ്രദ്ധിക്കുകയുംവേണം. പുതിയ ചുണ്ണാമ്പു കലക്കി വെള്ളത്തിൽ ഒഴിച്ചാൽ ഫ്ളൂറൈൻ പോയിക്കിട്ടുമെന്നു കോയമ്പത്തൂർ നടത്തിയ അന്വേഷണങ്ങളിൽനിന്നു ബോദ്ധ്യമായി. ഒരു ഗ്യാലൻ കുടിക്കാനുള്ള വെള്ളത്തിനു ൩൦ ഗ്രെയിൻ സി. ഏ. ഓ മതിയാകുമെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. കിണററിൽ ഇങ്ങനെ ഇടുന്നതുകൊണ്ടു വിശേഷമില്ല. എന്തെന്നാൽ പാറക്കെട്ടിൽനിന്നുംമാറം ഫ്ളൂറൈൻ അടങ്ങിയിട്ടുള്ള പുതുജലം വന്നുകൊണ്ടേ ഇരിക്കും. അതിനാൽ വെള്ളം തലേദിവസംതന്നെ കോരിവച്ചു്, മേൽപ്രകാരം ചുണ്ണാമ്പു ചേത്തു് വയ്ക്കണമെന്നും, അടുത്തദിവസം കുടിക്കാനായി ഈ വെള്ളം ഉപയോഗിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇതുമൂലം വയററിൽ അകപ്പെടുന്ന ഫ്ളൂറൈൻെറ അളവു് ഗണ്യമായി കുറയുന്നതും രോഗനിവാരണം ഗണ്യമായി സാധിക്കുന്നതും ആകുന്നു.

ഫോസ്ഫാസിൻെറ കുറവു നികത്തുവാൻ മേച്ചിൽസ്ഥലങ്ങളിൽ കൂടെക്കൂടെ ഫോസ്ഫറസ് ഉള്ള വളങ്ങൾ ഉപയോഗിക്കുന്നതു് സഹായകമായിരിക്കും.

മേൽചേത്ത രണ്ടുമാർഗ്ഗങ്ങളും സ്വീകരിക്കുന്നതുകൊണ്ടു് രോഗങ്ങൾ ഉണ്ടാകുന്നതിനെ തടയാൻ കഴിയും. ഉള്ളരോഗം ശമിക്കുന്നതിനു് ദിവസവും മൂന്നൗൺസ്വീതം എല്ലുപൊടി ആഹാരത്തിൽ ചേത്തുകൊടുക്കുകയും വേണം.

—o—



ചിത്രം ൧



ചിത്രം ൨




Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.